Reg No· M· 453· T. 41.

License No· 33· Dated 18th June 1926.

# ഭാഷാപോഷിണി

## ചിത്രമാസിക

"വിദ്യാധനം സർവ്വധനാൽ പ്രധാനം"





"ആദ്യസന്താനത്തെ മാറോടണച്ചു കൊ-
ണ്ടാത്മനാഥാന്തികെ ചെന്നുനിന്നാളവൾ.
അമ്മതൻനെഞ്ചിൽ നിസ്സ്വാർത്ഥതപസ്സിന്റെ
യാദ്യപാഠത്തെക്കുറിക്കും വിരൽകളിൽ
വിണ്ണിന്റെ താക്കോൽ മുറുകെപ്പിടിച്ചല്ലീ
വന്നിരിക്കുന്നതവർതൻ കിടാവഹോ!"

Price As 2. } THE BHASHAPOSHINI ILLUSTRATED MONTHLY. { വില 2 ണ.

VOL 44. } THIRUVALLA-MAKARAM 1115. { NO. 6.

OFFICE:—
THE BHAGYODAYAM PRESS
BUILDINGS, PULIKEEZH.



# വിഷയവിവരം.


| | | പേജ്. |
|---|---|---|
| ൧. | കേരളഗാനം (കവിത) വെണ്ണിക്കുളം | ൩ |
| ൨. | തിരുവിതാംകൂറിലെ ചുവർ ചിത്രങ്ങൾ—കെ. പി. പത്മനാഭൻതമ്പി ബി. ഏ. | ൪ |
| ൩. | വൃശ്ചികവർഷം (കവിത) എം. എസ്സ്. കുമാരൻനായർ, ബി. ഏ. എൽ. ററി. | ൮ |
| ൪. | കളഞ്ഞുകിട്ടിയ ഡയറി (ചെറുകഥ) കെ. എൻ. ദത്ത്. | ൯ |
| ൫. | കൈരളിയുടെ നിയമശാസ്ത്രം—വിദ്വാൻ, വി. കൃഷ്ണൻ നമ്പൂതിരി എം. ആർ. എ. എസ്സ്. | ൧൨ |
| ൬. | നിർവ്വാണരംഗം (കവിത) കോട്ടൂർ നാരായണപിള്ള ബി. ഏ. | ൧൩ |
| ൭. | നവവത്സരം | ൧൪ |
| ൮. | അണിയറയിൽ (ഉപഗുപ്തൻ) | ൧൫ |
| ൯. | പഞ്ചേന്ദ്രിയങ്ങളും ജ്യോതിശാസ്ത്രതത്വങ്ങളും—പി. ആനന്ദൻ, പാറപ്പാടി. | ൧൬ |
| ൧൦. | വനകന്യകയുടെ കി... (കവിത) കിളിമാനൂർ എൻ. കേശവൻ | ൧൮ |
| ൧൧. | ശോകാന്ത...—എൽ. സി. ഐസക്ക്. ബി ഏ. ബി. എൽ. | ൧൯ |
| ൧൨. | ...ഷ്ണൻ സേവിച്ച മദ്യം—വിദ്വാൻ, ഏ. എൻ. പണിക്കർ | ൨൦ |
| ൧൩. | മഹായുദ്ധവും ഈശ്വരശക്തിയും—ശാസ്ത്രിമഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠനുണ്ണി | ൨൧ |
| ൧൪. | യാചകവേഷങ്ങൾ (കവിത) വിദ്വാൻ, എം. കെ. കൊച്ചുകുഞ്ഞുവൈദ്യൻ | ൨൨ |
| ൧൫. | രാജാധിപത്യത്തിന്റെ മാധുര്യം—എൻ കൊച്ചുകുഞ്ഞുപണിക്കർ, വള്ളംകുളം | ൨൩ |
| ൧൬. | കവിയുടെ ശോകം (കവിത) വിദ്വാൻ, ടി. സി. ... | ൨൪ |
| ൧൭. | അവളുടെ അവസാനകടാ (ചെറുകഥ) കെ. ജി. | ൨൫ |
| ൧൮. | ഗ്രന്ഥവിഹാരം. | ൨൬ |
| ൧൯. | പുഞ്ചിരി—വിനോദശകലങ്ങൾ | ൨൬ |
| ൨൦. | പരസ്യങ്ങൾ. | |


കുറിപ്പ്:—21-ാം പേജിന്റെ അവസാനത്തിൽ കാണുന്ന വര അവിടെ ആവശ്യമുള്ളതല്ല. ആ പേജിലുള്ള ലേഖനത്തിന്റെ ശേഷം ഭാഗം അടുത്ത പേജിൽ തുടന്നു വായിക്കേണ്ടതാണ്.


## രണ്ടു കഥകൾ

അടുത്ത ലക്കത്തിൽ വായിക്കുക.

വായനക്കാരുടെ വികാരങ്ങളെ തട്ടിയുണത്തുന്ന രണ്ടു മികച്ച കഥകൾ.

**"ജനറൽ മെർച്ചൻറ്"**-പൊൻകുന്നം വി. ഏ. വക്കി.

**"കേശിനി"**-വക്കീൽ കെ. എൻ. കേശവൻ.

## പ്രസാധകന്മാർ ഭയപ്പെടേണ്ടാ.

കടലാസിനു വില കൂടിയതുകൊണ്ടു ഭയന്നു ഗ്രന്ഥകാരന്മാരും പ്രസാധകന്മാരും തങ്ങളുടെ പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതിൽ വിമുഖരാകേണ്ടതില്ല. ഞങ്ങൾ അച്ചടിക്കൂലിയിൽ വരുത്തിയിരിക്കുന്ന കാര്യമായ കുറവ്, കടലാസിന്റെ വിലക്കൂടുതൽ കൊണ്ടു നിങ്ങൾക്കുള്ള നഷ്ടം പരിഹരിക്കാൻ പര്യാപ്തമാണ്. വിസിററിംഗ് കാർഡു മുതൽ പത്രങ്ങൾ വരെയുള്ള എല്ലാ അച്ചടിവേലകളും ഭംഗിയായി ചെയ്യുന്നു.

മാനേജർ, ഭാഗ്യോദയം പ്രസ്സ്,
പുളിക്കീഴ്—തിരുവല്ലാ.

# ഭാഷാപോഷിണി

## ചിത്രമാസിക.

ഭാഷാദോഷമശേഷമീഷലകലെപ്പേഷിക്കവാൻ ശേഷിയും-ഭേഷാകും ധിഷണാവിശേഷവുമെഴും ദോഷജ്ഞഭൂഷായിതാ
ഏഷാതോഷദവേഷഭാഷണചണാ സോൽകർഷപോഷം ചിരം-''ഭാഷാപോഷിണി'' ശേഷശായികരുണോന്മേഷാൽ വിളങ്ങീടണം.

പുസ്തകം 44. | 1115 മകരം. | ലക്കം 6.


## കേരളഗാനം.

(മണികാഞ്ചി)

### വെണ്ണിക്കളം.

ജലദലസദംബരേ, നീലരത്നാകരേ,
ജയജയ വസുന്ധരേ; സർവ്വചേതോഹരേ!
ഭൃഗുതനയബാലികേ, ഭൂലോകമാലികേ,
ഭഗവതി, തൊഴാം, തൊഴാം,മംബികേ! നിൻപദം:
പ്രകൃതിരമണീയതേ, ഞങ്ങൾ തന്നമ്മയാം
സുകൃതിനിയെയെത്രയ്ക്കനുഗ്രഹിച്ചീല നീ?
മഴ മുകിലലലിച്ചലിച്ചിങ്ങു പെയ്യിക്കവേ,
പഴയ പടി പിന്നെയും കാർമേഘമാക്കവേ,
മലയുമലയാഴിയും മത്സരിക്കുന്നു, നിൻ
മധുരതനുകാന്തിക്കു മാററു കൂട്ടീടുവാൻ.
ജലദലസദംബരേ, നീലരത്നാകരേ,
ജയജയവസുന്ധരേ, സർവ്വചേതോഹരേ!
മതികവരുമാനീല വിണ്ണിൽ പലേടവും
ചിതറി വിളയാടുന്ന കാളാംബുദാളി പോൽ,
മദഗജസഹസ്രങ്ങൾ കൂത്തടിപ്പൂ മുദാ
മരതകമനോജ്ഞമാം സഹ്യാദ്രിസാനുവിൽ.
വിപിനതരുരാജിയും വല്ലീശതങ്ങളും
കൃപയൊടരുളീടുന്ന നാനാ സുമങ്ങളെ
അഴകിലണിയുന്നോരു കുന്നിൻ കുമാരിമാ-
രനവധി പുളച്ചാർത്തു പായുന്ന ചോലകൾ
ജലദലസദംബരേ, നീലരത്നാകരേ,
ജയജയ വസുന്ധരേ, സർവ്വചേതോഹരേ!
പുരുസുഖദമാലേയവാതം തലോടിടും
പുഴകളി, ലനാരതം, പൂന്തടാകങ്ങളിൽ,
പരിചിനൊടു കേരദ്രുമാളി ബിംബിപ്പുതേ
വരുണനഗരത്തിനും കാന്തി ചാർത്തും വിധം.
നിരവധികഭാവുകം തൂവുന്ന പത്മതൻ
പരിമൃദുലസാരിയാം പച്ചനെൽപ്പാടവും,
പരമരമണീയമാം രംഭാകദംബവും
കുരുമുളകു വള്ളിതൻ പൂങ്കാവനങ്ങളും,
ഹരിതമണി തിങ്ങുന്ന മാകന്ദവൃന്ദവും;—
ഹരിഹരി! മനോജ്ഞം, മഹാർഷം, തവാലയം!
ജലദലസദംബരേ, നീലരത്നാകരേ,
ജയജയ വസുന്ധരേ, സർവ്വചേതോഹരേ!


FOR GOOD PRINTING THE BHAGYODAYAM PRESS IS THE BEST.

# തിരുവിതാംകൂറിലെ ചുവർചിത്രങ്ങൾ.

## അലോകകലാസാമ്രാജ്യത്തിന്റെ സംസ്ഥാപനം.

(കെ. പി. പത്മനാഭൻതമ്പി ബി. ഏ. തിരുവനന്തപുരം.)

(സുകുമാരകലകളിൽ, പ്രത്യേകിച്ചും ചിത്രകലയിൽ പ്രശംസാർഹമായ അവബോധവും പ്രണയവുമുള്ള ചുരുക്കം ചില മലയാളികളിൽ പരിഗണനീയനാണ് ഈ ലേഖനകർത്താവായ മി: പത്മനാഭൻ തമ്പി. തിരുവിതാംകൂറിന്റെ പ്രശസ്തിയെവർദ്ധിപ്പിക്കുന്നതിൽ, ഇദ്ദേഹത്തിന്റെ പലകൃതികളും ഉപോൽബലകമായിത്തീർന്നിട്ടുണ്ടെന്നുള്ളതു് അഭിമാനത്തോടും കൃതജ്ഞതയോടുംകൂടിനാം സ്മരിക്കേണ്ടതാണ്. ശ്രീചിത്രാലയം, തിരുവിതാംകൂറിലെ പ്രകൃതിമോഹനരംഗങ്ങൾ, പുണ്യക്ഷേത്രങ്ങളുടെ നികേതനമായ തിരുവിതാംകൂർ, മുതലായി അദ്ദേഹം എഴുതിയിട്ടുള്ള ഇംഗ്ലീഷ് ഗ്രന്ഥങ്ങളും ലേഖനങ്ങളും, വൈദേശികപര്യടനകുതുകികളുടെയും, കലാപ്രബുദ്ധരുടെയും സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭൂതമായിട്ടുണ്ട്. അനാഗതശ്മശ്രുവായ ഈ അനുഗൃഹീത കലാബന്ധു, 'ചിത്രമെഴുത്തു രവിവർമ്മ കോയിത്തമ്പുരാനെയും, തത്വനിർഭരങ്ങളായ ചിത്രരചനയിൽ അപ്രതിമനായ 'നിക്കോളാസ് റോറിക്കി'നെയും വിഷയമാക്കിഇംഗ്ലീസിൽമൂന്നുഗ്രന്ഥങ്ങൾഎഴുതി. തന്മൂലംസമവയസ്കർ അസൂയപ്പെടേണ്ടപ്രസിദ്ധിയെ സമ്പാദിച്ചിരിക്കുന്നു. 'എം. ഏ. പരമുപിള്ള' എന്നു പ്രസിദ്ധനായിരുന്ന യശ്ശ:ശരീരനായ മി: കെ. പരമുപിള്ളയുടെ പുത്രനായ മി: തമ്പിയുടെ ഈ ലേഖനം, മാതൃഭാഷയിലും അദ്ദേഹത്തിനുള്ള പ്രേമത്തെയും അവഗാഹത്തെയും പ്രകടമാക്കുന്നുണ്ട്. പോഷിണീവായനക്കാർക്ക് ഈ ലേഖനം വിജ്ഞേയവും രസകരവുമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.)

—പത്രാധിപർ

പുരാതനകേരളീയർ ചിത്രമെഴുത്ത്, ശില്പതക്ഷണം, മുതലായ സുകുമാരകലകളിൽ അത്യുൽകൃഷ്ടമായ ഒരു സ്ഥാനം സമ്പാദിച്ചിരുന്നു. പ്രതിമാനിർമ്മാണവും, ചിത്രലേഖനവും; ഇന്ത്യയിലെ ഇതരഖണ്ഡങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പ്രചുരപ്രചാരത്തിലിരുന്നിരുന്നു. കേരളീയരുടെ കലാകുശലതയുടെ നിത്യസ്മാരകങ്ങൾ ക്ഷേത്രങ്ങളുടേയും കൊട്ടാരങ്ങളുടേയും ഭിത്തികളിൽ ഇന്നും അവശേഷിച്ചിട്ടുണ്ട്. എന്നാൽ അടുത്തകാലത്ത് കലാപരമായി കേരളത്തിലും വിശേഷിച്ച് തിരുവിതാംകൂറിലും ഉണ്ടായിട്ടുള്ള "നവാഭ്യുത്ഥാന"ത്തിനും, ശ്രീചിത്രാലയം, രംഗവിലാസം എന്നീ കലാലയങ്ങളുടെ ആവിർഭാവത്തിനും ശേഷം മാത്രമേ കേരളീയർ ആർജ്ജിച്ചിരുന്ന കലാസമ്പത്തിന്റെ മഹത്വം ലോകം അറിയുവാൻ തുടങ്ങിയിട്ടുള്ളു.

൧൯൩൫ സെപ്റ്റംബർ ൨൫-ാം തീയതി ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഉൽഘാടനം ചെയ്ത "ശ്രീചിത്രാലയം" ചിത്രകലയുടെ നിർഗ്ഗളസൗന്ദര്യം ആസ്വദിക്കാനും സത്യസൗന്ദര്യങ്ങൾ നിറഞ്ഞു തുളുമ്പുന്ന ഒരു ദിവ്യലോകത്തേക്കു് പ്രേക്ഷകരെ ഉന്നയിക്കുന്നതിനും തികച്ചും പര്യാപ്തങ്ങളാണു്.



മി: കെ. പി. പത്മനാഭൻതമ്പി

ഈ മഹത്തായ കലാസ്ഥാപനം കേവലസൗന്ദര്യത്തെ സാക്ഷാത്കരിക്കുന്നതിനും പരിപാവനമായ ആത്മാവിന്റെ അചഞ്ചലവും അനശ്വരവുമായ സത്തിനെ ഗ്രഹിക്കുന്നതിനും കലാവബോധമുള്ളയാളുകളെ സഹായിക്കുന്നു. പൗരാണിക ഈജിപ്തിലെ ചിന്തകന്മാർ കലാകാരന്മാരെ "ഉദ്ബോധകന്മാർ" എന്നാണ്രേ സംബോധന ചെയ്തുപോന്നതു്. ഇതിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ശ്രീചിത്രാലയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള അമൂല്യങ്ങളായ ചിത്രങ്ങൾ വെളിപ്പെടുത്തുന്നു. ശ്രീചിത്രാലയത്തിന്റെ പരമവും പ്രധാനവുമായ ഉദ്ദേശ്യം കലാപ്രണയികൾക്കു സൗകുമാര്യത്തെ വീക്ഷിക്കുന്നതിനും അതിൽകൂടി പരമാത്മസ്വരൂപന്റെ ചൈതന്യം ബോധപ്പെടുന്നതിനും, സഹായമാക്കുകയെന്നതാണ്. മഹാചിന്തകനായ പ്ലേറ്റോ ഒരവസരത്തിൽ പറയുകയുണ്ടായി:—"സൗന്ദര്യത്തെപ്പററി ചിന്തിക്കുക എന്നതു തന്നെ നമ്മെ സംസ്കാരമതികളാക്കിത്തീർക്കുന്നു."

ശ്രീചിത്രാലയത്തിൽ ഡാക്ടർ കസിൻസിന്റെ അതിവിദഗ്ദ്ധമായ മേൽനോട്ടത്തിൽ സംവിധാനം ചെയ്തിട്ടുള്ള തിരുവിതാംകൂറിലെ ചുവർചിത്രങ്ങൾ പ്രേക്ഷകരുടെ ശ്രദ്ധയെ പ്രത്യേകമാകർഷിക്കുന്നവയാണ്. മതപരമായ ആശയങ്ങളുടെ ആവിഷ്ക്കരണമാണ് ഈ ചിത്രങ്ങളിൽ പ്രകടമാകുന്നതെങ്കിലും, കേരളീയ സംസ്ക്കാരത്തിന്റെയും, ചരിത്രത്തിന്റെയും; കലയുടേയും അത്യുൽകൃഷ്ടനിദർശനങ്ങളായി അവ വളരെക്കാലം ശേഷിക്കുകതന്നെ ചെയ്യും. ബുദ്ധമത ചിത്രകലയുടെ പ്രേരണാശക്തി, ഈ ചിത്രങ്ങളിൽ ദൃശ്യമാണ്. അവ കേരളകലയെ അജന്താ-ബാഗ്കലകളോടു സംയോജിപ്പിക്കുന്നു. അത്യനർഘങ്ങളായ ചരിത്ര സമ്പത്തുകളുടേയും കലാവിഭവങ്ങളുടേയും പരിപാവന നികേതനങ്ങളായ പത്മനാഭപുരം കൊട്ടാരം, ശ്രീപത്മനാഭസ്വാമിക്ഷേത്രം, എന്നീ കലാസൗധങ്ങളിലെ ചുവർ ചിത്രങ്ങൾ ചരിത്രകാരന്മാരെയും പുരാണവസ്തുവിജ്ഞന്മാരെയും കലാകുതുകികളേയും അത്യുവളരെ വിസ്മയിപ്പിക്കുവാൻ പര്യാപ്തമാണ്. കേരളകലയുടെ മൂർദ്ധാഭിഷിക്തമാതൃകകളായി അവ എന്നും എവിടെയും പരിലസിക്കുകയും ചെയ്യും. ഈ വിശിഷ്ട ചിത്രങ്ങൾ കലാലോകത്തിൽ സംപൂജ്യസ്ഥാനം അർഹിക്കുന്നു. ഭാവസമ്പൂർണ്ണങ്ങളും ഭക്തി പ്രകർഷങ്ങളും ആയ ഈ ചുവർ ചിത്രങ്ങളിൽ കലാപരിപൂർത്തിയും പ്രപഞ്ചതേജസ്സിന്റെയും, ആത്മീയലാവണ്യത്തിന്റെയും അവർണ്ണനീയമായ

ആവിഷ്ക്കരണവും സമ്മേളിച്ചിരിക്കുന്നു. ഈ ചുവർ ചിത്രങ്ങൾ ഭാരതവർഷത്തിന്റെ ബാഹ്യസൗന്ദര്യത്തേയും ആന്തരചൈതന്യത്തേയും ഒന്നുപോലെ പ്രദർശിപ്പിക്കുന്നവയാണ്. ഭാരതത്തിന്റെ ആർഷതേജസ്സ് ഇത്ര സമഗ്രമായും, തീവ്രമായും, വർണ്ണത്തിലും വരയിലും മറ്റൊരു ചിത്രകാരനും പകർത്തിയിട്ടില്ല. ഉജ്ജ്വലവികാരത്താൽ ദീപ്തമാണ് ഈ ചുവർ ചിത്രങ്ങൾ. വർണ്ണത്തിലും വരയിലും, ആശയാവിഷ്ക്കരണത്തിലും കലാസൗകുമാര്യത്തിലും മനോധർമ്മപ്രകടനത്തിലും, വികാരതീക്ഷ്ണതയിലും ഇവ അത്യുൽകൃഷ്ടങ്ങളാണ്. ബാഹ്യലോകത്തുനിന്നു ആദ്ധ്യാത്മികലോകത്തിലേക്കു പ്രേക്ഷകരെ ഉയർത്തുന്നതിനു പര്യാപ്തമാണത്രേ ഈ ചുവർ ചിത്രങ്ങൾ. ഇന്ദ്രിയങ്ങൾക്ക് അതീതമായി മനുഷ്യനിലുള്ള അവബോധത്തിന് സാന്ദ്രാനന്ദം ഉളവാക്കുന്നതായ ഈ ചിത്രങ്ങളിൽ ബ്രഹ്മതേജസ്സ് നാം വീക്ഷിക്കുന്നു. ഈ ആലേഖ്യങ്ങളിലുള്ള വികാരതീക്ഷ്ണത പ്രേക്ഷകന്റെ ഹൃദയത്തിൽ കൊടുംകാറ്റു വീശിക്കുന്നു. സപ്തവർണ്ണ സങ്കലിതമായ ഒരു മഹാ തേജസ്സ് ഈ ചിത്രങ്ങളിൽ പ്രോജ്ജ്വലിക്കുന്നു.



കാമദേവൻ.

ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ ചുവർചിത്രം.

ശ്രീചിത്രാലയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ചുവർ ചിത്രങ്ങളിൽ സർവോത്തരമെന്നു കരുതാവുന്നവ "ശിവനും പാർവ്വതിയും" "ഹരിഹരൻ", "അർദ്ധനാരീശ്വരൻ" "നടരാജൻ", "കാമദേവൻ"; "നാരദൻ" "ഒരു വനിതയുടെ വേഷഭൂഷണം" മുതലായവയാണ്. ഹിന്ദുപുരാണങ്ങളിലെ ദേവന്മാരെയും ദേവിമാരെയും കഥാപാത്രങ്ങളേയും രംഗങ്ങളേയുമാണ് ആരാരെന്നു നിശ്ചയമില്ലാത്ത ഈ പുരാതന കേരളീയകലാകുശലന്മാർ അവരുടെ മനോധർമ്മപ്രകടനത്തിനുവിഷയമാക്കിയിട്ടുള്ളത്. ചിത്രകലയിൽ പ്രശംസനീയമായ പാടവം പ്രദർശിപ്പിച്ച തങ്ങളുടെ ചിത്രങ്ങളിൽ അവരുടെ പേരുപോലും എഴുതി തന്മൂലം കീർത്തിനിലനിർത്തണമെന്ന് ആഗ്രഹിക്കാത്ത ഈ ചിത്രകാരന്മാർക്ക് ലളിതകലകളോടുള്ള സ്നേഹവും, ഭഗവാനോടുള്ള ഭക്തിയും, മാത്രമേ പ്രേരകങ്ങളായിരുന്നുള്ളു. അവർ കീർത്തിയെ ആർജ്ജിച്ചില്ല. ബഹുമതികളെ പ്രതീക്ഷിച്ചില്ല. ലോകൈകചിത്രരംഗത്തിൽ അദ്വിതീയസ്ഥാനം അർഹിക്കുന്ന ഈ ചിത്രങ്ങൾ രചിച്ചതു ഭക്തന്മാരിൽ അഗ്രഗണ്യരായിരുന്നു. അവർ അതിവിശിഷ്ടമായ ഒരു അലോക കലാസാമ്രാജ്യത്തെ ഭൂമിയിൽ സ്ഥാപിക്കുകയാണ് ചെയ്തത്. ഭാരതീയസംസ്ക്കാരം തന്നെ ഹൈന്ദവസംസ്ക്കാരമാണല്ലോ. ഈ ചിത്രങ്ങളിലെല്ലാം ഒരു വികാരതീക്ഷ്ണതയും, സൗകുമാര്യവും, "കലാപേലവത്വ"വും, അനന്യ ലഭ്യമായ ഒരു വശ്യതയും ആണ് സർവ്വോപരി ദൃശ്യമാകുന്നത്.

തിരുവിതാംകൂറിലെ ക്ഷേത്രങ്ങളിലുള്ള ചുവർ ചിത്രങ്ങൾ പതിനേഴും, പതിനെട്ടും ശതാബ്ദങ്ങളിൽ വരയ്ക്കപ്പെട്ടവയാണ്. തിരുവിതാംകൂറിലെ ചുവർചിത്രങ്ങൾ, അജന്താ, ബാഗ്, എന്നീ ഗുഹകളിലെ ചിത്രങ്ങളോടൊപ്പം, കലാപൗഷ്ക്കല്യം നിറഞ്ഞവയാണ്. പുരാതന ഈജിപ്തിലെ രാജാക്കന്മാരുടെ ശവകുടീരങ്ങളിൽ ഉള്ള ചുവർചിത്രങ്ങളേയും, വിശ്വവിശ്രുതമായ ഇറ്റാലിയൻ ചുവർചിത്രങ്ങളേയും ഇവ അനുസ്മരിപ്പിക്കുന്നു.

തിരുനന്തിക്കരക്ഷേത്രത്തിലുള്ള "ശിവനും പാർവ്വതിയും" എന്ന ചിത്രമത്രേ തെക്കേ ഇന്ത്യയിൽ ഏറ്റവും പുരാതനവും, പഴക്കംചെന്നതും ആയ ചുവർചിത്രം.



വനിതയുടെ വേഷഭൂഷാലങ്കാരം.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ചുവർചിത്രം

ഒൻപതാം ശതാബ്ദത്തിന്റെ ആദ്യകാലത്താണ് ഈ ചിത്രം വരയ്ക്കപ്പെട്ടത്. അജന്തായിലെ ചിത്രങ്ങളേയും, അതിശയിക്കത്തക്ക മനോഹാരിത ഈ ചുവർചിത്രത്തിനുണ്ടെന്നു കലാനിരൂപകന്മാർ അഭിപ്രായപ്പെടുന്നു. ഈ ചിത്രത്തിലെ ചില ഭാഗങ്ങളെല്ലാം നശിച്ചുപോയിട്ടുണ്ട്.

ഏറ്റുമാനൂർ ക്ഷേത്രത്തിന്റെ ഗോപുരത്തിലുള്ള "നടരാജനൃത്തം," അതിവിശിഷ്ടമായ ഒരു ചുവർചിത്രമാണ്.



നടരാജനൃത്തം.

ഏറ്റുമാനൂർ ക്ഷേത്രത്തിലെ ചുവർചിത്രം.

൧൬-ാം ശതാബ്ദത്തിലാണ് ഈ ചിത്രം എഴുതിയത്. ഭാരതീയ ചിത്രകലയുടെ മൂർദ്ധാഭിഷിക്തോദാഹരണമായി ഈ ചിത്രം അഭംഗുരകീർത്തിയോടെ കലാസാമ്രാജ്യത്തിൽ പരിലസിക്കുന്നു. വൃത്താകാരത്തിൽ ഉള്ള ഈ ചിത്രം ശിവന്റെ താണ്ഡവനൃത്തത്തെ അതിമനോഹരമായി പ്രദർശിപ്പിക്കുന്നു. തത്വപ്രതിബിംബനപരമായ ഈ ചിത്രം, ഭാരതീയകലാലതികയിൽ നിതാ

ന്തകാന്തി ചിതറി നിൽക്കുന്ന സുരഭില സുമമാണ്. ഹൃദയത്തിലെ അഗാധചിന്തകളും, അപ്രകാശിതാശയങ്ങളും സങ്കല്പസാമ്രാജ്യത്തിൽ സാധിതപ്രായമാക്കിത്തീർക്കുന്ന മനോവൈഭവമുള്ള ഒരു അനുഗൃഹീത കലാകുശലൻെറ ഉൽഫുല്ലപ്രതിഭയുടെ ഉത്തമ പ്രതിഫലനമായ ഈ ചിത്രം, ആശയാൽ ആവൃതവും, സൌന്ദൎയ്യസമ്പൂൎണ്ണതയാൽ സമുൽകൃഷ്ടവും അനന്തവിസ്തൃതവും ആയ ഒരു അനുപമ സാമ്രാജ്യത്തിലേക്ക് നമ്മെ നാം അറിയാതെതന്നെ ആനയിക്കുന്നു. ഉജ്ജ്വലവും, അതി തീവ്രവും ആയ വികാരത്താൽ ദീപ്തിമത്താണ് ഈ ചിത്രം. അജ്ഞാതമായ ഒരു മഹാശക്തിയെ, സൂചനാരൂപത്തിൽ, ഗൂഢാൎത്ഥസംപുഷ്ടിയോടുകൂടി, ഈ ചിത്രത്തിൽ പ്രകാശിപ്പിക്കയാണ് കലാകാരൻ ചെയ്തിട്ടുള്ളത്. ഒരൊററ നോട്ടത്തിൽ ഈ ചിത്രത്തിലുള്ള കലാപൌരുഷ്കല്യം ഗ്രഹിക്കുവാൻ സാധിക്കുന്നതല്ല. നാടരാജൻെറ സജീവചിത്രമാണിതു്.

പത്മനാഭപുരം കൊട്ടാരത്തിൻെറ ഒത്തനടുക്ക് അംബരചുംബിയായി നിൽക്കുന്ന മനോഹരമായ ഉപ്പിരിക്ക മാളികയുടെ നാലാമത്തെ നിലയിലുള്ള ഭിത്തികളിൽ വരച്ചിരിക്കുന്ന നയനമോഹനങ്ങളായ ചിത്രങ്ങൾ പൌരാണികചിത്രകലയുടെ മഹനീയതയെ പ്രഖ്യാപനം ചെയ്യുന്നു. ഒരു സനാതന മഹാസാമ്രാജ്യത്തിലേക്കാണ് ഈ ചിത്രങ്ങൾ നമ്മെ ആനയിക്കുന്നതു്. മനുഷ്യഗോചരമല്ലാത്ത ഒരു ദിവ്യലോകത്തെ അവ സൃഷ്ടിക്കുന്നു. സഹൃദയന്മാരുടെ സത്വരശ്രദ്ധയെ പ്രപഞ്ചത്തിൻെറ ഗൂഢതയിലേക്ക് അവ ആകർഷിക്കുന്നു. ജീവാത്മാവിൻെറ അത്യഗാധതയെ നമ്മെ മനസ്സിലാക്കുവാൻ അവ തികച്ചും പൎയ്യാപ്തങ്ങളാണ്. ഈ ചിത്രങ്ങൾ ൧൬-ാംശതാബ്ദത്തിൽ എഴുതപ്പെട്ടവയാണ്.

പത്മനാഭപുരം കൊട്ടാരത്തിലെ ചുവർചിത്രങ്ങളിൽ പ്രധാനപ്പെട്ടവ "ഹരിഹരൻ," "അർദ്ധനാരീശ്വരൻ," "സംഗീതസദസ്സ്," "നൎത്തകശിഖാമണിയായ നടരാജൻ" "ശ്രീകൃഷ്ണൻെറ കനകാഭിഷേകം," "വേണുഗോപാലൻ" എന്നിവയാണ്. ൪ അടി നീളം, ൧൩ അടി വീതിയുള്ള "ഹരിഹരൻ" എന്ന ചിത്രത്തിൻെറ ഇടത്തു ഭാഗത്ത് വിഷ്ണുവിനെയും വലതുഭാഗത്തു് ശിവനെയും കാണാം. "അർദ്ധനാരീശ്വരൻ" എന്ന ചിത്രത്തിൽ ശിവനെയും പാൎവ്വതിയേയും ഒരേ രൂപമായിട്ട് സ്ത്രീയുടെയും പുരുഷൻേറയും ഐക്യതയെ വെളിപ്പെടുത്തുന്ന രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു.



അർദ്ധനാരീശ്വരൻ.
പത്മനാഭപുരം ക്ഷേത്രത്തിലെ ചുവർചിത്രം.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൻെറ ശ്രീകോവിലിൻെറ പുറമതിലിൽ രാമായണ മഹാഭാഗവതകഥകൾ അതിമനോഹരമായി ചിത്രണം ചെയ്തിട്ടുണ്ട്. ഈ ചുവർചിത്രങ്ങളിൽ "രാജരാജേശ്വരി", "മന്മഥൻ", "അശ്വാരൂഢനായ ശാസ്താവ്", "സുബ്രഹ്മണ്യൻ", "വനിതയുടെ വേഷഭൂഷണം" എന്നിവ ഭാരതീയ ചിത്രകലയുടെ അഭിമാനസമ്പന്നമായ ഭൂതകാലചരിത്രത്തെ അനുസ്മരിപ്പിക്കുന്നു. ഈ ചിത്രങ്ങളെല്ലാം ൧൮-ാം ശതാബ്ദത്തിൽ രചിക്കപ്പെട്ടവയാണ്!

ഈ ചുവർ ചിത്രങ്ങളെല്ലാം സസ്യങ്ങളിൽ നിന്നുണ്ടാക്കിയ ചായങ്ങൾ ഉപയോഗിച്ചാണ് എഴുതപ്പെട്ടിട്ടുള്ളതു്. എത്രയോ ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും യാതൊരു കേടുപാടും കൂടാതെ ശോഭിക്കുന്ന ഈ ചിത്രങ്ങളുടെ മനോജ്ഞത തിരുവിതാംകൂറിലേ കലാസമ്പത്തിൻെറ മഹനീയതയെ ഉൽഘോഷിക്കുന്നു.

ശ്രീചിത്രാലയത്തിലെ പത്താമത്ത് മുറിയിൽ അജന്താ, ബാഗ്, എന്നീ ഗുഹകളിലെയും, കൊച്ചി, തിരുവിതാംകൂർ എന്നീ രാജ്യങ്ങളിലെ കൊട്ടാരങ്ങളിലും കോവിലുകളിലും ഉള്ള ചുവർ ചിത്രങ്ങളുടേയും പകർപ്പുകൾ ആകർഷകമായ രീതിയിൽ സംവിധാനം ചെയ്തിട്ടുണ്ട്. മതപരമായ ആശയങ്ങളുടെ ഗൂഢാൎത്ഥപ്രധാനമായ പ്രകാശനമാണ് ഈ ചിത്രങ്ങളിൽ നാം ദർശിക്കുന്നതു്. "സൌന്ദൎയ്യത്തിൻെറ പുഷ്പന്തലും, സദാചാരത്തിൻെറ പൂൎണ്ണചന്ദ്രനുമാണ് കല" എന്നുള്ള ജോർജ്ജ് ബർനാഡ്ഷായുടെ നിർവ്വചനം, ഈ ചിത്രങ്ങളെ സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി ശരിയാണ്. രവിവൎമ്മ ചിത്രങ്ങളിൽ നാം ദൎശിക്കുന്ന ബാഹ്യസൌന്ദൎയ്യപ്രകാശനമല്ല ഈ ചിത്രങ്ങളിലുള്ളതു്. പ്രത്യുത, പരമാത്മസ്വരൂപൻെറ ഹസ്തമുദ്രയായ ദൈവിക ലാവണ്യമാണ് തത്വപ്രതിബിംബനപരമായ ഈ ചിത്രങ്ങളിൽ നാം വീക്ഷിക്കുന്നതു്. ഇവ ജീവാത്മാവിൻെറ അത്യഗാധതയെ നമുക്കു മനസ്സിലാക്കിത്തരുന്നു. "ചിത്രം മൌനാവലംബിയായ കവിതയും കവിത സംഭാഷണസമൃദ്ധമായ ചിത്രവും ആകുന്നു" എന്നാത്രേ യമോൻസിസ് എന്ന പൌരാണികയവനചിത്രകാരൻെറ അഭിമതം. അരക്ഷണത്തിനുള്ളിൽ പ്രേക്ഷകൻെറ കണ്ണും കരളും ഈ ചുവർചിത്രങ്ങളിൽ കേന്ദ്രീകരിപ്പിക്കുന്നതിനുള്ള അത്ഭുതശക്തി അവയ്ക്കുണ്ട്. മനുഷ്യജീവിതത്തെ നിയന്ത്രിക്കത്തക്ക പ്രാഭവമുള്ള അദൃശ്യവും, അപരിമേയവും ആയ മഹാശക്തികളുടെ ഹൃദയസ്പൃക്കായ വിശിഷ്ടപ്രകടനങ്ങളാണ് സംസ്കാരോദ്ദീപകങ്ങളും, ഗൂഢാൎത്ഥസമൃദ്ധങ്ങളും ആയ ഈ ചുവർ ചിത്രങ്ങൾ. ഈ ചുവർ ചിത്രങ്ങളിൽ ചിത്രണം ചെയ്തിരിക്കുന്ന സ്ത്രീകളെല്ലാം സൌന്ദൎയ്യവ



ശാസ്താവ്.
ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലുള്ള ചുവർ ചിത്രം

തികളാണ്. പരമലാവണ്യ സംപൂർണ്ണങ്ങളായ ഈ സ്ത്രീരൂപങ്ങളിൽ ആത്മീയ ചൈതന്യവും നാം വീക്ഷിക്കുന്നുണ്ട്. കലാലക്ഷ്മിയുടെ ആവാസരംഗമാണ്,



രാജരാജേശ്വരി.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലുള്ള ചുവർചിത്രം

ഈ ചിത്രങ്ങൾ. വർണ്ണസൌന്ദര്യം, അർത്ഥസൌന്ദര്യം, രസസൌന്ദര്യം എന്നിവയുടെ ചേതോഹാരിതമായ രഞ്ജിപ്പാണ് ഈ ചിത്രങ്ങളിൽ പ്രേക്ഷകർ ദർശിക്കുന്നത്. ഈ ചിത്രങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ശംഖ്, ചക്രം, ഗദ, പത്മം എന്നിവ നിരീക്ഷകരുടെ മനസ്സിൽ ആത്മീയമായ പല തത്വങ്ങളേയും അനുസ്മരിപ്പിക്കുന്നു. കൈകാലുകൾ, വിരലുകൾ, എന്നിവകൊണ്ട് കാണിക്കുന്ന മുദ്രകളും അർത്ഥവത്തുക്കളാണ്. അർത്ഥഭൂയിഷ്ഠങ്ങളായ മുദ്രകൾ, പദാർത്ഥങ്ങൾ, എന്നിവയെക്കൊണ്ടാണ് ഭാരതീയ ചിത്രകല സംവിധാനം ചെയ്തിട്ടുള്ളത് എന്ന പരമാർത്ഥം ഈ ചുവർ ചിത്രങ്ങൾ തെളിയിക്കുന്നു. ഭഗവച്ചൈതന്യം നിറഞ്ഞ ചിത്രങ്ങൾ പ്രേക്ഷകരിൽ ഭക്തിപ്രകർഷമുളവാക്കുന്നു.

ചിത്രമെഴുത്ത്, കവിത, എന്നീ രണ്ടു കലകളുടെയും സമ്മോഹനമായ സമ്മേളനമാണ് തിരുവിതാംകൂറിലെ ചുവർചിത്രങ്ങൾ. ഈ ചിത്രങ്ങൾ രചിച്ച കലാകാരന്മാരുടെ നൈപുണ്യം, ആന, കുതിര, മുതലായ പ്രകൃതിവസ്തുക്കളുടെയും, കുട, കൊടി, മുതലായ നിർമ്മിത വസ്തുക്കളുടെയും ചിത്രങ്ങളിലെന്നപോലെ, മഹാവിഷ്ണു, ശ്രീകൃഷ്ണൻ, നടരാജൻ, പാർവ്വതി എന്നീ ദേവീദേവന്മാരുടെ ചിത്രങ്ങളിലും ഒന്നുപോലെ പ്രദർശിപ്പിച്ചിട്ടുണ്ട്. ഹൈന്ദവപുരാണേതിഹാസങ്ങളിൽ വിസ്തരിച്ചിട്ടുള്ള ദേവന്മാരുടെയും ദേവിമാരുടെയും ചിത്രം എഴുതുക എന്നുള്ളത് ആ ലേഖ്യവിദ്യയിൽ മാത്രം പ്രാഗത്ഭ്യം സിദ്ധിച്ചവരെക്കൊണ്ടു സാദ്ധ്യമല്ല. ആഗമങ്ങൾ, തന്ത്രങ്ങൾ മുതലായവയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള പ്രതിമാലക്ഷണങ്ങൾ ഹൃദിസ്ഥമായിട്ടുള്ള കലാകാരന്മാർക്കു മാത്രമേ ഇതു സാധിക്കുകയുള്ളു. ഓരോ ദേവന്മാരുടെ പ്രതിമകൾക്കും എത്രേത്ര അവയവങ്ങൾ വേണമെന്നും ഏതേതു രീതിയിലുള്ള വേഷഭൂഷണങ്ങളും ആയുധങ്ങളും പരിവാരങ്ങളുമാണുണ്ടായിരിക്കേണ്ടതെന്നും മറ്റും തന്ത്രാഗമാദികളിൽ സനിഷ്കർഷം വിധിച്ചിട്ടുണ്ട്. ആ വിധികളെ അക്ഷരംപ്രതി അനുസരിച്ചാണ് ഈ ചുവർചിത്രങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്. പരിഷ്കൃതങ്ങളായ വിവിധസാധനസാമഗ്രികൾ ഉപയോഗിച്ച് ആലേഖ്യനിർമ്മാണം ചെയ്യുന്ന ഇന്നത്തെ ചിത്രകാരന്മാർക്ക്, എത്രയോ ശതാബ്ദങ്ങൾക്കു മുമ്പ് വളരെ പരിമിതമായ സാമഗ്രികൾ ഉപയോഗിച്ച് കരിങ്കൽ ഭിത്തികളിന്മേൽ, സസ്യച്ചായങ്ങൾ മാത്രം ഉപയോഗിച്ചു, ചിത്രങ്ങൾ വരച്ചതെങ്ങനെ എന്ന് അത്ഭുതം തോന്നും. കണ്ണും, കയ്യും, കരളും ഒരേ വസ്തുവിൽ ഏകാഗ്രമാക്കി നിർത്തുവാൻ കെൽപുണ്ടായിരുന്ന പുരാതനചിത്രകാരന്മാർക്ക്, ചുവർചിത്രങ്ങൾ വരയ്ക്കുന്നത്, വിനോദപരമായ ഒരു കലാവ്യവസായം മാത്രം ആയിരുന്നു. അവരുടെ



സുബ്രഹ്മണ്യനും നാരദനും.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലുള്ള ചുവർചിത്രം

നൈപുണ്യാതിശയം, അനാദൃശമാണ്. അവരുടെ കലാവൈഭവം അനശ്വരവുമാണ്; അവരുടെ ബുദ്ധിവൈഭവം അപൂർവ്വശ്രേയസ്കരവുമാണ്. മൺകുടത്തിലെ മണിദീപം പോലെ, ലോകരുടെ ദൃഷ്ടിയിൽ പെടാതെ ശേഷിക്കുമായിരുന്ന കേരളീയരുടെ ആശ്ചര്യകരമായ ഈ കലാവൈദഗ്ദ്ധ്യത്തെ ശ്രീ ചിത്രാലയത്തിലും പത്മനാഭപുരം കൊട്ടാരത്തിലുമായി പ്രദർശിപ്പിക്കാൻ കല്പിച്ചരുളിയ ശ്രീചിത്രഭൂപൻ സർവ്വോൽക്കർഷേണ വർത്തിക്കട്ടെ.


# വിജയാ ടോക്കീസ് - കോട്ടയം.

## മകരമാസത്തിൽ പ്രദർശിപ്പിക്കുന്ന ചില ചിത്രങ്ങൾ.

| | |
|---|---|
| അന്നാകരീനാ | അമരജ്യോതി |
| അമൃതമഥനൻ | സീതാകല്യാണം |
| ചന്ദ്രസേന | ടാർസൺ |
| ആനന്ദാശ്രമം | അനാഥപ്പെൺ |

കൺമയക്കുന്ന ഈ സ്വനച്ചല ചിത്രങ്ങൾ കണ്ടാനന്ദിക്കുക - രസിക്കുക. സംഗീതമാധുരി ആസ്വദിക്കുക.

# "വൃശ്ചികവർഷം"

ഏറമാന്തർ എം. എസ്സ്. കുമാരൻനായർ. ബി. ഏ. എൽ. ററി.

(ഗീതിക)

I

"എന്തൊരു മലവെള്ളപ്പൊക്കമൊണകാലത്തിൽ,
അന്തരിക്കയേയുള്ളൂ മർത്ത്യരീക്കലിക്രൂരത്തിൽ!"
ഗ്രാമവൃദ്ധന്മാർപോലും കരഞ്ഞാരേവം, വീട്ടിൽ-
പ്പൂമുഖത്തൊരുമുഴം, വൃശ്ചികപ്പെരുവെള്ളം!
ഇടവപ്പാതിക്കെത്ര മര്യാദയുണ്ടായെന്നോ,
പടിവാതുക്കൽവന്നൊന്നെത്തി നോക്കിടയയുള്ളൂ.
പാഴ്മണൽ വിരിപ്പിൻെറയരികിൽച്ചുരിഞ്ഞൊരു
പാവമായ് കിടന്നതാണീനദി നാലാം നാളിൽ!
ജീവനം പാരംവററി മൃദുമർമ്മരം പാടി-
ക്കേവലമൊരു ഭിക്ഷുപോലവേ ഗമിച്ചുനാൾ.
ഇന്നതിർകവിഞ്ഞിതാ, വൻമരം ചോടേ പിഴു-
തുന്നതശിലകളെത്തച്ചിരച്ചലറുന്നു!
കീഴ്പതിവുല്ലംഘിച്ച ധിക്കാരപ്രവാഹമേ!
കീഴ്പോട്ടു പോകും നിനക്കില്ലല്ലോനിലതെല്ലും!"

II

അപ്പുഴയാണ്ടോടാണ്ടു വരണ്ടിട്ടൊരു ദിന,-
മല്പമൊന്നുയർന്നുപോയ്; അതിനീശകാരങ്ങൾ!
അല്ലെങ്കിലയൽക്കാരിലുൽക്കർഷമല്പം കണ്ടാ-
ലല്ലലും നൈരാശ്യവും രോഷവും പതിവല്ലോ!
നിർജ്ജീവം കിടന്നതാണിത്രയും കാലം പാവം,
തജ്ജീവരക്തം വററാൻ വേനലും വരും നാളെ.
അത്യഗാധമായ്, രത്നാകരമായ്, അപാരമായ്,
നിത്യമായ് നിലകൊള്ളും ഗംഭീരവാരാശിയിൽ
ലീനമാം ഹൃദയത്തോ, ടതിൽത്താൻ വിലയിപ്പാൻ
ധ്യാനനിഷ്ഠയാബാഹ്യസ്മരണാപേതം പായു-
മാനന്ദ കല്ലോലിനിയറിയുന്നീലാ പക്ഷേ,-
വേനലും വരൾച്ചയും വർഷവും സംപുഷ്ടിയും!
രാപകലപാരമാമാഴിയേയുപാസിച്ചീ-
യാപഗയൊരുമാത്ര തൽഭാവം പ്രാപിച്ചതാം!

III

നീരദനിരയായി വാനിലും, അതിസൂക്ഷ്മ-
നീരാവികണങ്ങളായ് വായുമണ്ഡലത്തിലും
ഭംഗിയിൽത്തെളിമുത്തായ് തൃണാങ്കുരാഗ്രത്തിലും
തുംഗമാം ഗിരിശൃംഗം തോറുമേ ഹിമമായും
വിവിധാവസ്ഥാഭേദം കൈക്കൊള്ളുമൊരേ ഭൂതം
വിപുലാബ്ധിയും ചെറുസരസ്സും സ്രവന്തിയും!!
കേവലമഹാബുദ്ധിവൈഭവാൽ ജനസ്സിൻെറ
പാവനത്വവും, അന്തര്യാമിയാമേകത്വവും,
അറിയാതന്ധപ്രായം വ്യക്തിവ്യത്യാസം മായാ-
മറയിൽദ്ദർശിച്ചെത്ര ദ്ദുമ്പരക്കുന്നു മർത്ത്യൻ!
നിശ്ചലപരമാത്മധ്യാനപാരമ്യം ശര-
ന്നിമ്നഗയ്ക്കാത്മോൽക്കർഷം നൽകി നിസ്സീമം!
(പക്ഷേ-
വരിഷ്ഠംസാക്ഷാൽക്കാരംസാധിച്ചുനദിനാളെ
വരട്ടാറായ് നാം കാണും, മജ്ഞാനനിദാഘത്തിൽ!

---

# "നാഗാനന്ദം"

ഭാഷാപ്രണയികളുടെ ശ്രദ്ധയ്ക്ക്,

(പി. നീലകണ്ഠപ്പിള്ള, ചിറക്കടവ്.)

പല താളിയോലഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ നിന്നും 'നാഗാനന്ദം' എന്ന ഒരു പുരാതന സാഹിത്യഗ്രന്ഥം കണ്ടുകിട്ടിയിരിക്കുന്നു. ഇതു കിളിപ്പാട്ടുരീതിയിൽ എഴുതിയിട്ടുള്ളതും, നാലു പാദങ്ങ (അദ്ധ്യായങ്ങ) ളോടു കൂടിയതുമാണ്. ഈ കവിത സരസവും, വാസനാഭാസുരവും ആയിരിക്കുന്നു. ഇതിൻെറ പ്രണേതാവ്, ആരാണെന്നോ, ഏതു കാലത്തു എഴുതിയിട്ടുള്ളതാണെന്നോ യാതൊരറിവുമില്ല. ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെങ്കിൽ ബഹുജനസമക്ഷം അവതരിപ്പിച്ചാൽ കൊള്ളാമെന്നു ആഗ്രഹിക്കുന്നു. ഇതിനെ സംബന്ധിച്ച് ആർക്കെങ്കിലും ഏതെങ്കിലും വിവരങ്ങൾ അറിയാമെങ്കിൽ ആയതു് അറിയിച്ചു തരണമെന്നു് അപേക്ഷിക്കുന്നു.

# ടോക്കി.

എറണാകുളത്തുനിന്നു ഒരു പ്രസിദ്ധ കലാകാരനായ മി: പി. ആർ. ജോണിൻെറ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന "ടോക്കി" എന്ന മാസികയുടെ പ്രഥമലക്കം അയച്ചുതന്നതു് കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു. സിനിമ പ്രണയികൾക്കു് പ്രത്യേകിച്ചും രസകരങ്ങളായ നല്ലലേഖനങ്ങളും ചിത്രങ്ങളും ഇതിൽ കാണുന്നു. ഈ സഹജീവിക്കു് ഞങ്ങൾ സകല വിജയങ്ങളും ഹൃദയപൂർവ്വം ആശംസിച്ചു കൊള്ളുന്നു.


# BOOKS

## YOU SHOULD READ

(AUTHOR, K. P. PADMANABHAN TAMPY B. A.)

**RAVI VARMA**, A short biography of the talented Indian Artist. (Price Re· 1)

**NICHOLAS ROERICH**· (A MONOGRAPH) A Full account of the life and life-work of the Master Artist and Apostle of Culture (Price Rs· 2—8—0)

**GURUDEV NICHOLAS ROERICH**· A pen-picture of Modern Artist philosopher (Price Re. 1—4—0)

**SRI CHITRALAYAM**· A brochure dealing with the collection of rare masterpieces of Asiatic Paintings in the Travancore State Art Gallery, with a special chapter on the famous Travancore Murals· (Price Re· 1)

**BEAUTY-SPOTS OF TRAVANCORE**· A series of pamphlets describing the beauty-spots of Travancore (Price As 6· per booklet)

These books are profusely illustrated and beautifully got up and have been highly spoken of by the Press and the intelligentsia.

N· B– A special discount of 10°/₀ to the subscribers of the "BHASHA POSHINI"

**Order From**

The Author,
NEW LODGE, CHETTIKULAMKARA,
TRIVANDRUM·

# അൽഭുതദ്വീപിലെ

# ഐന്ദ്രജാലികൻ.

**സംഭ്രമജനകമായ ഒരു നോവൽ. വില 8 അണ.**

മാനേജർ, കേരളപബ്ളീഷിങ്ങ് കമ്പനി, പുളിക്കീഴ്—തിരുവല്ലാ.

ചെറുകഥ.

# കളഞ്ഞുകിട്ടിയ ഡയറി.

(കെ. എൻ. ദത്ത്)

കൈയിൽ ഒരു തുകൽപെട്ടിയുമേന്തി അയാൾ എങ്ങുനിന്നോ വന്നുചേന്നു. പ്രായം ഉദ്ദേശം ഇരുപത്തിനാലിൽ ഒട്ടും കുറവായിരുന്നില്ല. രാവുണ്ണിമേനവന്റെ മുറിക്ക് തൊട്ടടുത്തുള്ള മുറിയിൽ ഏതാണ്ട് ഒരു മാസത്തോളം താമസിച്ചു. രണ്ടുദിവസങ്ങൾക്ക് മുമ്പു അയാൾ പെട്ടെന്നു അപ്രത്യക്ഷനായി.

ഒരു ചെറുപ്പക്കാരൻ ചുണയും ചൊടിചൊടുപ്പും തികഞ്ഞ ഒരു യുവ കോമളൻ. അയാളുടെ ചിത്രം ഇപ്പോഴും എന്റെ മനോദർപ്പണത്തിൽ തെളിയുന്നു. നൈരാശ്യനിർഭരമായ ഒരു നരകജീവിതം അയാൾ ഏറെക്കുറെ അനുഭവിച്ചറിഞ്ഞിരുന്നിരിക്കണം. വിഷാദാത്മകമായ അയാളുടെ മുഖഭാവം ആ വിവരം വിളിച്ചു പറയുന്നുണ്ട്. നിരുന്മേഷനായ ആ യുവാവിനെ ഞാൻ മിക്കവാറും കാണാറുള്ളത് ചിന്താധീനനായിട്ടായിരുന്നു. ചിലപ്പോഴെല്ലാം ആ യുവാവ് കേവലം ഒരു ഭ്രാന്തനെപ്പോലെ സമീപമുള്ള ഒരു ജാലക പഴുതിൽക്കൂടി നീലിമ പൂണ്ട നൈശാകാശത്തെ നോക്കി നെടുവീർപ്പിടുന്നതു ഞാൻ കണ്ടിട്ടുണ്ട്.

അന്നും പതിവുപോലെ രാവുണ്ണിമേനവനെ ഞാൻ പാർക്കിൽവച്ചു കാണുകയുണ്ടായി. "എന്താ, മി: മേനോൻ! നിങ്ങളുടെ അടുത്ത മുറിയിലെ താമസക്കാരനെ ഈയിടെയായിക്കാണാറില്ലല്ലോ. ഒരുവേള അയാൾ ഇവിടംവിട്ടു പൊയ്ക്കഴിഞ്ഞിരിക്കുമോ?" ഞാൻ സസ്മിതം ചോദിച്ചു. മേനോൻ മറുപടി പറഞ്ഞു:—"അങ്ങിനെതന്നെയാണ് എനിക്കും തോന്നുക. പക്ഷെ, എരിയുന്ന തീയിൽ എണ്ണ ഒഴിച്ചിട്ടാണത്രേ പുള്ളിക്കാരൻ പുറപ്പെട്ടതു്."

"ഉം......എന്തു് സംഭവിച്ചു." ഞാൻ ജിജ്ഞാസാഭരിതനായി ചോദിച്ചു.

മേനോൻ തുടർന്നു—"അയാളെ കാണാതാകുന്നതിന് തലേദിവസം ഞാൻ എന്റെ പെട്ടിയിലുണ്ടായിരുന്ന സാധനങ്ങളെ ഓരോന്നായി വെളിയിലെടുത്ത് പരിശോധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതേസമയം കുടിക്കുവാൻ അല്പം വെള്ളം ആവശ്യപ്പെട്ടുംകൊണ്ട് അയാൾ അവിടേക്ക് കടന്നുവന്നു. ദാഹം തീർത്തശേഷം മിണ്ടാതെ മടങ്ങി പോകേണ്ടതായിരുന്നു; പകരം അയാൾ നിലത്തു് കിടന്നിരുന്ന ഒരു ഫോട്ടോ കൈയിലെടുത്ത് അതിൽ ഉറ്റുനോക്കിക്കൊണ്ട് എനിക്ക് അഭിമുഖമായി ഇരുപ്പുറപ്പിക്കുകയാണുണ്ടായതു്. അനന്തരം പ്രസ്തുത ചിത്രം എന്റെ നേരെ നീട്ടിക്കൊണ്ട് എന്തോ വികാര വിഭ്രാന്തിക്ക് വിധേയനായാലെന്നപോലെ പതറുന്ന സ്വരത്തിൽ എന്നോടു ചോദിച്ചു "ഇതിൽക്കാണുന്ന ആൾ നിങ്ങൾ തന്നെയോ?" മിക്കവാറും പഴക്കം ചെന്നിരുന്ന ആ ഛായപടം ഞാൻ മെല്ലെ കൈയിൽ വാങ്ങി. കരൾ കത്തുന്ന ആ പൂർവ്വകാലസ്മരണ പുണ്ണിൽ അമ്പെന്നപോലെ എന്റെ മസ്തിഷ്കത്തിലേക്ക് അതിവേഗം തുളഞ്ഞു കയറുന്നതായി എനിക്ക് തോന്നി. ആ ചിത്രം എന്റെ വിവാഹവേളയിൽ എടുക്കപ്പെട്ടതായിരുന്നു. എന്നോടൊന്നിച്ചു വധുവിനെയും അതിൽ കാണാമായിരുന്നു. അനേക നാളുകളായി അണഞ്ഞു കിടന്നിരുന്ന എന്റെ പ്രതികാരാഗ്നി പൂർവ്വാധികം ശക്തിമത്തായി ജ്വലിച്ചുയർന്നുതുടങ്ങി. ഇനിയും എന്തോ ഒരു കൃത്യംക്രൂടി ചെയ്തു് തീർക്കാതെ ബാക്കികിടപ്പുള്ളതായി അന്തഃകരണം എന്നെ ശാസിച്ചു. ഒരു പക ഞാൻ അറിയാതെ തന്നെ എന്റെ ഹൃദയത്തിൽ സ്ഥലം പിടിച്ചു. ആ യുവാവിന്റെ ചോദ്യത്തിനുത്തരമായി ഇത്രമാത്രം ഞാൻ പറഞ്ഞു:—

"അതെ, അതു ഞാൻ തന്നെ"

ഇത്രയും പറഞ്ഞു തീർത്തതും കൈയിലിരുന്ന ആ ഫോട്ടോ പിച്ചിച്ചീന്തിഞാൻവെളിയിലേയ്ക്കെറിഞ്ഞതും ഒന്നായിക്കഴിഞ്ഞു. എന്റെ സമീപം ഇരുന്നിരുന്ന ആ യുവാവിന്റെ മുഖം വിവർണ്ണമായി. കണ്ണുകൾ ചുവന്നു. അയാൾ എന്തൊക്കെയോ സ്വയം പിറുപിറുത്തു. ഒരു നെടുനിശ്വാസത്തിന് ശേഷം അയാൾ ആ മുറിവിട്ട് വെളിയിലേക്കിറങ്ങി. പിന്നീട് ആ ചെറുപ്പക്കാരനെ എനിക്ക് കാണ്മാനേ കഴിഞ്ഞിട്ടില്ല."

ആ പഴങ്കഥ അയാൾ പറഞ്ഞു് അവസാനിപ്പിച്ചു.

ഇവയുടെ എല്ലാം പിന്നിലായി ഏതോ ചില നിഗൂഢരഹസ്യങ്ങൾ ഒളിഞ്ഞു കിടപ്പുള്ളതായി എനിക്കു തോന്നി. മനുഷ്യസഹജമായ ജിജ്ഞാസ അവയെ തേടിപ്പിടിക്കുവാൻ എന്നെ നിർബന്ധിച്ചു. എങ്കിലും യാതൊരു തുമ്പും കിട്ടാതിരുന്നതിനാൽ ഞാൻ നിരാശനായി സ്വഗൃഹത്തിലേക്കുയാത്രയായി.

സന്ധ്യ കഴിഞ്ഞിരുന്നു. വൈദ്യുതവിളക്കുകളാൽ അവിടമെല്ലാം മണിമാലകൾ ചാർത്തി.

ഞാൻ അധികം നടന്നില്ല. ഏതോ ഒരു വസ്തു എന്റെ കാലടികളിൽ തടഞ്ഞു. ഞാൻ അതെടുത്തു. ഒരു ചെറിയ ഡയറി!

കളഞ്ഞുകിട്ടിയ ആ ഡയറി ആരുടേതായിരുന്നു എന്നറിവാനുള്ള ശ്രമമായിരുന്നു ഞാൻ ആദ്യമായി ചെയ്തതു്. അല്പം അകലെയായി നിന്നിരുന്ന ഒരു ഇലക്ട്രിക്ക് പോസ്റ്റിനോട്ട് സമീപിച്ചു ഞാൻ ആ ഡയറി നിവർത്ത് നോക്കി. ഡയറിയുടെ ആദ്യത്തെ പേജിൽ തന്നെ ആ യുവാവിന്റെ പേരു് ഏററവും ഭംഗിയായി എഴുതിയിരുന്നു. "എം. ആർ. ഗോപിനാഥൻ. ബി. ഏ."

II

വീട്ടിൽ എത്തി ആ ഡയറിയുടെ ഒരു പുനഃപരിശോധനയ്ക്ക് തന്നെ ഞാൻ ഒരുമ്പെട്ടു. അതിന്റെ പല ഭാഗങ്ങളും കീറിയും മുഷിഞ്ഞും കാണപ്പെട്ടിരുന്നു. കഴിഞ്ഞ ചില വർഷങ്ങളായി അപ്പോഴപ്പോളുണ്ടായിക്കൊണ്ടിരുന്ന പല സംഭവപരമ്പരകളുടെ ഒരു നീണ്ട പട്ടികയാൽ ആ കൊച്ചു ഡയറിയുടെ താളുകൾ നിറയ്ക്കപ്പെട്ടിരുന്നു. ആദ്യന്തം ശോകാത്മകവും നൈരാശ്യസംപൂർണ്ണവുമായ ഒരു ആത്മകഥാസംഗ്രഹം തന്നെ ആയിരുന്നു അതു്. അതിലെ ചില പ്രധാനഭാഗങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

"൧൯൩൨ ഏപ്രിൽ ൩൦-ാംനു:—പരീക്ഷാനന്തരം കോളേജ് വിട്ട് നാട്ടിലേക്കു പുറപ്പെട്ട ഞാൻ ഇന്ന് പ്രഭാതമായപ്പോഴേക്ക് സ്വഗൃഹത്തിൽ എത്തിച്ചേന്നു. അയൽ വീട്ടിലെ "സുമിത്ര" എന്നെ കണ്ടയുടൻ ഓടി എത്തി. "ഗോപിച്ചേട്ട

ൻ എപ്പോൾ വന്നു, സുഖം തന്നെയല്ലേ;" എന്ന് അവൾ മന്ദസ്മിതസമന്വിതം എന്നോട്ട് കുശലം ചെയ്തു. നാലു സംവത്സരങ്ങൾക്ക് മുമ്പ് എന്റെ വീട്ടുമുററത്തു് കളിച്ചു നടക്കുമായിരുന്ന ആ ബാലികയും ഇപ്പോഴത്തെ സുമതിയും തമ്മിലുള്ള ആകാരാന്തരം എന്നിൽ അത്ഭുതം അലങ്കരിപ്പിച്ചു. അവളുടെ അംഗസൗഷ്ഠവം എന്നെ അമ്പരപ്പിച്ചു. സുമതിയുടെ മന്ദഹാസം ശബ്ദമധുരിമ-അവളുടെ നടത്ത, താരുണ്യത്തികവ്-എന്നെ കോൾമയിർ കൊള്ളിച്ചു. അവൾ എന്റെ ദൃഷ്ടികോണത്തിൽ നിന്ന് മറയുന്നതു് വരെ ഞാൻ അവിടെ തന്നെ നിർന്നിമേഷനായി നോക്കിക്കൊണ്ടു നിന്നിരുന്നു. ഇന്ന് എന്റെ ജീവിതത്തിലെ ഏററവും ആനന്ദപ്രദമായ ഒരു ദിനമാണു്.

മേയ് ൧-ാം തീയതി:—തലേ ദിവസം രാത്രിയിൽ നിദ്ര എന്നെ തീണ്ടുക പോലും ഉണ്ടായില്ല. സുമതിയുടെ സ്മരണ എന്നെ അനുനിമിഷം അലട്ടിക്കൊണ്ടിരുന്നു. അവൾ ഒരു കുബേരകന്യക, ഞാനോ ഒരു നിർദ്ധനൻ. സുമതിയുടെ കൺമുമ്പിൽ ഞാൻ കേവലം ഒരു ഇരപ്പാളി മാത്രം. അവളെ മറന്നുകളയുവാൻ ഞാൻ തീവ്രയത്നം ചെയ്തു. പക്ഷെ, ആ വടം വലിയുടെ ഒടുവിൽ പരാജയം എന്റെ ഭാഗത്തായിരുന്നു.

മേയ് ൨൨-ാം ൹:—ഇന്ന് കിണററരികിൽ ഞാൻ കുളിച്ചുകൊണ്ടു് നിൽക്കുകയായിരുന്നു. സുമതി വെള്ളം കോരുവാൻ കുടവുമായി അവിടെ വന്നു.

"ഗോപിച്ചേട്ടൻ ഇപ്പോഴാണോ കുളിക്കുന്നതു്. മണി ഏകദേശം ഒന്ന് കഴിയാറായല്ലോ." എന്നു മുഖവുരയോടുകൂടി ഒരു പുതുപുഞ്ചിരി തൂകിയും കൊണ്ടു് അവൾ എന്നെ സമീപിച്ചു.

"അതിരിക്കട്ടെ സുമതി, നിന്നോട്ട് ഒരു കാര്യം ചോദിച്ചറിയണമെന്ന് വിചാരിച്ചിട്ട് നാളേറെയായി. വിസമ്മതമൊന്നും കാണുകില്ലല്ലോ?"

"ഒന്നുമില്ല. ഗോപിച്ചേട്ടനു് എന്താണു് അറിയേണ്ടതു്. ചോദിച്ചോളൂ" അവൾ ലജ്ജാസ്മിതയായി പറഞ്ഞു. അവളുടെ ആകർഷകമായ ചിരിഞ്ഞനോട്ടം എന്നിൽ അതിരററ ഒരു പുളപ്പ് ഉണ്ടാക്കിത്തീർത്തു. "സുമതി......സുമതി ഞാൻ അവിവാഹിതനാണെന്നറിയാമല്ലോ" അതിലപ്പുറമായി എന്തെങ്കിലും ഉരിയാടുവാൻ ഞാൻ ശക്തനായിരുന്നില്ല. എന്റെ നാവ് വരണ്ടുപോയി. അധരങ്ങൾ വിറച്ചു. നമ്രശിരസ്കയായ അവളുടെ തല മെല്ലെ അല്പം ഉയർന്നു. "എനിക്ക് അതിനു ഭാഗ്യമുണ്ടോ?" സുമതി ഇത്രമാത്രം ഉച്ചരിച്ചു.

ജൂൺ ൧൦-ാംതീയതി:—ഇന്ന് കേൾക്കുവാനിടയായ കണ്ണുകഠോരമായ വാർത്ത എന്റെ മനക്കോട്ടയെ പാടെ തകർത്തുകളഞ്ഞു. സുമതിയെ വേറെ ഏതോ ഒരു ധനികനായ ഉദ്യോഗസ്ഥന് വിവാഹം ചെയ്തുകൊടുക്കുവാൻ അവളുടെ മാതാപിതാക്കന്മാർനിശ്ചയിച്ചുറച്ചുവത്രേ. സന്ധ്യയോടു സമീപിച്ചു. സുമതിയെ സന്ദർശിക്കുവാൻ എനിക്ക് സംഗതിയായി. അവളുടെ മുഖം മ്ലാനമായിക്കാണപ്പെട്ടിരുന്നു. കണ്ണീർ കണങ്ങൾ അവളുടെ കപോലങ്ങളെ നനച്ചിരുന്നു. അവളുടെ പണക്കൊതിപൂണ്ട മാതാപിതാക്കന്മാർ ഒരു പടുകിഴവന് അവളെ വാഗ്ദത്തം ചെയ്തിരുന്നു. വാടിവിളർത്ത അവളുടെ മുഖകമലത്തിൽ നിസ്സഹായതയുടെ നിഴൽ പാടുകൾ കാണപ്പെട്ടിരുന്നു.

ജൂലായ് ൭-ാംതീയതി:—നാളെ ഏതാണ്ടു് ഇതേസമയം സുമതി മറെറാരുവന്റെ ഭാര്യയായിത്തീരും. ജീവിതം എനിക്ക് അസഹ്യമായി തോന്നുന്നു. ഞാൻ സ്ഥലം വിടുവാൻ നിർബന്ധിതനായിത്തീർന്നു. വൃദ്ധയായ എന്റെ മാതാവും എന്നെ അനുഗമിച്ചു. പാവം! സുമതിയുടെ അവസ്ഥ എന്തായിരിക്കുമോ!


# കൈരളീകോശം.

## ഉപകാരപ്രദമായ ഒരു അഭിനവ നിഘണ്ടു.

സമ്പാദകൻ—വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, തിരുവല്ലാ.
ക്രൌൺ സൈസിൽ മുന്നൂറു വശങ്ങളോളമുള്ള ഈ ഗ്രന്ഥത്തിനു വില ഒന്നര ക. മാത്രം. സമ്പാദകനോടു ആവശ്യപ്പെടുക.

# വിജയദീപിക.

## സ്ക്കൂൾഫൈനൽ വിദ്യാർത്ഥികൾക്കൊരനുഗ്രഹം.

ഇക്കൊല്ലത്തെ (൧൯൩൯-൪൦) ഇ. എസ്സ്. എൽ. സി. പരീക്ഷയ്ക്കുള്ള മലയാളം പാഠ്യപുസ്തകങ്ങളുടെയും വ്യാകരണഗ്രന്ഥങ്ങളുടെയും വിശദവും സുലളിതവും ആയ വ്യാഖ്യാനങ്ങളും ചോദ്യങ്ങളും അടങ്ങിയ "വിജയദീപിക" എന്ന വിശിഷ്ടഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ് ഇതാ തയ്യാറായിരിക്കുന്നു.

വ്യാഖ്യാതാക്കൾ—വിദ്വാൻ, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.
ശാസ്ത്രി മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠനുണ്ണി.

ഈ പുസ്തകം ശരിയ്ക്കുപയോഗിച്ചാൽ ഇക്കൊല്ലം നിങ്ങൾ മലയാളത്തിനു പരാജിതരാകുകയില്ലെന്നു ഉറപ്പു തരുന്നു. നിങ്ങളുടെ ആയുസ്സും, സമയവും, പണവും നഷ്ടപ്പെടുത്താതിരിക്കുന്നതിനുവേണ്ടി വിജയദീപികയ്ക്കു ഇന്നുതന്നെ എഴുതുക. ഒററപ്രതിക്കു ൩ ണ. അഞ്ചിനു ഒന്ന് കമ്മീഷൻ. ഒററപ്രതി ആവശ്യമുള്ളവർ ൧൧൬ ചക്രത്തിന്റെ സ്റ്റാമ്പയയ്ക്കുക.

Manager,
Kerala Publishing Company,
Pulikeezh—Thiruvalla.

൧൯൩൫ ജനുവരി ൯-ാം തീയതി:—ഞാൻ ഒരു പുഴവക്കിൽ കുളിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. ആ വഴി കടന്നുവന്ന സുമതിയുടെ പിതാവിനെ എനിക്കു കാണുവാൻ ഇടയായി. സുമതി അവളുടെ ഭർത്താവിനോടൊന്നിച്ചു പട്ടണത്തിൽ താമസിക്കുന്നതായും അവളുടെ പ്രിയതമനിൽനിന്നു് അത്യധികമായ ഉപദ്രവം അവൾക്കു് ഏൽക്കേണ്ടിവരുന്നതായും ഞാൻ അറിഞ്ഞു. പാവം! സുശീലയായ സുമതി അവളുടെ നിരാശാത്മകമായ പാഴ്ജീവിതത്തെ പഴിക്കുന്നുണ്ടായിരിക്കണം.

III

ഡയറിയുടെ ശേഷം ഭാഗം ഏതാണ്ടു് പത്തു് പുറങ്ങളോളം പെൻസിൽ കൊണ്ടു് എഴുതപ്പെട്ടവയായിരുന്നു. അവ മിക്കവാറും തേഞ്ഞും മാഞ്ഞും താളുകൾ കീറി താറുമാറായും ഇരുന്നിരുന്നതിനാൽ വ്യക്തമായി ഒന്നുംതന്നെ മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നിരുന്നാലും, പിന്നാലെ രേഖപ്പെടുത്തപ്പെട്ടിരുന്ന കുറിപ്പുകളിൽനിന്നു് ഗോപിനാഥൻ തൻെറ മാതാവിൻെറ മരണശേഷം ജോലി അന്വേഷിച്ചു പട്ടണത്തിൽ വന്നതായും നിത്യവൃത്തിക്കുപോലും വശമില്ലാതെ അനേക ദിവസങ്ങൾ ഉഴന്നു് നടന്നതായും അനുമാനിക്കേണ്ടിയിരുന്നു.

൧൯൩൭ ഡിസംബർ ൧൧-ാംതീയതി:—ഇന്നുവരെ യാതൊരു പണിയിലും എനിക്കു് ഏർപ്പെടുവാൻ കഴിഞ്ഞില്ല. വിശപ്പുകൊണ്ടുതളൎന്ന ഞാൻ റോഡരുകിൽ കണ്ട ഒരു വീടിൻെറ ഇളം തിണ്ണയിൽക്കയറി വിശ്രമാൎത്ഥം ഇരുപ്പുറപ്പിച്ച സമയം ഏറെ കഴിഞ്ഞില്ല; ആ ഗൃഹത്തിനുള്ളിൽനിന്നു് ഒരു സ്ത്രീ വെളിയിലേക്കിറങ്ങിവന്നു.എൻെറകണ്ണുകളെവിശ്വസിക്കുവാൻ എനിക്കു് നിവൃത്തിയില്ലാതായി. സുമതിതന്നെയോ അതു്! അവളുടെ ശരീരം നന്നേ ക്ഷീണിച്ചിരുന്നു. ഇന്നവൾക്കു് സൗന്ദൎയ്യമില്ല. പ്രസന്നതയില്ല; ചുക്കിച്ചുളിഞ്ഞ മുഖം, ഇഴയുംപോലുള്ള നടത്ത; ജീവിതംതന്നെ വലിയൊരുഭാരമായി അവൾക്കു തോന്നുന്നുണ്ടായിരിക്കണം.

ഞങ്ങളുടെ നയനങ്ങൾ അന്യോന്യം ഇടഞ്ഞു. "സുമതി......" ഞാൻ അറിയാതെ തന്നെ ശബ്ദിച്ചു പോയി. എൻെറ തൊണ്ട ഇടറി. ഒരു പൂൎവ്വകാലസ്മരണ അലൌകിക ശക്തിയാലെന്നപോലെ ഞങ്ങളുടെ മസ്തിഷ്കത്തിൽക്കൂടി പാഞ്ഞു പൊയ്ക്കൊണ്ടിരുന്നു. സുമതിയുടെ കുഴിഞ്ഞ നേത്രങ്ങളിൽക്കൂടി അവളുടെ മങ്ങിയകവിൾത്തടത്തേലാക്കാക്കിഒഴുകിക്കൊണ്ടിരുന്ന നീർച്ചാലുകളെ ആ സാധ്വി സാരിത്തുമ്പുകൊണ്ടു തുടച്ചു. അവൾ എന്നെ ഗൃഹത്തിനുള്ളിലേക്കു് ആനയിച്ചു. ഇന്നത്തെ ഉച്ചഭക്ഷണം ആ ശുഷ്കഗാത്രയുടെ ശോഷിച്ച കൈകൊണ്ടു് എനിക്കു വിളമ്പിത്തന്നു. ആ സന്ദർഭം, ഞങ്ങളുടെ തപ്തഹൃദയങ്ങളെ ഏതാണ്ടു് അല്പം ആശ്വസിപ്പിച്ചു. സുമതി അവളുടെ ഭർത്താവിനു് എന്നെ പരിചയപ്പെടുത്തിക്കൊടുത്തു. എനിക്കു നേരിട്ട ദുരദൃഷ്ടത്തെക്കുറിച്ചു അയാളെ ഗ്രഹിപ്പിച്ചു.

൧൯൩൭ ഡിസംബർ ൧൫-ാംതീയതി:—ഇന്നു് എനിക്കു ഒരു യൂറോപ്യൻ കമ്പനിയിൽ ജോലികിട്ടി. എൻെറ പട്ടിണി മിക്കവാറും എന്നെ വിട്ടകന്നു. ഭാഗ്യദേവത എന്നെ ആലിംഗനം ചെയ്തു. എന്നാൽ, പാവം സുമതി.......?

൧൯൩൯ ഏപ്രിൽ ൧൯-ാംതീയതി:—വീട്ടുവിററു് എൻെറ കടങ്ങൾ എല്ലാം തീൎക്കുവാൻവേണ്ടി കമ്പനിയിൽനിന്നു് ഒരാഴ്ചത്തെ അവധി വാങ്ങിക്കൊണ്ടു് ഞാൻ സ്വദേശത്തേക്കു മടങ്ങി. സുമതി ഭർത്തൃപരിത്യക്തയായി. ഇന്നു് അവൾ അവളുടെ പിതൃഭവനത്തിൽ രോഗശയ്യയേ അവലംബിച്ചിരിക്കുകയാണു്. ഈ സങ്കടകരമായ വാർത്തയാണു് സന്തുഷ്ടചിത്തനായി നാട്ടിൽ എത്തിച്ചേൎന്ന എന്നെ സ്വാഗതം ചെയ്തതു്. അവളെ കാണുവാൻ പോകണമോ വേണ്ടയോ എന്ന പ്രശ്നം എൻെറ മസ്തിഷ്കമദ്ധ്യത്തിൽ വന്നു് വിലങ്ങടിച്ചുനിന്നു.

ഏപ്രിൽ ൨൦-ാംതീയതി:—സുമതിയെക്കാണുന്നതിനു്തന്നെ നിശ്ചയിച്ചു. അതിരാവിലെ ഞാൻ അവളുടെ വീട്ടിലെത്തി. കഷ്ടമെ! അവളുടെ സ്ഥിതി ഏററവും ശോചനീയമായിരുന്നു. എന്നെ കണ്ടയുടൻ അണയാറായ അവളുടെ കണ്ണുകൾ വീണ്ടും പ്രകാശമാനങ്ങളായി. തൻെറ പ്രിയതമൻ തന്നെ പുറം തള്ളുവാനുള്ള കാരണങ്ങൾ അശ്രുവാർത്തുകൊണ്ടു് അവൾ സഗദ്ഗദം എന്നോടു പറഞ്ഞു. അവളുടെ ജീവിതവിനാശകൻ ഈ മഹാപാപി—ഞാൻതന്നെ—ആയിരുന്നു പോൽ. അന്നൊരു ദിവസം അവളുടെ ഭർത്തൃഗൃഹത്തിൽവച്ചു് ഞങ്ങൾ അന്യോന്യം സംസാരിച്ചതിൽ സംശയാലുവായ ഭർത്താവു്, സുമതിയെ ഉപേക്ഷിക്കുകയാണത്രേ ഉണ്ടായതു്.

ഏപ്രിൽ ൨൩-ാംതീയതി:—ഇന്നു് പ്രഭാതമായപ്പോഴേക്കു് ദുഃഖഭൂയിഷ്ഠമായ ഈലോകത്തിൽനിന്നു് സുമതി വിമോചിതയായി.

ഏപ്രിൽ ൨൪-ാംതീയതി:—എനിക്കു് ജീവിതത്തിൽ വലിയ വെറുപ്പുതോന്നിത്തുടങ്ങി. ഞാൻ കമ്പനിയിലെ ജോലി രാജിവെച്ചു. വീട്ടുവിററു കടങ്ങറു തീൎത്തു് ശേഷം കൈയ്യിലുണ്ടായിരുന്ന പണവുമായി മനഃക്ലേശനിവാരണാൎത്ഥം ഒരു പൎയ്യടനം നടത്തുവാൻ ഉറച്ചു് ഞാൻ പുറപ്പെട്ടു.

സെപ്റ്റംബർ ൩൦-ാംതീയതി:—ഇന്നു് ഞാൻ വീണ്ടും തിരിച്ചെത്തി പട്ടണത്തിൽ റോഡരുകിലായി ഒരു മുറി വാടകയ്ക്കെടുത്തു് അതിൽ താമസം ഉറപ്പിച്ചു. എൻെറ ഹൃദയാസ്വാസ്ഥ്യം എന്നെ വിട്ടകന്നില്ല.സുമതിയുടെആ ശോകാന്ത്യനാടകം എൻെറ കൺമുമ്പിൽ സദാ അഭിനയിക്കപ്പെടുന്നതായി എനിക്കു് തോന്നി. അവളുടെ മോഹനാകാരം എന്നോ മണ്ണടിഞ്ഞുകഴിഞ്ഞു. പക്ഷെ, ശക്തിയേറി മനക്ലേശം എന്നെ വിട്ടകലുന്ന ഭാവമേ ഇല്ല.

നവംബർ ൨൭-ാംതീയതി:—ഇന്നു് അല്പം വെള്ളം കുടിക്കുന്നതിനായി അടുത്തമുറിയിലേക്കു ഞാൻ കടന്നുചെന്നു. അവിടെ കിടന്നിരുന്ന ഒരു ഫോട്ടോ അതെ—അതു് സുമതിയുടേതു് തന്നെയായിരുന്നു. രാമുണ്ണിമേനവൻെറ പക്കൽ ആ ചിത്രം വരുവാനുള്ള കാരണം.........? ഞാൻ അയാളോടു് ചോദിച്ചു. എടാ ദ്രോഹി! നീയോ സുമതിയുടെ ഭർത്താവു്? നിർദ്ദോഷിയായ ഒരു പെൺകിടാവിൻെറ ജീവിതകണ്ഠനാളത്തിൽ കത്തിവച്ച കൊലയാളി. നിൻെറ സമീപത്തു് ഇത്രയും ദിവസങ്ങൾ എനിക്കു് കഴിച്ചുകൂട്ടേണ്ടിവന്നല്ലോ.

൧൯൩൯ നവംബർ ൨൪-ാംതീയതി:—ഇന്നു് ഞാൻ മുറി ഒഴിഞ്ഞുകൊടുത്തു നാളെരാവിലെ പട്ടണം ഉപേക്ഷിക്കുവാൻ ഉറച്ചു.

"കളഞ്ഞുകിട്ടിയ ആ ഡയറി"യുടെ അവസാനവരികൾ മേൽ പറയപ്പെട്ടവയായിരുന്നു. ഗോപിനാഥൻെറ പൊടുന്നനവേയുള്ള അപ്രത്യക്ഷ ഹേതു നിസ്സംശയം എനിക്കു് മനസ്സിലാക്കുവാൻ കഴിഞ്ഞു. ആ ചെറുപ്പക്കാരൻെറ ഭാവി എന്തായിരിക്കുമോ......ആവോ.

—*—

# കൈരളിയുടെ നിയമശാസ്ത്രം.

## കേരളപാണിനിയുടെ വ്യാകരണഗ്രന്ഥങ്ങൾ.

(വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി, എം. ആർ. ഏ. എസ്സ്)

കൈരളിയുടെ പണ്ഡിതനായ ഒരു നിയമകർത്താവെന്നുള്ള നിലയിൽ ഏ. ആർ. രാജരാജവർമ്മ തമ്പുരാനുള്ള സ്ഥാനം അദ്വിതീയമാണു്. ശാസ്ത്രീയവും നവീകൃതവുമായ നിയമങ്ങൾക്കു വിധേയമായ ഏതൊരു പ്രസ്ഥാനവും പുരോഗമനത്തെ പ്രാപിക്കും. എന്നാൽ ശാസ്ത്രനിയമങ്ങൾ അതാതു പ്രസ്ഥാനങ്ങളുടെ മാതൃകായുക്തവും കാലാനുകൂലവുമായ പുരോഗമനത്തെ തടയുന്നവയായിരിക്കയുമരുതു്. ഈ തത്വം എല്ലാഭാഷാസാഹിത്യചരിത്രങ്ങളെ സംബന്ധിച്ചും അത്യന്തം പ്രാധാന്യമുള്ളതാണു്. പാണിനിയുടെ വ്യാകരണം സംസ്കൃതത്തെ മൃതഭാഷയാക്കിത്തീർത്തെന്നു് പരക്കെ ഒരാക്ഷേപം നിലനിൽക്കുന്നുണ്ടു്. കൃച്ഛ്രമായ അഭ്യസനംകൊണ്ടു വശഗമാകേണ്ടതും കവികളുടെ നിരങ്കുശഗതിയെ തടയുന്നതുമായ ആ ശാസ്ത്രത്തെ സംസ്കൃതഭാഷ സമാദരിക്കാതെ നിവൃത്തിയില്ലെന്നു് അത്യധികമായ നിർബന്ധമുണ്ടു്. ആ ശാസ്ത്രപരിധിയെ ഉല്ലംഘിച്ചുള്ള യാതൊരു പ്രയോഗവും പണ്ഡിതന്മാർ ശരിയെന്നു സമ്മതിച്ചു തരികയും ഇല്ല. ഇതാണു് സംസ്കൃതഭാഷയുടെ കാലോചിതമായ പുരോഗമനത്തിനും വ്യാപ്തിക്കും സാരമായ പ്രതിബന്ധം. കാര്യമിങ്ങനെയൊക്കെയാണെങ്കിലും മലയാളത്തിനും സ്വന്തമായി ചില ശാസ്ത്രഗ്രന്ഥങ്ങൾക്കൂടിയേ തീരുവെന്നു കേരളപാണിനി തീർച്ചയാക്കി. അവിടുത്തെ കലാപാടവവും ഗവേഷണചതുരതയും നിരൂപണവൈദഗ്ദ്ധ്യവും ജ്ഞാനാഗാധതയും കൂടി സമ്മേളിച്ചപ്പോൾ വിജയം ക്ഷണേന സംപ്രാപ്തമായിത്തീർന്നെന്നു പറഞ്ഞാൽ കഴിഞ്ഞു. കൈരളിയുടെ മഹാഭാഗ്യം! പ്രഥമ വ്യാകരണം, മദ്ധ്യമവ്യാകരണം, ശബ്ദശോധിനി, കേരളപാണിനീയം, ഈ വ്യാകരണ ഗ്രന്ഥങ്ങളും ഭാഷാഭൂഷണമെന്ന അലങ്കാരശാസ്ത്രവും വൃത്തമഞ്ജരിയെന്ന ഛന്ദശ്ശാസ്ത്രവും സാഹിത്യസാഹ്യമെന്ന ഗദ്യരചനാശാസ്ത്രവും കേരളീയക്കു ലഭിച്ചു. കേരളപാണിനിക്കു മുമ്പും പിമ്പും ധാരാളം മലയാളവ്യാകരണങ്ങൾ ഉണ്ടായിട്ടുണ്ടു്. മുമ്പേയുണ്ടായവ ഗുണ്ടർട്ടു്, ഗാർത്ത്വെറവു്, തുടങ്ങിയ ധ്വരമാരുടെ ഗ്രന്ഥങ്ങളും "ലീലാതിലകം" "കേരളകൗമുദി" എന്നീ കേരളീയ കൃതികളും ആയിരുന്നു. പ്രസ്തുത വ്യാകരണഗ്രന്ഥങ്ങൾക്കും കേരളപാണിനിയുടെ വ്യാകരണത്തിനും തമ്മിൽ സാരമായ പലേ വ്യത്യാസങ്ങളും വിശേഷങ്ങളും ഉണ്ടു്. സായിപ്പന്മാരുടെ വ്യാകരണം ഇംഗ്ലീഷിലും ലീലാതിലകം സംസ്കൃതത്തിലുമാണു് രചിച്ചിട്ടുള്ളതു്. കേരളകൗമുദി മലയാളത്തിലാണെങ്കിലും ഗഹനമാണു്. വിശിഷ്യ ഇവയിൽ ചിലതു് സംസ്കൃത വ്യാകരണ തത്വങ്ങളേയും മറ്റു് അവ്യക്തപ്രമാണങ്ങളേയും ആസ്പദമാക്കിയാണു് രചിച്ചിട്ടുള്ളതു്. മലയാളഭാഷയ്ക്കു് സംസ്കൃതം മുതലായ മറ്റുഭാഷകളുടെ സാഹചര്യംകൊണ്ടു് ഗണ്യമായ പലേ അവസ്ഥാന്തരങ്ങളും വന്നിട്ടുണ്ടെങ്കിലും ദ്രാവിഡഗോത്രജയായ കൈരളിയുടെ അടിസ്ഥാനക്കല്ലായ വ്യാകരണം തമിഴിനെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ള പരമാർത്ഥം പൂർവോക്തരായ വൈയാകരണന്മാർ വിസ്മരിക്കയാണു് ചെയ്തിട്ടുള്ളതു്. അതിനും പുറമേ ആ ഗ്രന്ഥങ്ങൾ തനിവ്യാകരണങ്ങളുമല്ല. വ്യാകരണ വിഷയത്തിൽ അവ അപൂർണ്ണമെന്നു തന്നെ പറയണം. വിശിഷ്യാ സാഹിത്യശാസ്ത്രപ്രകാരമുള്ള രസം, ഗുണദോഷങ്ങൾ, അലങ്കാരങ്ങൾ, ഇവയേക്കൂടി പ്രതിപാദനവിഷയങ്ങളായി അംഗീകരിച്ചിട്ടുമുണ്ടു്. എന്നാൽ കേരളപാണിനിയാകട്ടെ, വ്യാകരണകാര്യങ്ങളെമാത്രം ആധാരമാക്കിയും ആഗമിക പ്രസ്ഥാനത്തെ വിധേയമാക്കിയും ആണു് അത്യുത്തമമായ "കേരളപാണിനീയം" രചിച്ചിട്ടുള്ളതു്. പ്രഥമവ്യാകരണാദികൾ അദ്ധ്യേതാക്കളുടെ പ്രായവും ചരിതസ്ഥിതിയും അനുസരിച്ചു് പലതായി തിരിച്ചു് ലളിതമായി ഗ്രഥിച്ചിട്ടുള്ളതാകുന്നു. സർവോത്തമമായ കേരളപാണിനീയത്തിൽ മലയാളഭാഷയുടെ സ്വതന്ത്രനില, അക്ഷരമാലയുടെ പൂർണ്ണവും വ്യക്തവും ആയ രൂപം, ഭാഷയുടെ പടിപടിയായുള്ള ഉൽക്കർഷാപകർഷതകൾ, വിഭക്തികളുടെ പേരുമാറ്റം, പ്രകൃതി പ്രത്യയങ്ങൾ നിർണ്ണയം, സ്ഥാനഭേദം, ധാതുനിരൂപണം, ചുട്ടെഴുത്തു്, പക്ഷാന്തരചർച്ചകൾ, സ്വതന്ത്രാഭിപ്രായങ്ങൾ, ഇവ സമുചിതമായി ചേർത്തിട്ടുണ്ടു്. ബഹുധാപ്രശസ്തവും പണ്ഡിതലാളനത്തിനു വിധേയവും, ആയി കൈരളിക്കു ലഭ്യമായ അമൂല്യനേട്ടമാണു് ഈ അസുലഭഗ്രന്ഥം. അതിനുശേഷം ഉണ്ടായിട്ടുള്ള മി: ശേഷഗിരിപ്രഭു, എം. എ. യുടെ "വ്യാകരണമിത്രം" സംസ്കൃതത്തേയും സാഹിത്യപഞ്ചാനനൻ ശ്രീ. പി. കെ. നാരായണപിള്ള അവർകളുടെ "വ്യാകരണപ്രവേശിക" കേരളപാണിനിയമതത്തേയും അവലംബിച്ചു രചിച്ചിട്ടുള്ളവയാകയാൽ അവയേപ്പറ്റി കൂടുതലായി ഒന്നും പറയണമെന്നു് ഉദ്ദേശിക്കുന്നില്ല. ആകയാൽ എല്ലാ പ്രകാരത്തിലും കേരളപാണിനീയം തന്നെയാണു് ഉത്തമവും സമാരാദ്ധ്യവുമായ വ്യാകരണശാസ്ത്രമെന്നു തികച്ചും അഭിപ്രായപ്പെടാം. ഈ മേന്മയാണു് അവിടുത്തേക്കു "കേരളപാണിനി"യെന്നുള്ള അന്വർത്ഥമായ അപരനാമധേയം പ്രദാനം ചെയ്യുന്നതിനു് ഇടയായിട്ടുള്ളതെന്നും പ്രസ്താവ്യമത്രെ. ആകപ്പാടെ ഈ വ്യാകരണരചനയിൽ അവിടുന്നു കാണിച്ചിരിക്കുന്ന കലാകുശലതയും പാണ്ഡിത്യവിചക്ഷണതയും മാതൃഭാഷാപ്രണയികളെ ആകമാനം ആനന്ദവാർദ്ധിയിൽ ആറാടിക്ക തന്നെ ചെയ്തിട്ടുണ്ടു്. സംസ്കൃതസാഹിത്യത്തിലെ അലങ്കാരസർവ്വസ്വം, കുവലയാനന്ദം മുതലായവയെ നിഷ്കൃഷ്ടമായി പരിശോധിച്ചും അവയിലെ സങ്കീർണ്ണമായ പ്രതിപാദനരീതിയെ ചർച്ച ചെയ്തും മലയാളത്തിനാവശ്യമായ വിധം ക്രമീകരിച്ചും അലങ്കാരബീജങ്ങളും മറ്റും നവീനമാതൃകയിൽ നിർണ്ണയിച്ചു തരംതിരിച്ചും സുഗമവും ലളിതവുമായി ഗ്രഹിക്കത്തക്കവണ്ണം രചിച്ചിട്ടുള്ള ഭാഷാഭൂഷണം പഠിതാക്കൾക്കും കാവ്യകാരന്മാർക്കും ഒരമൂല്യനിധിയും അവലംബഹസ്തവും ആയി തന്നെ പ്രശോഭിക്കുന്നുണ്ടു്. വൃത്തരത്നാകരത്തെ അടിസ്ഥാനപ്പെടുത്തിയും മലയാളരീതിയെ ആധാരമാക്കിയും സംസ്കൃതവൃത്തങ്ങളേയും ഭാഷാവൃത്തങ്ങളേയും വേർതിരിച്ചു് ലക്ഷ്യലക്ഷണം ചെയ്തിട്ടുള്ള വൃത്തമഞ്ജരിയും ഉത്തമമായ ഒരു ശാസ്ത്രഗ്ര

# നിർവാണരംഗം

(കോട്ടൂർ നാരായണപിള്ള ബി. ഏ.)

കളലളിതകളിർമധുരകാകളീലോലയാ
യണിനിടനമാട്ടുന്നഗ്രാമീണദേവത.
സ്മൃതിമധുരരുചിരതരചിന്താതരംഗിതം
പുളകിതമനോജ്ഞമീനൃത്തപശ്ചാത്തലം
മധുസുമഗമഹിതതരമലരണി നികുഞ്ജകം
മൃദുലളിതമിളിതകളകാകളീപൂജിതം.
പരിമൃദുലപരിലസിതപരിമള സമാവൃതം
തരളതരശിശിരമയവാരിളംവാഹകം.
കളിരിളകമതിചപലപവനപരിചാലിതം
കനകമയകതിർലസിതപ്പാടപ്പരപ്പുകൾ.
കരൾകവരുമരുണകരകനകമയകാന്തിയിൽ
വിദലസുമപുളകിതസരോജസരസ്സുകൾ
പ്രതിഫലിതഗഗനതലവിമലജലപേശലം
മലരണിയുമലയിളകമോമനച്ചോലകൾ.
മലർമിളിതമുകുളനിരയണിലളിതവല്ലിയൊ-
ത്തതികുതുകമണിനടനമാട്ടുംതരുക്കളും,
കുളിരിളകമതിമൃദുലസുരഭിലസമീരനാ-
ലനവരതമതിസരസമാലോലവീജിതം.

ഹരിതതരുതലയതുല്യരാഗം കലക്കിയി-
ട്ടരുളമഭിനന്ദനമെന്നും കുലാദ്രികൾ.
പരിമുദിതഹൃദയപരിതുഷ്ടയായ് നിത്യവും
വനതടിനിപാടിക്കുണുങ്ങിക്കടന്നിടും.
ഗഗനതലമതിതരളതാരകത്താരിനാ-
ലന്ദിവസമാനന്ദരോമാഞ്ചമാന്നിടും

അതിമധുരകവിതകളിയാട്ടമിമ്പ്-ഭൂമിയിൽ
അലയിളകിനിൽക്കുന്നശാന്തിതൻ-സൗരഭം
മദഭരിതകുടിലതവിളയ്ക്കും നഗരമേ!
അടിതൊഴുകനീയീസമാരാദ്ധ്യ വേദിയിൽ.
പരിമുദിതഹൃദയ പരിരംഭണോൽഭ്രതസു-
പ്രഭതിരളമോമൽക്കലാപൂർണ്ണരംഗമേ!
നിരഘതരസുകൃതമയസായൂജ്യകാന്തിയിൽ
സകലവുമലിയുന്നനിർവാണരംഗമേ!
അനവരതമവനിയൊരുനാകമായ്ത്തീ-ർന്നീ
ജയ! ജയ! സമാരാദ്ധ്യഗ്രാമീണമഞ്ജിമേ!

---

ന്ഥം തന്നെയാണ്. നവീനവും മതൃകാപരവുമായ അധുനിക ഗദ്യപ്രസ്ഥാനത്തിന് അഭ്യുൽകർഷണം ചെയ്തതു് ഇംഗ്ലീഷുഭാഷയാണെന്നു മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പദ്യമെഴുതുന്നതിനു പലേ ഭാഷകളിലും ശാസ്ത്രീയനിയമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഗദ്യമെഴുതുന്നതിനു പറയത്തക്ക നിയമങ്ങളൊന്നും ഇല്ല. അതിനാൽ ഗദ്യരചന ശാസ്ത്രീയമായി സാധിക്കുന്നതിനുവേണ്ടി രചിച്ചിട്ടുള്ള സാഹിത്യസാഹ്യം അഭിനന്ദനവിധേയമെന്നപോലെ നൂതനവും ആണെന്നുള്ളതു് പ്രസ്തുത്യമാണ്. ശരിയായും ഉത്തമമാതൃകായുക്തമായും ഗദ്യരചന നടത്തുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയും ശാസ്ത്രീയമായ ചർച്ചകൾ ഇടകലർത്തിയും യഥോചിതം ഉദാഹരണങ്ങളോടുകൂടിയും ആണു് ഈ ഗ്രന്ഥം പ്രസിദ്ധം ചെയ്തിട്ടുള്ളതു്. വിശിഷ്യാ മാതൃകാപരമായ നിരൂപണസമ്പ്രദായം പ്രത്യേകം വിശദീകരിച്ചിട്ടുമുണ്ട്. ബഹുധാ കൈരളിക്കു മാന്യതയും പുരോഗമനാവസ്ഥയും വരുത്തിയ അവിടുന്ന് മലയാളസാഹിത്യക്ഷേത്രത്തിലെ അനശ്വരമണിദീപമായി ലാലസിക്കതന്നെ ചെയ്യുന്നു. വിശിഷ്യ അവിടുത്തെ അനന്യസാധാരണമായ ധിഷണാപാടവത്തേയും കലാകുശലതയേയും സാഹിത്യമർമ്മജ്ഞതയേയും പ്രഖ്യാപനം ചെയ്യുന്ന പ്രത്യായപത്രികകളായി പ്രസ്തുത ശാസ്ത്രഗ്രന്ഥങ്ങൾ പ്രശോഭിക്കയും ചെയ്യുന്നുണ്ട്.

—*—


## ബോധനചന്ദ്രിക.

**A KEY TO GENERAL KNOWLEDGE IN TEACHER'S TRAINING**

വിദ്യാഭ്യാസവും ബോധനവും സംബന്ധിച്ച തത്വങ്ങളെ വിവിധവിഷയങ്ങളുമായി സംഘടിപ്പിച്ച് പുതിയ രീതിയിൽ തയാറാക്കിയിരിക്കുന്നതു്.

വില കേവലം എട്ടണ മാത്രം.

ഗ്രന്ഥകാരൻ:

വിദ്വാൻ, വി. കൃഷ്ണൻ നമ്പൂതിരി.

എം. ആർ. എ. എസ്സ്. തിരുവല്ലാ A. O. & P. O.

ഉടനെ ഗ്രന്ഥകാരനോടാവശ്യപ്പെടുക!

## ക്രൈസ്തവ മഹിളാമണി ചിത്രമാസിക.

കണ്ടാൽ കയ്യിലെടുക്കും; കയ്യിലെടുത്താൽ താഴത്തുവയ്ക്കുകയില്ല; ചന്തംചിന്തുന്ന ലേഖനങ്ങളുടെ അലതല്ലൽ; രസകരങ്ങളായ ബ്ളോക്കുകൾ; സംഭ്രമജനകങ്ങളായ ചെറുകഥകൾ; ആസ്വാദ്യങ്ങളായ പദ്യസമുച്ചയങ്ങൾ; ഹൃദയവേദിയെ മരുക്കാൻ കഴിയുന്ന അദ്ധ്യാത്മോപദേശങ്ങൾ; പലതരം പാചകോപദേശങ്ങൾ മുതലായവയാൽ "മഹിളാമണി" പരിലസിക്കുന്നു. സ്ത്രീകളും കുട്ടികളും ഉള്ള വീടിനു അത്യാവശ്യപ്രസിദ്ധീകരണം.

ആർട്ടുപ്പതിപ്പു വലിപ്പം. കമനീയമുഖചിത്രം.

൨-ാം വാല്യം ൧-ാംലക്കം പുറപ്പെട്ടിരിക്കുന്നു. ഉടനെ ആവശ്യപ്പെടുക.

വരിസംഖ്യ ആണ്ടിൽ ൨ രൂപാ മാത്രം.

മാനേജർ, മഹിളാമണി, തിരുവല്ലാ.

# 1940-നവവൽസരം-1940

## 1939-ലെ സർവ്വപ്രധാനസംഭവങ്ങൾ.

ജനുവരി

പൗരസ്ത്യരാജ്യങ്ങളിൽ ഒരു "നവ്യപ്രസ്ഥാനം" നടപ്പിലാക്കുവാനുള്ള ജപ്പാന്റെ ശ്രമത്തെ അമേരിക്കാ പ്രതിഷേധിച്ചു.

ബ്രിട്ടനുള്ളിടത്തോളം കേവുപാടുള്ള സബ്മറൈൻ കപ്പലുകൾ ഉണ്ടാക്കുന്നതിനു് ആംഗ്ലോ-ജർമ്മൻ ഉടമ്പടിപ്രകാരം ജർമ്മനി ആഗ്രഹം പ്രകടിപ്പിച്ചു.

ഫ്രഞ്ചു പ്രധാനമന്ത്രിയായ എം. ഡലാഡിയർ കോഴ്സിക്കായും വടക്കേ അമേരിക്കയിലുള്ള ഫ്റഞ്ചുകോളനികളും സന്ദർശിക്കുകയും, ഫ്റാൻസ് സശക്തമാണെന്നു് പ്രഖ്യാപനം ചെയ്കയുമുണ്ടായി.

ബ്രിട്ടീഷ്പ്രധാനമന്ത്രി മി: ചേംബർലെയിനും, ഹാലിഫാക്സ് പ്രഭുവും റോമിലെത്തി മാർപാപ്പാ തിരുമേനിയെ സന്ദർശിച്ചു.

ബാഴ്സിലോണിയാ ജനറൽ ഫ്റാങ്കോയുടെ സൈന്യശക്തിക്കു കീഴടങ്ങി.

ഫെബ്രുവരി.

പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമേനി ദിവംഗതനായി.

ജപ്പാൻസൈന്യങ്ങൾ ഹെയിനാൻ ദീപിൽ കപ്പലിറങ്ങി.

ആക്രമണിനിരോധനം സംബന്ധിച്ചു് ബ്രിട്ടീഷ്ഗവമ്മെന്റിനു കടംവാങ്ങിക്കാവുന്ന സംഖ്യ ൪൦ കോടി പവനിൽനിന്നു ൮൦ ലക്ഷം പവനായി വദ്ധിപ്പിച്ചു.

മുപ്പത്തയ്യായിരം ടൺ കേവുപാടുള്ള "കിംഗ്ജോർജ്ജ്ഫിഫ്ത്ത്" എന്ന പുതിയ ബ്രിട്ടീഷ് യുദ്ധക്കപ്പൽ കടലിലിറക്കി.

മാർച്ച്.

കാർഡിനൽ പച്ചെല്ലി തിരുമനസ്സുകൊണ്ടു് പീയൂസ് പന്ത്രണ്ടാമൻ മാർപ്പാപ്പായായി അധിരോഹിക്കപ്പെട്ടു.

ജർമ്മനിയുടെ ആക്രമണസൈന്യം പ്രേഗിൽ പ്രവേശിക്കയും ചെക്കോസ്ലോവാക്യപിടിച്ചടക്കുകയും ചെയ്തു.

സ്പെയിൻ ജനറൽ ഫ്റാങ്കോയിക്കു് കീഴടങ്ങി. "റിപബ്ളിക്കൻ സ്പെയിൻ" അവസാനിച്ചു.

ടെറിറ്റോറിയൽ സൈന്യശക്തി ഇരട്ടിയായിവർദ്ധിപ്പിക്കണമെന്നു (൪൩൦൦൦൦ പേർ) നിശ്ചയിച്ചു.

പോളണ്ടിന്റെ ആക്രമണത്തിൽനിന്നു രക്ഷിക്കുവാൻ സഹായവാഗ്ദാനം ചെയ്തുകൊണ്ടു് ബ്രി: പ്രധാനമന്ത്രി കോമൺസ് സഭയിൽ ഒരു പ്രസ്താവന ചെയ്തു.

ഏപ്രിൽ

എംലിബ്രൺ ഫ്റഞ്ചുറിപ്പബ്ളിക്കൻ പ്രസിഡണ്ടായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

ഇററലി, ആൽബേനിയായെ ആക്രമിച്ചു ജയിച്ചു.

പത്തുവർഷക്കാലത്തേക്കു്, നിർദ്ദിഷ്ടങ്ങളായ മുപ്പതുരാജ്യങ്ങളാക്രമിക്കരുതെന്നു് അപേക്ഷിച്ചുകൊണ്ടു് അമേരിക്കൻ പ്രസിഡണ്ടായ മി: റൂസ്വെൽററു് ഹിററ്ലർക്കും, മുസ്സോളിനിക്കും ഒരു സന്ദേശമയച്ചു.

റീച്ച്സ്റ്റോക്കു് കൊട്ടാരത്തിൽവച്ചു് ഹിററ്ലർ, റൂസ്വെൽററിനു മറുപടിയായി ചരിത്രപ്രസിദ്ധമായ പ്രസംഗം ചെയ്തു.

മെയ്

വിദേശസോവ്യററു് കമ്മീഷണറായ ലിററ്വിനോഫ് രാജിവച്ചു. ബ്രി: ചക്രവത്തി തിരുമേനിയും ചക്രവത്തിനി തിരുമേനിയും കാനഡായിലേക്കു് കപ്പലിൽ എഴുന്നെള്ളി.

സ്പെയിൻ സർവ്വരാജ്യസഖ്യത്തിൽനിന്നു പിന്മാറി.

മെഡിററേനിയൻ ഭാഗത്തുവച്ചുണ്ടായിരുന്ന യുദ്ധത്തിൽ പരസ്പരം സഹായിക്കാമെന്നു ബ്രിട്ടീഷ്ഗവമ്മെന്റും തുക്കിഗവണ്മെന്റും സഖ്യം ചെയ്തു.

പത്തു കൊല്ലത്തിനകം സ്വാതന്ത്ര്യമനുവദിക്കാമെന്നുള്ള "പാലസ്റ്റൈൻവൈററ്പേപ്പർ" പ്രസിദ്ധപ്പെടുത്തി.

ജനറൽ ഫ്രാങ്കോ മാഡ്റഡിൽ കൂടി ജൈത്രയാത്ര നടത്തി.

ഇററലിയും ജർമ്മനിയും തമ്മിലുള്ള സൈനികസഖ്യത്തിനു ജർല്ലിനിൽ വച്ചു് ഒപ്പു വച്ചു.

ജൂൺ

തെററിസ് എന്ന അന്തർവാഹിനിക്കപ്പൽ മുങ്ങിയതുമൂലം ൯൧ പേർ മരിച്ചു. അമേരിക്കാസന്ദർശനം കഴിഞ്ഞു് ചക്രവത്തി തിരുമേനിയും ചക്രവത്തിനി തിരുമേനിയും ഇംഗ്ലണ്ടിൽ തിരിച്ചെത്തി.

ജൂലായി.

ചൈനായിൽ ജപ്പാനുള്ള അവകാശങ്ങളെ സംരക്ഷിക്കുന്നതു സംബന്ധിച്ചു് ടോക്കിയോയിൽ വച്ചു് ആംഗ്ലോ ജാപ്പനീസ് കോൺഫ്രൻസ് നടന്നു. ൧൯൧൧-ലെ വാണിജ്യയുടമ്പടിപ്രകാരം അമേരിക്കാ ജപ്പാനു ആറുമാസം മുൻപു് പ്രതിഷേധനോട്ടീസ് കൊടുത്തു.

ഓഗസ്റ്റ്.

റഷ്യാ-ജർമ്മൻ വാണിജ്യയുടമ്പടിക്കു് ഒപ്പു വച്ചു.

ഡാൻസിംഗിലെ ഭരണമേധാവിയായി ഹിററ്ലർ, ഹെർഫോർസ്റ്ററെ നിയമിച്ചു. റഷ്യാ-ജർമ്മൻ അനാക്രമണം സന്ധിമോസ്ക്കോയിൽ വച്ചു് ഒപ്പു വച്ചു.

അടിയന്തിരാധികാര നിയമം ബ്രി: പാർല്ലിമെന്റിൽ പാസ്സായി.

സെപ്തംബർ.

ഇററാലിയൻ സൈന്യങ്ങളെ രണ്ടായി ഭാഗിച്ചു് കിരീടാവകാശിയായ രാജകുമാരന്റേയും മാർഷൽ ഗ്രസ്സാനിയുടെയും കീഴിലാക്കി. ജർമ്മനി, പോളണ്ടിനെ ആക്രമിച്ചു.

ബ്രിട്ടനിൽ സൈന്യശേഖരണം ജർമ്മനിക്കു് ബ്രിട്ടൻ അന്ത്യശാസനം നൽകി.

൩-ാം രാവിലെ ൧൧ മണിക്കു് ബ്രിട്ടനും ൫ മണിയിൽ കഴിഞ്ഞു ഫ്രാൻസും ജർമ്മനിയോടു യുദ്ധപ്രഖ്യാപനം ചെയ്തു. റഷ്യ പോളണ്ടിനെ ആക്രമിച്ചു.

ഒക്ടോബർ.

റഷ്യയും ലിത്വേനിയായും തമ്മിലും ബ്രിട്ടനും ഫ്രാൻസും, തുക്കിയും തമ്മിലുള്ള പരസ്പരസഹകരണസന്ധിക്കു്ഒപ്പുവച്ചു.

നവംബർ.

മ്യൂണിച്ചിൽ വച്ചു് ഹിററ്ലരെ കൊല്ലുവാനുള്ള ബോംബേറിൽനിന്നു് ഹിററ്ലർ രക്ഷപെട്ടു.

റഷ്യ, ഫിൻലണ്ടിനെ ആക്രമിച്ചു.

ഡിസംബർ

പാർല്ലിമെന്റിന്റെ രഹസ്യസമ്മേളനംകൂടി.

റഷ്യയെ സർവ്വരാജ്യസഖ്യത്തിൽ നിന്നുബഹിഷ്ക്കരിച്ചു.

തുക്കിയിൽ ഭയങ്കരമായ ഭൂകമ്പവും വെള്ളപ്പൊക്കവും കൊടുങ്കാററും.

# അണിയറയിൽ.

## (ഉപഗുപ്തൻ)

നമ്മുടെ ദൃഷ്ടികൾക്കു വിഷയമാകാത്തവയും എന്നാൽ ആകേണ്ടവയുമായ ചില സ്ഥാപനങ്ങളുണ്ടു്. അവയിലൊന്നാണു് അണിയറ. അണിയറയിൽ എന്തു നടക്കുന്നുവെന്നു് അറിയുവാൻ ജിജ്ഞാസയില്ലാത്തവർ ഉണ്ടോ എന്നു സംശയമാണു്. നാടകക്കാരാണു് അണിയറ സൃഷ്ടിച്ചതെന്നു തോന്നുന്നു. അവക്കായിരുന്നു അതിന്റെ ആവശ്യവും. നിങ്ങൾ നാടകം കാണുവാൻ രണ്ടോ പത്തോ രൂപാ മുടക്കി ടിക്കറ്റും വാങ്ങി മുൻനിരയിൽ കസേരയിൽ കർട്ടൻ പൊങ്ങുന്നതും നോക്കി അങ്ങനെയിരിക്കുകയാണു്. അണിയറയിലെന്തോ ഘോഷങ്ങളും ബഹളങ്ങളും നടക്കുന്നുണ്ടെന്നു് നിങ്ങൾക്കറിയാം. ഒരിടത്തു പൌഡറിടുന്ന വിദ്വാൻ, മറെറാരിടത്തു കത്തിയുമായി മുഖം വടിക്കുവാൻ ധൃതികൂട്ടിയിരിക്കുന്ന രാജപ്പാർട്ടുകാരൻ, മറെറാരിടത്തു തല ചീകുകയോ "ടെപ്പ്" ടുക്കുകയോ ജമ്പർ തിരിയുകയോ ചെയ്യുന്ന സ്ത്രീപ്പാർട്ടുകാരനോ കാരിയോ പല വർണ്ണക്കുപ്പായങ്ങൾ ഇട്ടു നോക്കുന്ന വിദൂഷകനും സൂത്രധാരനും വിളക്കു തെളിക്കുന്നവനും എല്ലാംകൂടിയായ, സ്റ്റേജിലെ നിതാന്തസേവകനായ നാണം കെട്ട വേഷക്കാരൻ-ഇവരെല്ലാം കൂടി അവിടെ ഒരു തിരക്കാണു്. പ്രധാന വേഷക്കാരൻ വന്നിട്ടില്ലെന്നറിഞ്ഞു സംഭ്രാന്തനായ മാനേജരുടെ പരക്കംപായുന്നു.

ഇങ്ങനെയുള്ള കോലാഹലങ്ങളൊന്നും നാം അറിയാതെയിരിക്കുകയാണു്. ഒടുവിൽ സകല പ്രേക്ഷകരുടെയും ക്ഷമയുടെ നെല്ലിപ്പലക കാണാറാകുമ്പോൾ, കർട്ടൻ പൊങ്ങുന്നു. ഒരുപാട്ടും ഘോഷവും വേഷക്കാരുടെ ചാടിച്ചാടിയുള്ള വരവും ഉണ്ടാകുന്നു. നാടകം ക്രിസ്തുചരിതമാണെന്നിരിക്കട്ടെ. മഹാസാത്വികനായ ക്രിസ്തുഭഗവാന്റെ വേഷമെടുത്തു താൻ ക്രിസ്തുവാണെന്നു സ്വയം സങ്കല്പിച്ചു് വേദികയിൽ നിന്നു ഗിരിപ്രഭാഷണം നടത്തിയ വേഷക്കാരന്റെ പുറകെ നിങ്ങൾ ഒന്നു അണിയറയിലേക്കു ചെന്നു നോക്കുക. അപ്പോൾ കാണാം ആ ക്രിസ്തു വേഷക്കാരൻ തന്റെ തനി സ്വഭാവം പുറത്തു കാട്ടി, പത്രോസ് അപ്പൊസ്ഥലനുമായി ഒരു മുറിബീഡിക്കു വഴക്കുണ്ടാകുന്നതും വേണ്ടിവന്നാൽ കരണക്കുററി തടവുന്നതും.

ഒരിക്കൽ കണ്വമഹർഷിയുടെ താടിമീശ മുഴുവൻ അണിയറയിൽ വച്ചു ശകുന്തളയുടെ തോഴിമാരിൽ ഒരുവൾ വലിച്ചു പറിച്ചു കളകയാൽ വേറെ മീശ കൊണ്ടുവരുന്നതുവരെ കർട്ടൻ പൊക്കാൻ നിവൃത്തിയില്ലാതെ വന്നു. പകുതി അണിയറയിലും പകുതി വേദികയിലുമായി ആ സ്ഥാനമുറപ്പിക്കുന്ന ഹാമ്മോണിയക്കാരൻ മാത്രമാണു് ഇതിനെല്ലാം സാക്ഷിയായിരിക്കുന്നതു്.

ഈ ലോകം തന്നെ ഒരു നാടകമായതുകൊണ്ടാണു നാടകക്കാരുടെ കാര്യം ആദ്യം പറഞ്ഞതു്. നിങ്ങൾ വഴിക്കു വച്ചു് ഒരു അപരിചിതനെ കാണുന്നു. ആൾ വളരെ മാന്യമായി വസ്ത്രം ധരിച്ചിട്ടുണ്ടു്. തലയിൽ കെട്ടിയിരിക്കുന്നതു് പത്തു രൂപായെങ്കിലും വില വരുന്ന ഒരു കസവുനേര്യതാണു്. ആകപ്പാടെ വളരെ സരസനായിട്ടുണ്ടു്. അയാളുടെ അണിയറയിലെക്കൊന്നു് എത്തിനോക്കുവാൻ സാധിച്ചാൽ നിന്നു അമ്പരക്കും. രണ്ടു് ഉണക്കക്കപ്പക്കഷണവും കുറെ പഴങ്ങഞ്ഞിവെള്ളവുമാണു് ഏററവും താഴത്തെ അണിയറയിലുള്ളതു്. അതിന്റെ മുകളിലത്തെ അണിയറയിൽ ഒരു അക്ഷരത്തിന്റെ ഗന്ധവും കൂടിയില്ല. എല്ലാം ഊഷരപ്രദേശം. കുറേക്കൂടി മുകളിലുള്ള അണിയറയിൽ തലച്ചോറിനു പകരം വെറും വെളിയായിരിക്കും കാണുക. കസവുനേര്യതിന്റെ അണിയറക്കഥ അലക്കുകാരനോടുള്ള വായ്പയിലാണു് അവസാനിക്കുക. അമ്പോ! അണിയറയിലും വെളിമുററത്തുമുള്ള വ്യത്യാസങ്ങൾ!

നിങ്ങളുടെ ഒരു ബഹുമാന്യ സ്നേഹിതന്റെ വസതിയിലേക്കു ചെല്ലുക. ചെല്ലുമ്പോൾ നിങ്ങൾക്കു ഹൃദയപൂർവ്വമായ സ്വീകരണം ലഭിക്കുന്നു. പക്ഷേ അണിയറയിലിരുന്നു് ഒരു സ്വത്വം പ്രാകുന്നുണ്ടായിരിക്കും; ഒരു അക്ഷരശ്ശൂന്യയായ ഭാര്യ. അവിടെ നിന്നു് ഒരു അടികലശലും കഴിഞ്ഞു പരാജയപ്പെട്ടു മടങ്ങി വന്ന ഗൃഹനായകനാണു് നിങ്ങളെ സൽക്കരിച്ചതു്! നിങ്ങൾ ശുദ്ധഗതിക്കാരൻ, ഇവയെല്ലാം നേരാണെന്നു വിശ്വസിക്കുന്നു.

പരിഷ്കൃതനഗരത്തിലെ ഒരു വൻപിച്ച ഹോട്ടലിലേക്കു പ്രവേശിക്കുക. മാർബിൾ മേശകളും വെള്ളിപ്പാത്രങ്ങളും വില കൂടിയ ഭക്ഷണപദാർത്ഥങ്ങളും നിങ്ങൾക്കു കിട്ടും. അതിന്റെ അണിയറയിലോ കുഷ്ഠരോഗികൾവരെയുള്ള പാചകന്മാരും ജനിച്ചതിൽ പിന്നെ കുളിച്ചിട്ടില്ലാത്ത വെള്ളം കോരുകാരും സർവ്വരോഗാണുനിർഭരമായ വസ്ത്രങ്ങൾ ധരിച്ചു നടക്കുന്ന അടുക്കളെച്ചണ്ഡാലികളും. നിങ്ങൾക്കു കോളറാ പിടിക്കാത്തതു അത്ഭുതം തന്നെയായിരിക്കും.

കച്ചേരിയിലും ജയിലിലും പത്രമാഫീസിലും ആശുപത്രിയിലും, വ്യവസായശാലയിലും സ്വർഗ്ഗത്തിൽപോലും അണിയറയുണ്ടു്; അവിഭാജ്യഘടകമായ ഒരു അണിയറ!

—)x(—


### പ്രേമപ്രവാഹം

അഥവാ

## ഭക്തകുചേലൻ.

കണ്ടാൽ കണ്ണുനിറയും; വായിച്ചാൽ കരളലിയും; വള്ളത്തോൾ, റാവുസാഹിബ് ഒ. എം. ചെറിയാൻ മുതൽപേരുടെ അവതാരികയോടു കൂടിയതു്. കരയാതെ ഈ പുസ്തകം വായിച്ചവസാനിപ്പിക്കാൻ സാധിക്കയില്ലതന്നെ.

വില വളരെ കുറച്ചിരിക്കുന്നു. ഒററപ്രതിക്കു് ൪ ണ. മാത്രം.

മാനേജർ,
മഹിളാമണി ബുക്കുഡിപ്പോ,
തിരുവല്ലാ.

# പഞ്ചേന്ദ്രിയങ്ങളും ജ്യോതിഃശാസ്ത്രതത്വങ്ങളും.


## ഗ്രഹങ്ങൾക്കു മനുഷ്യാവയവങ്ങളുമായുള്ള ബന്ധം.

(പി. ആനന്ദൻ, പാമ്പാടി)

"സൎവ്വജ്ഞാനം ശ്രേഷ്ഠതരം
തത്വാക്ഷേത്രതത്വദൎശനം ലോകെ
ജ്യോതിഷതന്ത്രാത്തത്വ
ദൎശനമായാതിജ്യോതിഷം തത്വം"

എന്നാണ് അഭിജ്ഞമതം. ലോകത്തിൽ ശ്രേഷ്ഠതരമായ അറിവ് ഏതൊന്നാണോ, അതു് തത്വദൎശനമെന്നാണു പറയുന്നതു്. ഈ തത്വദൎശനം ജ്യോതിശ്ശാസ്ത്രം വേണ്ടതുപോലെ അഭ്യസിച്ചാൽ സിദ്ധിക്കുന്നതാണ്. തന്നിമിത്തം ജ്യോതിഷം വലുതായ ഒരു തത്വശാസ്ത്രമായി വിചാരിക്കണം എന്നാണ് മേലുദ്ധരിച്ച പദ്യത്തിൻെറ താല്പൎയ്യം.

ജ്യോതിഷതന്ത്രത്തിൽ ഫലഭാഗത്തെ സംബന്ധിച്ചു ലക്ഷണം പറയുന്ന ഒരു മാൎഗ്ഗമുണ്ടു്. ഇതു പറയുന്നതു കേട്ടാൽ വളരെ അത്ഭുതം തോന്നും. "സ്വേസ്സവ" മൂലമാണിപ്രകാരം ഫലം പറയുന്നതു് എന്നുകൂടി ചിലർ പറഞ്ഞുപോകുന്നു. എന്നാൽ ഇതിലേക്കു പ്രത്യേകമായി ലാഞ്ഛനം എന്ന ഒരു ഗ്രന്ഥമുണ്ടു്. ലാഞ്ഛനപ്രകാരം ലക്ഷണം പറയുന്നതിന് രാശിഗ്രഹനിലകളെ ചിന്തിക്കേണ്ട ആവശ്യമില്ല. ഇതിനു പ്രമാണമായി വേണ്ടതു് പ്രകൃതിചിന്തനമാകുന്നു. ശബ്ദം, സ്പൎശം, രൂപം, രസം, ഗന്ധം, ഇവമൂലം "അദൃശ്യപ്രകൃതി" എന്നൊന്നു് നമ്മെ അനുഭവപ്പെടുത്തുന്നു. ജന്തുക്കളുടേയും വിശേഷിച്ചു് മനുഷ്യരുടേയും ശരീരത്തിൽ മുൻപ്രസ്താവിച്ച പഞ്ചേന്ദ്രിയങ്ങൾ വൎത്തിക്കുന്നുണ്ടു്. ഇവയിൽവച്ചു് ഗന്ധം ഭൂമിയുടേയും, രസം വെള്ളത്തിൻേറയും, രൂപം അഗ്നിയുടേയും, സ്പൎശം വായുവിൻേറയും, ശബ്ദം ആകാശത്തിൻേറയും പരിണാമത്തിൽനിന്നു് ഉണ്ടായിട്ടുള്ളവയാണ്. എങ്കിലും ബുധൻ, ശുക്രൻ, കുജൻ, ശനി, ഗുരു ഈ അഞ്ചു ഗ്രഹങ്ങളും മുൻപറഞ്ഞ അഞ്ചു ഇന്ദ്രിയങ്ങളും തമ്മിൽ വിശേഷമായ ഒരു സംബന്ധം ഉണ്ടു്. എങ്ങിനെയെന്നാൽ ബുധനു ഗന്ധവും ശുക്രനു രസവും, കുജനു രൂപവും, ശനിയ്ക്കു സ്പൎശവും വ്യാഴത്തിനു ശബ്ദവുമായിട്ടാണ് ബന്ധമുള്ളതു്. ഈ ഗ്രഹങ്ങളുടെ ബലാബലങ്ങളെയും, ഇഷ്ടാനിഷ്ട സ്ഥിതികളെയും, സംബന്ധിച്ചാണ് പ്രസ്തുത പഞ്ചേന്ദ്രിയങ്ങളുടെ സ്ഥിതി. ഗ്രഹങ്ങൾ ബലവാന്മാരായി ഇഷ്ടത്തിൽ നിൽക്കുന്നപക്ഷം ഇന്ദ്രിയങ്ങൾക്കുവേണ്ട ബലവും, ശുദ്ധിയും, അതതിൻെറ കൎമ്മത്തിനുള്ള ശക്തിയും



(മിസ്റ്റർ. പി. ആനന്ദൻ.)

ഉണ്ടാകും. ഗ്രഹങ്ങൾ ബലം കുറഞ്ഞു് അനിഷ്ടത്തിൽ നിൽക്കുകയാണെങ്കിൽ ഇന്ദ്രിയങ്ങൾ ക്ഷയിച്ചു് ശുചിയില്ലാതെ അതതുകൊണ്ടുള്ള ഉപയോഗത്തിനു പോരാതെ വരും. ഗ്രഹങ്ങളും ഇന്ദ്രിയങ്ങളും തമ്മിൽ സംബന്ധമുള്ളതുകൊണ്ടു് ഇന്ദ്രിയങ്ങളുടെ നിലയും ഇന്ദ്രിയങ്ങളെക്കൊണ്ടു ഗ്രഹങ്ങളുടെ നിലയും സാമാന്യമായി ജാതകം സംബന്ധിച്ചിടത്തോളം കണ്ടുപിടിക്കാൻ കഴിയും.

ഓരോ ഗ്രഹങ്ങളുടെ ദശാകാലത്തു അതതു ഗ്രഹങ്ങളെ സംബന്ധിച്ച ഇന്ദ്രിയങ്ങൾക്കു് എന്തെങ്കിലും പൂൎവ്വാധികം ഒരു വിശേഷം സംഭവിക്കും. ഈ സംഭവം ഗുണമായിട്ടും ദോഷമായിട്ടും വരും. ദശാധിപൻ നല്ല നിലയിൽ നിൽക്കുന്നപക്ഷം ഗുണവും, ദശാധിപൻ ദുൎന്നിലയിലാണെങ്കിൽ ഇന്ദ്രിയത്തിനു ദോഷവും സംഭവിക്കും. ദശമാറിയാലുടൻ ഇന്ദ്രിയങ്ങൾക്കും അല്പം മാററം സംഭവിക്കും. ഇന്ദ്രിയങ്ങളിൽ സംഭവിക്കുന്ന വ്യത്യാസങ്ങൾ അപ്പോഴപ്പോൾ ഏവൎക്കും അല്പം ചിന്തിച്ചാൽ അറിയുവാൻ കഴിയുന്നതാണ്.

പഞ്ചേന്ദ്രിയങ്ങൾക്കു് നമ്മുടെ ചില അവയവങ്ങളുമായി പ്രത്യേകബന്ധം ഉണ്ടു്. ഗന്ധം എന്നതിന് നാസിക (മൂക്കു്) എന്നും, രസം എന്നതിന് രസന (നാക്കു്) എന്നും, രൂപം എന്നതിന് നേത്രം (കണ്ണ്) എന്നും, സ്പൎശം, എന്നതിന് ത്വക്കു് (തൊലി) എന്നും ശബ്ദം എന്നതിന് കൎണ്ണം (ചെവി) എന്നും പ്രത്യേകമായ അൎത്ഥംകൂടി ഉണ്ടു്. ഈ അവയവങ്ങൾ ആധാരങ്ങളും, ശക്തികൾ ആധേയങ്ങളുമാകുന്നു. തന്നിമിത്തം അവയവങ്ങളുടെയും, ശക്തികളുടെയും ഗുണദോഷങ്ങൾ പരസ്പരം വ്യാപിക്കും.

### ഭൂമി.

ഒരു ശരീരത്തിലുള്ള നാസിക, എന്ന അവയവവും അതിനെ സംബന്ധിച്ച വൎത്തിക്കുന്ന ഗന്ധഗ്രഹണം എന്ന ശക്തിയും ആ ശരീരത്തിൽ ചേൎന്നിട്ടുള്ള ഭൂമ്യാംശങ്ങളുടെ അളവിനേയും അതിൻെറ ഗുണദോഷങ്ങളെയും തെളിയിക്കുന്നു. ഓരോ വസ്തുക്കളിലുമുള്ള ഗന്ധങ്ങളെ പരീക്ഷിച്ചു് തിരിച്ചറിയുന്നതിനുള്ള വൈഭവം ഗന്ധഗ്രഹണത്തിന് ഉണ്ടെങ്കിൽ ആ ശരീരത്തിൽ ഭൂമ്യാംശം ധാരാളം ശരീരത്തിൽ ചേൎന്നിട്ടുണ്ടെന്നും, ഇതുതന്നെ വളരെ നിൎമ്മലങ്ങളെന്നും, നിശ്ചയിക്കാം. ഭൂമ്യംശം ധാരാളം ശരീരത്തിൽ ഉണ്ടെങ്കിൽ അവൎക്കു് ഗന്ധദ്രവ്യങ്ങളിൽ സാധാരണ മനുഷ്യൎക്കു വരാവുന്ന ആഗ്രഹമല്ലാതെ അതിൽക്കവിഞ്ഞ ഒരു ഭ്രമം വരികയില്ലാ. ഭൂമ്യാംശത്തിൻെറ കുറവുകൊണ്ടാണ്, സുഗ

ന്ധദ്രവ്യങ്ങളിൽ കലശലായ ഭ്രമം മനുഷ്യക്കു സംജ്ജാതമാകുന്നതു്.

ജലം

ജിഹ്വ (നാക്കു്) എന്ന അവയവവും, അതിൽ സംബന്ധിച്ചു വത്തിക്കുന്ന "രസഗ്രഹണം" എന്ന ശക്തിയും, ശരീരത്തിൽ ചേൎന്നിട്ടുള്ള ജലാംശങ്ങളുടെ അളവിനേയും, അതിൻെറ ഗുണദോഷങ്ങളേയും വെളിവാക്കുന്നു. ഓരോ വസ്തുക്കളും നാക്കത്തു വച്ചു ഉടൻ അതിൽ മധുരം, മുതലായ ഇന്നിന്ന രസങ്ങൾ ചേൎന്നിട്ടുണ്ടെന്നും, ആകപ്പാടെ അതിൻെറ ഗുണങ്ങളിന്നതെന്നും ശേഷം ശേഷേന്ദ്രിയങ്ങളുടെ സഹായം കൂടാതെ നിശ്ചയിക്കുന്നതിനുവെള്ള വൈഭവം ഉണ്ടെങ്കിൽ ആശരീരത്തിൽ ജലാംശം ധാരാളം ഉണ്ടെന്നും, അതു വളരെ പരിശുദ്ധമെന്നും നിശ്ചയിക്കാം. ജലാംശത്തിൻെറ ആധിക്യം കൊണ്ടു് രസഗ്രഹണത്തിനു് ശക്തിയും, ശുദ്ധികൊണ്ടു് തിരിച്ചറിയുന്നതിനുള്ള വൈഭവവും ഉണ്ടാകുന്നു.

രൂപം

കണ്ണു് എന്ന അവയവവും, അതിൽ വത്തിക്കുന്ന "രൂപഗ്രഹണം" എന്ന ശക്തിയും ശരീരത്തിൽ ചേൎന്നിട്ടുള്ള അഗ്ന്യംശത്തെ വെളിവാക്കുന്നു. ഈ അംശത്തിനു നല്ല ശുദ്ധിയും ബലവും ഉണ്ടെങ്കിൽ കണ്ണിനു ശരിയായ കാഴ്ചയും ഏററവും ചെറിയ വസ്തുക്കളെയും ദൂരത്തുള്ളവയേയും കാണുന്നതിനുള്ള വൈഭവം ഉണ്ടാകുന്നു. അഗ്ന്യാംശം ധാരാളം ശരീരത്തിൽ ഉണ്ടെങ്കിൽ കണ്ണിനു സ്വതേതന്നെ ഒരു ഭയങ്കരചൈതന്യം തോന്നിക്കും. വിശിഷ്യ മനുഷ്യശക്തിയുടെ വലുതായ ഒരു ഭാഗം നേത്രങ്ങളിലാണു വത്തിക്കുന്നതു്. അതുകൊണ്ടാണു് "സവ്വേന്ദ്രിയാണാം നയനം പ്രധാനം" എന്നു പറഞ്ഞിട്ടുള്ളതു്. പൗരുഷം എന്നതിൻെറ പ്രധാന ഇരുപ്പു് കണ്ണിലെന്നാണു് വിചാരിക്കേണ്ടതു്, പുരുഷത്വത്തെക്കുറിച്ചു് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

അധൈൎയ്യതോന്യൈരവിപൂൎണ്ണമൂൎത്തി
ചക്ഷുൎവ്വിനാകഃ പുരുഷത്വമേതി

കയ്യ്, കാല്, മുതലായ അവയവങ്ങൾ നല്ലപോലെ തടിച്ചു് ബലവത്തരങ്ങളായിരുന്നാലും, കണ്ണിനു് ഹാനി സംഭവിച്ചാൽ ആരാണു ശരിയായവിധം പുരുഷത്വത്തെ പ്രാപിക്കുന്നതു്? എന്നിങ്ങനെയാണു് മേല്പറഞ്ഞ പദ്യത്തിൻെറ താല്പൎയ്യം. ഇതിൽനിന്നു് ശേഷം അവയവങ്ങൾക്കും, ശരീരത്തിനും അല്പം ബലക്ഷയം വന്നാലും കണ്ണു് ഊൎജ്ജിതത്തിൽ നിൽക്കുന്നേടത്തോളം കാലം പൗരുഷത്തിനു് കുറവു് വരികയില്ലെന്നും തന്നിമിത്തം ശേഷം അവയവങ്ങളേക്കാൾ കണ്ണിനെ രക്ഷിച്ചുകൊള്ളണമെന്നും ഗ്രഹിക്കേണ്ടതാകുന്നു.

വായു.

സവ്വശരീരത്തിലുമായി വ്യാപിച്ചു് സ്പൎശം എന്ന ഒരു ശക്തി വൎത്തിക്കുന്നുണ്ടു്. ഇതിൻെറ നിലയും വിലയും ശരീരത്തിൽ ചേൎന്നിട്ടുള്ള വായ്വംശത്തിൻെറ സ്ഥിതിയനുസരിച്ചാണു് വരുന്നതു്. വായുവിൻെറ അംശം ധാരാളം ഉണ്ടെങ്കിൽ സ്പൎശനത്തിനു ശക്തിയും, ശുദ്ധിയുണ്ടെങ്കിൽ സ്പൎശനത്തിനു സൂക്ഷ്മതയും ഉണ്ടാകും. വായു ശരീരം മുഴുവനും ഒന്നാകെ വ്യാപിച്ചു നിൽക്കുന്നതുപോലെ സ്പൎശം ശരീരം മുഴുവനും വ്യാപിച്ചു നിൽക്കുന്നു. വായുവിൻെറ അംശം ബലമായി, ന്യൂനമായി ശരീരത്തിൽ ചേൎന്നിട്ടുണ്ടെങ്കിൽ സ്പൎശസുഖത്തിനു് ആഗ്രഹം തന്നെ കുറഞ്ഞിരിക്കും. വായ്വംശത്തിൻെറ കുറവുകൊണ്ടാണു്. വസ്ത്രം, ആഭരണം, ശയനസാധനം മുതലായ സ്പൎശവസ്തുക്കളിൽ വലിയ ഭ്രമം ഉണ്ടാകുന്നതു്.

ആകാശം.

കൎണ്ണം (ചെവി) എന്ന അവയവവും അതിൽ വ്യാപിച്ചു വൎത്തിക്കുന്ന "ശബ്ദഗ്രഹണം" എന്ന ശക്തിയുമാണു് ശരീരത്തിൽ കലൎന്നിട്ടുള്ള ആകാശത്തിൻെറ അംശത്തെ തെളിയിക്കുന്നതു്. ശബ്ദഗ്രഹണത്തിനു നല്ലപോലെ ശക്തിയും, ഏററവും ചെറിയ ശബ്ദങ്ങളുടെ വ്യത്യാസത്തെ കണ്ടുപിടിക്കുന്നതിനുള്ള വൈഭവവും നല്ലപോലെ ഉണ്ടെങ്കിൽ ആകാശത്തിൻെറ അംശം ധാരാളം ചേൎന്നിട്ടുണ്ടെന്നും അതിനുവേണ്ട ശുദ്ധിയും ഉണ്ടെന്നു നിശ്ചയിക്കാം. ചെവിക്കു കേൾവിക്കുറവു വന്നാൽ


# ബ്ലഡ്-ഇൻ-ദ്രാക്ഷാ.



## ആരോഗ്യത്തിനു് അനുകൂലമായ മുന്തിരിച്ചാറു്

## രക്തക്കുറവു പരിഹരിച്ചു് ആരോഗ്യം വീണ്ടെടുക്കുന്നു.



രക്തവൎദ്ധനവിനായി ടോണിക്കുകൾ വാങ്ങി മനസ്സു മടുത്തവർ ബ്ലഡ്-ഇൻ-ദ്രാക്ഷാ ഒരിക്കലെങ്കിലും ഒന്നു് ഉപയോഗിക്കേണ്ടതാണു്. സ്ത്രീകൾക്കു പ്രസവാനന്തരമുള്ള ക്ഷീണത്തെ നീക്കി ലാവണ്യവും താരുണ്യവും ദാനം ചെയ്യുന്നു. തുടരെയുണ്ടായിക്കൊണ്ടിരിക്കുന്ന രാപ്പനി, ശരീരത്തിൻെറ അധഃപതനാവസ്ഥയിലുള്ള ചുമ, വിശപ്പില്ലായ്മ ഇവ നിശ്ശേഷം നീക്കുന്നു.

കെ. പാപ്പിവൈദ്യൻ. തിടനാടു—ഈരാററുപേട്ട.

താഴെക്കാണുന്ന സ്ഥലങ്ങളിൽ നിന്നു കിട്ടുന്നതാണു്.

വി. ഐ. മാത്തൻ & സൺസ് ശീമമദ്യഷാപ്പു്—കോട്ടയം.
പി. സി. ഫ്രാൻസിസ് & സൺസ്—പാലാ.
എൻ. ഇ. വറുഗീസ്, ആരോഗ്യദായനി മെഡിക്കൽഹാൾ—കാഞ്ഞിരപ്പള്ളി.
N. B. എല്ലാ ടൗണുകളിലും ഏജൻറന്മാരെ ആവശ്യമുണ്ടു്.

ആകാശത്തിന്റെ അംശവും മുമ്പുള്ള അളവിൽ നിന്നു കുറഞ്ഞതായിട്ടോ, അല്ലെങ്കിൽ ഏതോ കാരണവശാൽ അവയ്ക്കു ദൂഷ്യം ഭവിച്ചതായിട്ടോ വിചാരിക്കണം.

ശക്തിയുടെ പ്രവാഹം.

ആദിത്യകുജന്മാക്ക് ഊർദ്ധ്വദൃഷ്ടിയും ബുധശുക്രന്മാക്ക് കടാക്ഷദൃഷ്ടിയും, ചന്ദ്രവ്യാഴന്മാക്ക് സമദൃഷ്ടിയും, രാഹുശനികൾക്ക് അധോദൃഷ്ടിയുമാകുന്നു. ഇവിടെ ദൃഷ്ടിയെന്നതു് അതതു ഗ്രഹങ്ങളിൽ നിന്നു പുറപ്പെട്ടു് അങ്ങുമിങ്ങും പ്രസരിക്കുന്ന ശക്തിയെക്കുറിച്ചാകുന്നു. മനുഷ്യരിൽ വിളയാടുന്ന ശക്തി ഏതെന്ന് സൂക്ഷ്മമായിനിരീക്ഷിച്ചാൽ ഗ്രഹിക്കാൻസാധിക്കും

ഊർദ്ധ്വശക്തി.

ജനനസമയത്തു് ഏഴ് ഗ്രഹങ്ങളിലും വച്ചു് അധികം ബലമുള്ള ഗ്രഹത്തിന്റെ സ്വഭാവമാണ് അധികം കാണുന്നതു്. ഊർദ്ധ്വശക്തി ആയവക്ക് ക്ഷമയും, സമാധാനവും വളരെ കുറയും, പെട്ടെന്നു കോപം ഉണ്ടാകും. അല്പകാരണംകൊണ്ടു് പൂർവ്വവൃത്താന്തങ്ങളെയും തന്നേയും മറന്നു് ഉന്മാദം പോലെ പലതും പറയുകയും, പ്രവർത്തിക്കുകയും ചെയ്യും. സംഗതി ഇപ്രകാരമാണെങ്കിലും, ഊർദ്ധ്വശക്തി ഉള്ളവരെക്കുറിച്ചു് മററുള്ളവക്ക് അധികം ഭയവും ശങ്കയും ഉണ്ടാകും. ഇവക്ക് രാജ്യഭരണതന്ത്രത്തിൽ വൈഭവം കാണും. ഒരിക്കലും ശരിയായ സുഖം കാണുകയില്ല.

അധോമുഖം.

ശനിക്ക് മററു ഗ്രഹങ്ങളെ അപേക്ഷിച്ചു് അധികം ബലം ഉണ്ടാകയോ, അല്ലെങ്കിൽ ശനിയും രാഹുവും കൂടി ലഗ്നത്തിൽ നിൽക്കുകയോ വേണം. എന്നാൽ ശക്തി അധോമുഖമായിരിക്കും. അധശ്ശക്തി ആയിട്ടുള്ളവർ ശരിയായ വിധം ഒരുത്തരുടേയും മുഖത്തു നോക്കി സംസാരിക്കയില്ല. കപടതന്ത്രം അവരിൽ നിന്നു ഒരിക്കലും വിട്ടുമാറുകയില്ല. ഇവരെയാണു സാധാരണമായി നാം കള്ളന്മാർ എന്നു പറഞ്ഞു വരുന്നതു്.

കടാക്ഷശക്തി

ജനനസമയത്തു് ബുധശുക്രന്മാക്ക് ശേഷം ഗ്രഹങ്ങളെ അപേക്ഷിച്ചു് അധികം ബലം ഉണ്ടായിരിക്കയോ അല്ലെങ്കിൽ ബുധശുക്രന്മാർ ലഗ്നത്തിൽ നിൽക്കുകയോ വേണം. എന്നാൽ കടാക്ഷശക്തിയായവർ വളരെ സുഖിമാന്മാരും, എല്ലാവക്കും സ്നേഹമുള്ളവരും ആയിരിക്കും. കാമതന്ത്രത്തിലും നാടകരംഗത്തിലും സംഗീതകലയിലും ഇവക്ക് വളരെ സാമത്ഥ്യം ഉണ്ടായിരിക്കും. വസ്ത്രാഭരണാദികളായ ആഡംബരവസ്തുക്കളിലും അതിയായ ആഗ്രഹവും എന്നും ഒരുമാതിരി സുഖവും, കാഴ്ചക്ക് രൂപലാവണ്യവും കടാക്ഷശക്തി ആയവർക്ക് ഉണ്ടാകും.

സമശക്തി.

ചന്ദ്രവ്യാഴന്മാക്ക് ശേഷം ഗ്രഹങ്ങളെ അപേക്ഷിച്ചു് കൂടുതൽ ബലം ഉണ്ടായിരിക്കയോ ചന്ദ്രവ്യാഴന്മാർ ബലവാന്മാരായി ലഗ്നത്തിൽ നിൽക്കുകയോ വേണം. എന്നാൽ സമശക്തി പ്രധാനമായിരിക്കും. സമശക്തിയായിട്ടുള്ളവർ യശസ്വികളും സർവ്വശാസ്ത്രപാരംഗതന്മാരും, നീതിന്യായങ്ങളെയും മററും നിർമ്മിക്കുന്നതിനു് വൈഭവമുള്ളവരുമായിരിക്കും. ഇവക്ക് യാതൊന്നിലും ഇളക്കം ഉണ്ടായിരിക്കയില്ല. ലോകം ഒട്ടുക്ക് ഇവരുടെ ന്യായതന്ത്രത്തിൽ ഒതുങ്ങിനിൽക്കും. സത്യധർമ്മങ്ങളെ കൈവിടാതെയുള്ള നടപടിയും പരിപൂർണ്ണസുഖവും കാഴ്ചക്ക് ഒരുമാതിരി യോഗ്യതയും ഏതിനും അസാമാന്യമായ സാമത്ഥ്യവും ചേർന്നു സർവ്വലോക വിജയികളായ മഹാത്മാക്കളായിത്തീരും.

---

# 'വനകന്യക'യുടെ കിനാവ്

(കിളിമാനൂർ, എൻ കേശവൻ)

"ഗുണമേറും ഭർത്താവേ..."

ഇരവിൽ കരിനിഴൽ കാണുവാനാ-
യരുണനാവിണ്ണിന്റെ കോണിയേറി.
ഇളവെയിലോളം കളിച്ചിടുന്ന
ലളിതമാംപച്ചിലക്കാട്ടിൻ കോണിൽ
അനവദ്യഹൃദ്യമാം ഗീതരാഗ-
മനിലനീലാബാല പാർത്തിടുന്നു
കുളിരേകും കൊച്ചുതടിനിപോലെ
ഗളിതമാംമുന്തിരി നീരം പോലെ
മഴവില്ലിൻ മഞ്ജുളകാന്തി പോലെ
കളഗാനമെപ്പൊഴും കാമ്യമായി
കുയിലിന്റെ കൊച്ചു കുലാലയംപോൽ
കുടിലൊന്നു കാണുന്നു ഭംഗിതിങ്ങി.
ഭവികതശാന്തത നൃത്തമാടി
പവമാനൻ മാടത്തിലേറിയോടി
മുനിവാടം പോലതു ശോഭ തേടി
കതിരോനതിനുള്ളിലുററു നോക്കി
മധുരിമയേലും കിനാവു പോലെ
മധുമാസ കാലങ്ങൾ നാലുപോയി
വസുധാവനിതയ്ക്കു മാറിമാറി
വസനം വസന്തരാവേകി നിന്നു.

2

തളിരൊളിമേനി തൻ പൂങ്കവിളിൽ
തരുണത ചുംബനമുദ്രവെച്ചു
ലളിതവികാര നിലയനമാം
മിഴിയിണ മീൻപോലെ തുള്ളിയോടി.
മുകുളയുഗളമാം വാർകുചങ്ങൾ
മൃദുതനുവല്ലിക്കു ഭൂഷയായി.
വനജന്യപ്പൊന്നലർ മാലകോർത്താ
"വനകന്യ" കുന്തലിൽ ചാർത്തുമെന്നും.
ദിനകരനന്തി വിൺ സീമതന്നി-
ലനുദിനം പാറിക്കും ചെങ്കൊടി പോൽ.
കളിയാട്ടും കാർമുകിലാളും വാനി-
ലൊളി തേടും താരകം പോലെ ബാല!
കടലിലെ പൊന്നിൻ തുരുത്തു പോലെ
അടവീസുമം പോലെയാഭയാന്നു.
ഉപവനറാണി പോൽ പുൽത്തറയി-
ലുപവിഷ്ടയായവളന്തിനേരം
കളഗീതനാദസരിത്തൊഴുകി
കലിതകുതുകം കളിച്ചിലകൾ.
കുയിലുകളാവനദേവിയോടു
സ്വയമറിയാതുടനേററു പാടി
സകലകലാലയമാണുരങ്ഗ-
മകലുഷമാണു തന്നന്തരങ്ഗം.
മധുമലർ പോലവളാടിയാടി
മുകിലൊളിയെന്നപോലോടിയോടി
മധുരം കിനാവുകൾ തേടിത്തേടി
മധുമൊഴി നാഴികയെണ്ണിയെണ്ണി.
ഒരു നീലമാമലമാമരത്തോ-
ട്ടുരുതരശോഭമുയന്നു മിന്നി
അഴകെഴും പൂമഴവില്ലുവാനി-
ലിളകിത്തുടങ്ങി പതാക പോലെ.
കുളിർവാരിപൂരിതമാമരുവി
മുരളീനിനാദം പോൽ നിർഗ്ഗളിച്ചു
അരികത്തഭിരാമ പൂവനവും
അരുമയാം തന്നുടെ കൊച്ചുവീടും
മണിപഞ്ജരത്തിലെ പക്ഷിയെപ്പോൽ
മണിവീണാവാണിതന്മേനി താനും
ഒഴിയാതുടനുടൻ കണ്ടുകണ്ടു
മിഴികൾ മുകുളിതമായി മന്ദം.
പരിതോഷമുന്തിരിനീർതുളുമ്പു-
മരിയഹൃദ്ഭാജനം ഭാസിയന്നു .
നിമിഷം കഴിഞ്ഞു, നിറഞ്ഞഖിലം
നിരുപമമേനി തൻ സ്വാന്തംശാന്തം.
ഗളഗതഗീതകം കേട്ടുവാനം
പുളകം വരിച്ചു നളിനിപോലെ.

# ശോകാന്തനാടകം.

## നമ്മുടെ ചുററും കാണുന്ന സംഭവങ്ങൾ കഥകളായി രൂപാന്തരപ്പെടുന്നു.

(എൽ. സി. ഐസക്ക് ബി. ഏ. ബി, എൽ)

ജ്ഞാനസുന്ദരിയെ ചിററമ്മയായ ലേനാൾ ഉപദ്രവിക്കുന്നതും, കുഞ്ഞുങ്ങളോടു കൂടി കാട്ടിൽപോയി കൈ വെട്ടിക്കളയുന്നതും ജനോവ രാജ്ഞിയെ ദുഷ്ടമന്ത്രിയായ ഗോലാവ് പീഡിപ്പിക്കുന്നതും, ചന്ദ്രമതി കാളകണ്ഠനു വിൽക്കപ്പെടുന്നതും, സത്യവാനായ ഹരിശ്ചന്ദ്രൻ ചുടല കാക്കുന്നതും, സദാരാമ കാമപാലൻ, കള്ളൻ മുതലായവരുടെ കെണിയിൽപെട്ടു വലയുന്നതുമെല്ലാം കണ്ടു വളരെ സങ്കടപ്പെട്ടിട്ടുണ്ട്. ഈ സങ്കടവും ഉറക്കമൊഴിയുന്ന ക്ഷീണവുമാകുമ്പോൾ തളൎന്നുപോകും. ഇങ്ങനെ വിഷമിച്ചു തെളിപിരി കൊള്ളുമ്പോൾ സദാരാമ കാമപാലനെയും കള്ളനെയും കളിപ്പിച്ചു ഒടുവിൽ പുഷ്പാംഗദനോടു ചേരുന്നതും, ചന്ദ്രമതിയും ഹരിശ്ചന്ദ്രനും രോഹിതാശനോടുകൂടി ചുടലയിൽ നിന്നു വീണ്ടും രാജസിംഹാസനത്തിൽ പൂൎവ്വപ്രതാപത്തോടുകൂടി പ്രവേശിക്കുന്നതും, ജനോവാരാജ്ഞിയെ തെററിദ്ധരിച്ച സിപ്രസ്സൂസ് രാജാവ് വനാന്തരത്തിൽ അന്വേഷിച്ചു നടന്നു ഒടുവിൽ കണ്ടുപിടിച്ചു നല്ല വാക്കു പറഞ്ഞു സന്തോഷിപ്പിച്ചു കൊട്ടാരത്തിലേക്കു കൊണ്ടുപോകുന്നതും, ജ്ഞാനസുന്ദരി ദേവമാതാവിനാൽ അനുഗ്രഹിക്കപ്പെടുന്നതും പ്ളേന്ദ്രനുമായി കണ്ടുമുട്ടി റോമാനഗരത്തിൽ സുപുത്രനോടുകൂടി പ്രവേശിച്ചു രാജ്ഞീപദം പ്രാപിക്കുന്നതും ആ കുമാരിയെ പീഡിപ്പിച്ച ലേനാളിന്റെ തല മുട്ടയടിച്ചു കഴുതപ്പുറത്തു കയററി ഓടിച്ചു ശിക്ഷിക്കുന്നതും കണ്ടു ആഹ്ളാദിച്ചാശ്വസിച്ചു കൊണ്ടാണു ഒടുവിൽ വെളുപ്പാൻ കാലത്തു വീട്ടിലേക്കു മടങ്ങുന്നതു്. ഇങ്ങനെ സന്തോഷത്തിൽ നാടകം അവസാനിച്ചില്ലായിരുന്നെങ്കിൽ ഉറക്കക്ഷീണത്തിന്റെ കൂടെ മനോഭാരവുമായി കുറെ ദിവസത്തേക്കു ഒന്നിനും ഉന്മേഷമില്ലാതെ കഴിയേണ്ടി വരുമായിരുന്നു.

* * * * *

അനാൎക്കലിയെ ജീവനോടെ കല്ലറയിലടക്കുന്നു; വാസവദത്ത കരചരണങ്ങളേററു ചുടുകാട്ടിൽ കിടന്നു മരണമടയുന്നു; അമൃതപുളിനത്തിലെ നായികാനായകന്മാർ അനുരക്തരായി വളരെ കഷ്ടതകൾ സഹിച്ചിട്ടും ലൌകികമായ വിവാഹം സാദ്ധ്യമാകാതെ ആത്മഹത്യ ചെയ്തു നാടകം അവസാനിപ്പിക്കുന്നു. തിലോത്തമയിൽ (ഇ. വി. യുടെ സ്വഭാവത്തിനു അശേഷം യോജിക്കാത്ത തരത്തിൽ) കാമിനീകാമുകന്മാർ മരണം വരിച്ചു ജീവിതകഥയവസാനിപ്പിക്കുന്നു. പത്രങ്ങളിലും മാസികകളിലും വളരെ കഥകൾ ഈയിടെ കാണുന്നുണ്ട്. നാടകങ്ങളെപ്പോലെ ഈ കഥകളെല്ലാം നായകൻ മരണമടയുന്നതോ, പട്ടിണികൊണ്ടു അലയുന്നതോ ഭ്രാന്തനായി ഓടുന്നതോ, ആയ പൎയ്യവസാനത്തിൽ പതിക്കുന്നതായിക്കാണുന്നു. അഥവാ കഥകൾക്കെല്ലാം ദുഃഖപൎയ്യവസാനഗതി കാണപ്പെടുന്നു. ഇടയ്ക്കുള്ള ഗതിയെന്തായാലും ഒടുവിൽ സന്തോഷിച്ചു പിരിയുന്ന അവസാനമല്ലേ വേണ്ടതു്? അങ്ങനെ ആയാൽ എത്ര സുഖമായിരിക്കും. നാടകം കഴിഞ്ഞു പിരിയുമ്പോഴും കഥ വായിച്ചവസാനിക്കുമ്പോഴും നല്ല ആശ്വാസമുണ്ടായിരിക്കും. എല്ലാം ശുഭം.

* * * * *

നാടകങ്ങളുടെ ശോകാന്തസ്വഭാവം പണ്ടത്തെക്കാലത്തായിരുന്നെങ്കിൽ ദുസ്സഹമായിരിക്കുമായിരുന്നു. അന്നു ഇങ്ങനെയുള്ള നാടകമായിരുന്നെങ്കിൽ ഞാൻ കാണുവാൻ പോകുകയില്ലായിരുന്നു. ഇന്നും കൊച്ചുകുട്ടികൾക്കും സ്ത്രീകൾക്കും ഈ ഗതി തൃപ്തികരമായിരിക്കുമോ എന്നു സംശയമാണു്. എന്നാൽ ഒരു കാൎയ്യമുണ്ടു്. നമ്മുടെ വീക്ഷണത്തിനു തന്നെ ഒരു പരിവൎത്തനമുണ്ടായിരിക്കുന്നു. നമ്മുടെ ചുററും ശോകാന്തസംഭവങ്ങൾ ധാരാളം കാണുന്നു. നല്ല ധനസ്ഥിതിയിലിരുന്ന കുടുംബങ്ങൾ കടം കയറി നശിക്കുന്നു. തറവാടും വീടും കോടതി ലേലത്തിൽ വിൽക്കപ്പെടുന്നു. ഇതിനിടയ്ക്കു കുടുംബനായകൻ മരണം പ്രാപിക്കുന്നു. ആഭിജാത്യവും അന്തസ്സും നിറഞ്ഞിരുന്ന കുടുംബത്തിലെ നായികയും കുട്ടികളും ചെററപ്പുരയിലേക്കു താമസം മാററി ഓലമുടഞ്ഞും നെല്ലുകുത്തിയും ദിവസങ്ങൾ തള്ളിവിടുന്നു. ചെറുപ്പത്തിൽ വളരെ ഉന്മേഷവാനായി ജീവിതം നയിച്ചിരുന്നവനും സമൎത്ഥനുമായിരുന്ന ഒരുവൻ ഭിക്ഷാടനംചെയ്തു നടന്നു ഒരു ദിവസം ചന്തക്കവലയിൽ കിടന്നു മരണം പ്രാപിക്കുന്നു. സകല ക്ലാസ്സുകളിലും ഒന്നാമനായി ജയിച്ചു സ്വൎണ്ണമെഡലുകൾ സമ്പാദിച്ചും അദ്ധ്യാപകലോകത്തിന്റെ പ്രശംസയ്ക്കു പാത്രമായും ആശാസംപൂൎണ്ണനായി ജീവിതത്തിലേക്കു പ്രവേശിച്ച ബിരുദധാരി ഹോട്ടലിൽ കൊടുക്കുവാൻ തികയാത്ത പതിനഞ്ചുരൂപയ്ക്കുവേണ്ടി ബാങ്കിലെ കഴഞ്ഞ കണക്കുകൾ കൂട്ടിയും ഒപ്പിടുവാൻ അറിയാത്ത മാനേജരുടെ ശകാരം കേട്ടും വിഷമിക്കുന്നു. വിവാഹകാലത്തു തങ്ങളെപ്പോലെ സൌന്ദൎയ്യമുള്ളവരും ആനന്ദമനുഭവിക്കുന്നവരും വേറെ ഇല്ലെന്നും തങ്ങളുടെ സന്തോഷത്തിനു ഒരു കുറവുമുണ്ടാകുകയില്ലെന്നും വിചാരിച്ചു കഴിഞ്ഞിരുന്ന ദമ്പതിമാർ പഴയ സൌന്ദൎയ്യം പെട്ടെന്നു കാണാതെപോയും, ആനന്ദം എവിടെയെന്നു തപ്പിത്തിരഞ്ഞും, ചൊറിയും, ചിരങ്ങും പിടിച്ചു വിളറിയ നാലഞ്ചു കുഞ്ഞുങ്ങളുടെ മാതാപിതാക്കളായി ഒരുവക ജീവച്ഛവങ്ങളായി കഴിയുന്നു. സാധുവായ കൃഷിക്കാരന്റെ സമ്പാദ്യമെല്ലാം പണവ്യാപാരി തട്ടിയെടുത്തതിനാൽ ആ കൃഷിക്കാരൻ ലോകത്തിന്റെ ഗതിയെ പഴിച്ചു നടക്കുന്നു. കുടുംബത്തെ പോററുവാൻ ബദ്ധപ്പെട്ടു അന്തിയോളം വേല ചെയ്തു പാവപ്പെട്ട കൂലിക്കാരൻ ഒടുവിൽ കൂലിക്കു പകരം അത്യാഗ്രഹിയും കഠിനഹൃദയനുമായ കൃഷിക്കാരന്റെ തല്ലും വാങ്ങി കണ്ണീരോടുകൂടി രാത്രിയിൽ സ്വഭവനത്തിലേക്കു മടങ്ങുന്നു. ആഴ്ച ഒന്നു കഴിയുന്നതിനു മുൻപു വൃശ്ചികമാസത്തിലെ വെള്ളപ്പൊക്കം നിമിത്തം നിലം മടവീണു കൃഷിക്കാരൻ ബോധക്കേടുവന്നു അവശനായി വരമ്പത്തു വീഴുന്നു. ഈ ദുരന്തനാടകം ജീവിതത്തിൽ നാം നിമിഷംതോറും കാണുന്നു. അതിനാൽ ദുരന്തനാടക ദൎശനം നമുക്കു പരിചിതങ്ങളായിരിക്കുന്നു. ജീവിതം ദുരന്തനാടകമാകുന്നു. നാടകം ജീവിത ചിത്രീകരണമാണല്ലോ.

# എഴുത്തച്ഛൻ സേവിച്ച മദ്യം.

## അതു ലഭിക്കുവാൻ വല്ല മാൎഗ്ഗവുമുണ്ടോ?

(വിദ്വാൻ ഏ. എൻ. പണിക്കർ)

മുൻകാലത്തു ജീവിച്ചിരുന്ന പല മഹാന്മാരുടെയും ജീവചരിത്രം വിശ്വാസയോഗ്യങ്ങളല്ല. അവയിൽ അധികവും ഐതിഹ്യങ്ങളെ ആശ്രയിച്ചു് നിലകൊള്ളുന്നു. കണ്ണശ്ശപ്പണിക്കർ, ചെറുശ്ശേരി, എഴുത്തച്ഛൻ, ആദിയായവരും അവരവരുടെ ജീവചരിത്രങ്ങൾ വല്ല ഓലയുടെ മൂലയിലെവിടെയെങ്കിലും ഒന്നു കുറിച്ചിട്ടിരുന്നുഎങ്കിൽ, എത്രയെത്ര വാദസമരങ്ങൾ ഉണ്ടാവാതെ കഴിയുമായിരുന്നു. എഴുത്തച്ഛനെക്കുറിച്ചുള്ള ഐതിഹ്യങ്ങളിൽ ചിലതു പരിശോധിക്കാം.

എഴുത്തച്ഛൻ, ഒരു നമ്പൂതിരിക്കു് ഒരു നായർസ്ത്രീയിൽ ജനിച്ച സന്താനമാണെന്നുള്ളതു് മറയ്ക്കുവാൻ നിൎവ്വാഹമില്ലാത്ത ഒരു വസ്തുതയാണു്. അക്കാലത്തു് ഒരു നമ്പൂതിരി ഒരു നായർസ്ത്രീയെ വിവാഹം ചെയ്തു എന്നു പറയുന്നതു്, നമ്പൂതിരിസമുദായത്തിനു് വലിയ കുറവായിരുന്നിരിക്കണം. ചക്കാലനായർസ്ത്രീയിലാണെന്നു പറയുന്നതിലാണു് ഐതിഹ്യകാരന്റെ മനോധൎമ്മവും എഴുത്തച്ഛനോടുള്ള അതിയായ വെറുപ്പും കട്ടി പിടിച്ചിരിക്കുന്നതു്. വംശശ്രേഷ്ഠതയുള്ള ഒരു നായർസ്ത്രീയിലാണു് എഴുത്തച്ഛന്റെ ജനനം എന്നു പറയുന്നപക്ഷം, ഒരുപക്ഷേ നമ്പൂതിരി ശരിയായ തരത്തിൽ വിവാഹം ചെയ്തിരുന്നതാവാം എന്നു് വല്ലവരും വിശ്വസിച്ചുപോയേക്കും. കൂടാതെ അദ്ദേഹം ശ്രേഷ്ഠവംശജാതനാണെന്നു വരികയും ചെയ്യും. അതു രണ്ടും വരരുതെന്നു കരുതിയാണു്, ഏററവും താണവൎഗ്ഗമെന്നു് അന്നത്തെനമ്പൂതിരിമാർ കരുതിയിരുന്ന ഒരു ചക്കാലവംശജാതയായ സ്ത്രീയെ പിടിച്ചിഴച്ചുകൊണ്ടു വന്നിരിക്കുന്നതു്.

ഒരു സമയം ഇതൊക്കെ വാസ്തവമായിരുന്നാലും മലയാളികളും മലയാളഭാഷയും ഉള്ളിടത്തോളം കാലം, എഴുത്തച്ഛനെ പ്രസവിക്കുവാൻ ഭാഗ്യമുണ്ടായ ആ പുണ്യവതിയെ നാം ഭക്തിപൂൎവ്വം ആരാധിക്കേണ്ടതാണു്. "ശോഭതേടീടും മഹാത്മാക്കൾ വംശത്തിന്റെ" ഉത്ഭവസ്ഥാനം അന്വേഷിക്കുന്നതെന്തിനു്? കൂടാതെ അവതാരപുരുഷന്മാരിൽ പലരുടേയും ചരിത്രം എടുത്തു നോക്കുമ്പോൾ ഇങ്ങനെയുള്ള ചില കുറവുകൾ പ്രത്യക്ഷമാകുന്നതാണു്. അതു് അവരുടെ ഒരു വിശേഷമായിട്ടുമാത്രമേ, ലോകം ഇന്നു പരിഗണിക്കുന്നുള്ളു. ഈ വിധത്തിൽ എന്തെങ്കിലും ഒരു കുറവില്ലാതിരിക്കുന്നതാണു് അവൎക്കു "കുറവു്."

അടുത്തതു് അദ്ദേഹം ഒന്നാന്തരം ഒരു കുടിയനായിരുന്നു എന്ന പറച്ചിലാണു്. ഇതൊരുപക്ഷേ വാസ്തവമായിരിക്കാം; കള്ളുകുടിച്ചാൽ "കവിത" വരിക സാധാരണയാണു്. അതു് ഹരിനാമകീൎത്തനംപോലെ ഭക്തിരസം തുളുമ്പുന്നതോ, ആദ്ധ്യാത്മികാവബോധം നൽകുവാൻ പൎയ്യാപ്തമായതോ അല്ലായിരിക്കും എന്നു മാത്രമേയുള്ളു. ഒരു കുടിയനിൽനിന്നും "കിളിപ്പാട്ടി"നേക്കാൾ പ്രതീക്ഷിക്കാവുന്നതു് "പൂരപ്പാട്ടു്" ആയിരിക്കുമല്ലോ. ഇങ്ങനെ അങ്ങു പറഞ്ഞു തള്ളാവുന്നതല്ലാ ഈ ഐതിഹ്യം.

മേല്പത്തൂർ നാരായണഭട്ടതിരി, നാരായണീയം നിൎമ്മിക്കുവാൻ തുടങ്ങിയപ്പോൾ എഴുത്തച്ഛനോടു ചില അഭിപ്രായങ്ങളെല്ലാം ചോദിച്ചു. അപ്പോൾ എഴുത്തച്ഛൻ പറഞ്ഞ മറുപടി ഈ ഐതിഹ്യത്തെ ബലിഷ്ഠമാക്കുന്നുണ്ടുപോലും. വിഷ്ണുപരമായ ഒരു കാവ്യമാണു് നിൎമ്മിക്കാൻ ഭാവമെങ്കിൽ, അദ്ദേഹം—മേല്പത്തൂർ നാരായണഭട്ടതിരി "മീൻതൊട്ടു കൂട്ടിക്കൊള്ളണം" എന്നാണു് എഴുത്തച്ഛന്റെ ഉപദേശം. ലക്കും തുമ്പുമുള്ള ഏതെങ്കിലും ഒരു മനുഷ്യൻ ഒരു നമ്പൂതിരി മീൻതൊട്ടു കൂട്ടണമെന്നു പറയുമോ? നിശ്ചയമായും ഇല്ല. കള്ളിന്റെ ലഹരിപിടിച്ചു കറങ്ങിയിരിക്കുമ്പോൾ ബോധരഹിതനായിപ്പറഞ്ഞ വാക്കുകളാണു് ഇതു്. സംശയമില്ല. എഴുത്തച്ഛനും മേല്പത്തൂരും സമകാലീനന്മാരല്ലെന്നു വരുമ്പോഴേ ഈ ഐതിഹ്യത്തിന്റെ ബലം എത്രമാത്രമുണ്ടെന്നു് ഊഹിക്കാമല്ലോ. ഈ അൎത്ഥഗൎഭമായ മറുപടി എഴുത്തച്ഛന്റെവകയാണെങ്കിൽ ആ മഹാത്മാവിനു ബോധമില്ലായിരുന്നു എന്നു പറയുന്ന കൂട്ടരാണു് മുഴുക്കുടിയന്മാരും സുബോധം അശേഷമില്ലാത്തവരും. ഗ്രന്ഥപരിശോധന നടത്തുമ്പോഴും ഈ ആചാൎയ്യൻ മദ്യപാനിയാണെന്നു തെളിയുംപോലും. "വരി, കരി, കിരി, കിളിമകളെ നീ" എന്നുള്ള കണ്വപൎവ്വം ഭാഗം ഇതിനുദാഹരണമാണു്. ബോധമുള്ളയാരെങ്കിലും വരി, കരി, കിരി, എന്നിങ്ങനെ കവിതയെഴുതുമോ? കള്ളുകുടിച്ചു് തല നേരെ നിൽക്കാതെ വിഷമിക്കുന്ന ഒരു സന്ദൎഭത്തിൽ എഴുതിയതാണു്. അൎത്ഥമില്ലാത്ത ഈ വരികൾ ഒരു കിളിയെ ഒരു കള്ളുകുടിയനല്ലാതെ മററാരെങ്കിലും "മകളെ" എന്നു സംബോധന ചെയ്യുമോ? പരാ, പരാ, പരാ, എന്നു തുടങ്ങുന്നതും ഇതിനു ലക്ഷ്യമല്ലേ. എന്തിനധികം; കണ്വപൎവ്വം മട്ടതന്നെ കള്ളിന്റെ "മട്ടാണു്." ഈ അഭിപ്രായം വിശ്വാസയോഗ്യമാണെന്നു വരുത്തുവാൻ അടിസ്ഥാനമായ മറെറാരു കഥയുണ്ടു്. അദ്ദേഹം വെറും കുടിയനായിരുന്നു എന്നു പറഞ്ഞാൽ ലോകം വിശ്വസിച്ചില്ലെന്നു വരാം. കുടി പഠിക്കുവാൻ ഒരു കാരണമുണ്ടായി. ഒരിക്കൽ നമ്പൂതിരിമാർ ഈ ബാലനോടുള്ള വൈരാഗ്യം നിമിത്തം ബുദ്ധിമന്ദീഭവിക്കത്തക്കവണ്ണം എന്തൊക്കെയോ മന്ത്രം ജപിച്ചുകൊടുത്തുപോലും. അന്നുമുതൽ ഈ ബാലൻ ഒരു "മന്ദ"നായിത്തീൎന്നു. അച്ഛൻനമ്പൂരി ഈ വിവരം അറിഞ്ഞു് പ്രത്യൗഷധമായി കള്ളു് ജപിച്ചുകൊടുത്തു. അന്നു മുതൽ മന്ദതമാറി. അതു ഒരൗഷധം എന്നപോലെ നിത്യവും സേവിച്ചുതുടങ്ങുകയും ചെയ്തു. കളങ്കമില്ലാത്ത ഒരു ഐതിഹ്യം. ഏററവും വിശ്വാസയോഗ്യം.

ഇപ്രകാരമാണു് കള്ളു കുടിക്കേണ്ടയാവശ്യമുണ്ടായതെങ്കിൽ അദ്ദേഹത്തിൽ അതൊരു ദോഷമായി ഗണിക്കാനും നിൎവ്വാഹമില്ലല്ലോ. ഈ ഐതിഹ്യം കെട്ടിച്ചമച്ചതു് ആരാണെന്നാണു് നിശ്ചയിക്കുവാൻ പ്രയാസമായിട്ടുള്ളതു്.

എഴുത്തച്ഛന്റെ കവിത, അനൎഘതമമാണെന്നുള്ളതിനു് രണ്ടു പക്ഷമില്ലാത്തിടത്തോളം കാലം അദ്ദേഹം സേവിച്ച മദ്യവും സൎവ്വോത്തരമായിരിക്കുമെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ. ഈ വിലയേറിയ മദ്യത്തിൽ ഒരു തുള്ളി ലഭിച്ചിരുന്നെങ്കിൽ ഞാൻ ഇന്നു് ഒരു മഹാകവിയാകുമായിരുന്നു. എന്തു ചെയ്യാം, ഈ മദ്യം എവിടെയുണ്ടെന്നും അതിന്റെ വിലയെ

# മഹായുദ്ധവും ഈശ്വരശക്തിയും

## ഹിററ്ലരുടെ അവസാനമെന്തായിരിക്കും.

(ശാസ്ത്രി മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠനുണ്ണി)

സവ്വേശ്വരൻ സവ്വശക്തനെന്നാണല്ലോ ആസ്തികരായ നമ്മുടെ വിശ്വാസം. സൃഷ്ടിസ്ഥിതിസംഹാരകത്താവും ദീനദയാലുവുമായ ആ പരമാത്മാവ് എന്തുകൊണ്ട് ലോകവിനാശത്തിന് ഹേതുഭൂതമായിരിക്കുന്ന മഹായുദ്ധങ്ങളെ പ്രതിരോധിക്കുന്നില്ല. തന്നാൽ സൃഷ്ടിക്കപ്പെട്ട ജീവരാശികൾ തമ്മിൽ തല്ലിമരിക്കുന്ന കാഴ്ച സാമാന്യജനത്തിനുപോലും വിരസമായിരിക്കെ ഈശ്വരന് സന്തോഷഹേതുകമായി തീരുന്നതാണോ. കഴിഞ്ഞലോകമഹായുദ്ധകാലത്തും ഇപ്രകാരമുള്ള ചോദ്യങ്ങൾ ആസ്തികമതാവലംബികളായ ജനങ്ങളിൽനിന്നുപോലും ഉണ്ടായിട്ടുണ്ട്.

മേല്പറയപ്പെട്ട ചോദ്യങ്ങൾ ആരിൽനിന്നെല്ലാം പുറപ്പെടുന്നുവോ അവരെല്ലാം വെറും വിനോദത്തിനുവേണ്ടി മാത്രമാണ് ഇപ്രകാരം ചോദിക്കുന്നതെന്നു വിചാരിക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ അങ്ങനെയുള്ളവരിൽ ബുദ്ധിമാന്മാരും ലോകവിജ്ഞാനചതുരന്മാരുംകൂടി ഉൾപ്പെടുന്നു. തീർച്ചയായും ബുദ്ധിപൂവ്വമായ ചോദ്യംതന്നെയാണവർ പുറപ്പെടുവിക്കുന്നത്. ഏതായാലും സാമാന്യജനങ്ങൾക്കുപോലും ഇതിനു സമാധാനം പറയാതെ കഴികയില്ല. എന്തുകൊണ്ടെന്നാൽ നാം നാസ്തികമതാവലംബികളല്ലല്ലോ. ൧൯൧൪-ൽ എല്ലാ ദേശക്കാരും പരസ്പരം മത്സരിച്ച് യുദ്ധംചെയ്തു ക്ഷീണാവസ്ഥയെ പ്രാപിച്ചു. അന്നു സകലരും വിചാരിച്ചിരുന്നത് ലോകത്തിന്റെ പുരോഗതി നിലച്ചുപോയി എന്നായിരുന്നു. അക്കാലത്തു ചില മിടുക്കന്മാർ ഇങ്ങിനെയുള്ള ചിലചോദ്യങ്ങൾ ജനതാമദ്ധ്യത്തിലേക്ക് എടുത്ത് എറിഞ്ഞു കൃതാത്ഥത നേടി.

ഈശ്വരൻ സവ്വശക്തനാണെന്നു നാമെല്ലാം വിശ്വസിക്കുകയും ആ വിശ്വാസത്തിനനുസരണമായി പ്രസംഗിക്കുകയും ചെയ്യുന്നു എന്നകാര്യം ഒരിക്കലും വിസ്മരണകോടിയിൽ തള്ളിക്കളയേണ്ടതല്ല. ഇതിന്റെ ശരിയായ അത്ഥമെന്ത്. സവ്വശക്തൻ സ്വന്തം ശക്തിയെ ഏതുവിധത്തിലാണ് ജീവജാലങ്ങളിൽ പ്രയോഗിക്കുന്നത്. ഈ രണ്ടു കാര്യങ്ങൾ നമുക്കിന്ന് അറിയേണ്ടവയാണ്. അതുകൊണ്ടു മാത്രമേ മേൽപറയപ്പെട്ട പ്രശ്നത്തിന് ശരിയായ സമാധാനം പറവാൻ സാധിക്കുകയുള്ളൂ.

ആദ്യമായി ഈശ്വരൻ സവ്വശക്തനാണ് എന്നുള്ളതിന്റെ അത്ഥമെന്താണെന്നു നോക്കാം. ഹിററ്ലരെപോലെ സവ്വാധികാരത്തിൽ ഭ്രമിച്ചിരിക്കുന്ന ഒരു അധികാരിയാണോ ഈശ്വരൻ. അതോ സ്വന്തം മനസ്സിന്റെ ഗതി മനസ്സിലാക്കി സകല ജീവരാശികളും തന്റെ പാദത്തിൽ കുമ്പിട്ടു ജീവിക്കണമെന്ന ദുമ്മദഗന്ധവ്വനാണോ അദ്ദേഹം. ബലാൽക്കാരം പ്രയോഗിച്ച് സകലരേയും ഭയപ്പെടുത്തി തന്നെ പൂജിച്ചുകൊള്ളണമെന്ന് ആ പരംപുരുഷൻ ആജ്ഞാപിക്കുന്നുണ്ടോ ആ പരമകാരുണികൻ ആ വിധത്തിലൊന്നും പ്രവത്തിക്കുന്നില്ല. ആലോചിക്കപോലും ചെയ്യുന്നില്ല. അതല്ല തന്റെ ഇഷ്ടപ്പടി നടക്കണമെന്നുള്ള ഒരു നിർബന്ധബുദ്ധിയുണ്ടായിരുന്നു എങ്കിൽ ലോകത്തിന്റെ സ്ഥിതി ഇന്നു നാം കാണുന്ന രീതിയിൽനിന്നു എത്രയോ വിഭിന്നമായിരിക്കുമായിരുന്നു. ലോകമേ വേറൊന്നായി മാറുമായിരുന്നില്ലേ?

സവ്വശക്തനായ ഈശ്വരൻ സ്വന്തം ശക്തിനിമിത്തം ഈ പ്രപഞ്ചത്തേയും അതിലുൾപ്പെട്ട ചരാചരങ്ങളായ വസ്തുജാതത്തേയും സവ്വോപരി മനുഷ്യജാതിയേയും സൃഷ്ടിച്ചു. സൃഷ്ടിക്കുശേഷം ആ പരമാത്മാവ് തന്റെ ശക്തി ഒരു കാര്യത്തിലും ഉപയോഗപ്പെടുത്തിയിട്ടില്ല. ഉപയോഗപ്പെടുത്തേണ്ട ആവശ്യവുമില്ല. മനുഷ്യജാതിക്കു പൂർണ്ണസ്വാതന്ത്ര്യംതന്നെ ഈശ്വരനാൽ നൽകപ്പെട്ട സൽപ്രവൃത്തികൾക്കെന്നപോലെ ദുഷ്പ്രവൃത്തിക്കും വേണ്ട സ്വാതന്ത്ര്യം ഇന്നു മനുഷ്യനുണ്ട്. ഇഷ്ടമുള്ളപക്ഷം ഈശ്വരേച്ഛയനുസരിച്ച് ഏവക്കും പെരുമാറാം. ഇഷ്ടമില്ലെങ്കിൽ സ്വേച്ഛാധികാരം കൈക്കൊണ്ട് മദമത്തരായി നടക്കുന്നതിനും ഓരോരുത്തക്കും സ്വാതന്ത്ര്യമുണ്ട്. ചുരുക്കത്തിൽ സർവ്വശക്തൻ സ്വാശ്രയശക്തിയെ സങ്കോചിപ്പിച്ചുകളഞ്ഞു എന്നു പറയേണ്ടിയിരിക്കുന്നു. ഈശ്വരനും ഒരു അതിത്തി വച്ചുകൊണ്ടാണ് തന്റെ ശക്തിയെ ഉപയോഗിക്കുന്നത്.

ഈശ്വരൻ ഒരു കാര്യം ഇന്നപ്രകാരം ചെയ്യണമെന്നു നമ്മെ ഉപദേശിക്കുന്നു. തൽക്കാലം ആ ഉപദേശം കൈക്കൊള്ളുന്നതിനോ അതനുസരിച്ചു പ്രവത്തിക്കുന്നതിനോ സാദ്ധ്യമല്ലെന്നു പ്രത്യക്ഷമായി പറഞ്ഞാൽ പോലും അദ്ദേഹം നമ്മോടു കോപിക്കയില്ല. ഈശ്വരന്റെ ഈ മഹോന്നത ഗുണത്തെപ്പററി അല്പമൊന്നു ചിന്തിക്കുക. സവ്വേശ്വരന്റെ സന്താനങ്ങളാണ് ഈ ലോകത്തിൽ കാണുന്ന മനുഷ്യജാതി മുഴുവൻ എന്നുള്ള അഭിപ്രായത്തിൽ വല്ല പിശകുമുണ്ടോ. ലോകത്തിൽ തന്നെ പിതാവു പറയുന്ന കാര്യത്തെ ചെയ്‌വാൻകഴിയുകയില്ലാ എന്നു പറയുന്ന സന്താനങ്ങൾ ധാരാളമല്ലേ. തന്മൂലം അങ്ങനെയുള്ള സന്താനങ്ങളോടു പക വീട്ടാൻ പുറപ്പെടുന്ന പിതാക്കന്മാർ എവിടെ എങ്കിലുമുണ്ടോ. അതുപോലെ തന്നെയാണ് ഈശ്വരന്റേയും സമ്പ്രദായം. ദുർമാർഗ്ഗത്തിൽ ചരിക്കുന്ന ജനങ്ങളോട് അദ്ദേഹം ഒരിക്കലും കോപിക്കുകയില്ല.

---

ന്തെന്നും ഞാൻ അന്വേഷിക്കാതിരുന്നില്ല. പക്ഷേ, അത് മഹാന്മാക്കും പുണ്യവാന്മാക്കും അല്ലാതെ ലഭിക്കുകയില്ലാ എന്ന് എന്റെ തിരക്കത്തിൽ എനിക്കു മനസ്സിലായി. എഴുത്തച്ഛൻ ബാല്യകാലം മുതലേ ഈ മധു ആസ്വദിക്കുവാൻ യത്നിച്ചു. തന്റെ ഉൽകൃഷ്ടമായ, അഭ്യാസം നിപുണശക്തി എന്നിവകൊണ്ട് അദ്ദേഹം അതു സമ്പാദിച്ചു. വേണ്ടുവോളം ആസ്വദിച്ചു.

സംസ്കൃതം, തമിഴ്, തെലുങ്ക് ആദിയായ ഉന്നത ഭാഷാദ്രുമാഗ്രങ്ങളിൽ കയറി, അവയുടെ വേദശാസ്ത്രപുരാണേതിഹാസനാടകാദികളായ മനോഹരപ്പൂങ്കുലകൾ കൂട്ടിപ്പിടിച്ചു കെട്ടി ചെത്തി സംഭരിച്ച വിജ്ഞാനരസം, വീണ്ടും വീണ്ടും സംസ്കരിച്ചതിൽ—വാററിയതിൽ, നിന്നും ലഭിച്ച അതിദിവ്യവും അസുലഭവും ആയ ഏതോ ഒരു മധുരമധുവായിരിക്കണം അദ്ദേഹം സേവിച്ചത്.

—*—

# യാചകവേഷങ്ങൾ.

(വിദ്വാൻ, എം. കെ. കൊച്ചുകുഞ്ഞുവൈദ്യൻ)

1

ലോകമാം മഹാഗ്രന്ഥത്തിങ്കലുള്ളദ്ധ്യായങ്ങ-
ളാകെയന്യോന്യ ഭിന്നമായിട്ടുള്ളവയല്ലൊ
കഥയ്ക്കും ബന്ധമില്ല വിവിധപാത്രങ്ങൾതൻ
കഥയുമപ്രകാരമെന്നതേ പറയേണ്ടു ?
സൽക്കഥാപ്രസ്താവത്താലൊരിടം വരമെങ്കിൽ
ദുഷ്കഥാദൂഷിതമായ് കാണ്മൂ!! നാം മറുവശം
മാലിലും സ്വസത്യധർമ്മാദി സൽഗ്ഗുണങ്ങളെ
പ്പാലിപ്പോരനേക,നന്യനന്യഥാ കരിക്കുവോൻ
അവയെപ്പാടേ കൈക്കൊള്ളാതെയും തള്ളാതെയു-
മവലോകിച്ചിടസ്സു നിൽക്കുവോൻ വേറെയൊരാൾ
ധാടിയിലെത്രവേഷം കെട്ടിയെങ്ങനെയെല്ലാ-
മാടിയാചിജ്ജീവിതഭാരംകൊണ്ടിറക്കീടാം ?

2

അത്ഥിപ്പാനർഹരായിട്ടാളുകളസംഖ്യമീ
പൃത്ഥ്വിയിലുണ്ടുവീണ്ടുമവരെസ്സഹായിക്കാൻ
ശ്രദ്ധ വെക്കേണ്ടതത്യാവശ്യമാണെന്നാൽ വ്യാജ
ചിത്തരായിറങ്ങുന്നിതാ വേഷംകെട്ടിച്ചിലർ
അത്ഥികളായിട്ടുവരറിയപ്പെടാതെ തൽ
കൃത്യം മാനംമുൻനിർത്തിനിവ്വഹിക്കുവാനോർപ്പൂ!!
ഒരു നാൾ കാവിവസ്ത്രംധരിച്ചു ഭസ്മഭാണ്ഡം
കരതാരതിലേന്തിയന്തിയായതു നേരം
ഒരുവൻ ബലാൽക്കേറിക്കടന്നു വന്നുദേവീ
പരമപ്രസാദത്തെ ബ്ഭസ്മ രൂപേണ നൽകാൻ
അനാപേക്ഷരായുള്ള ഞങ്ങളെസ്സമീപിച്ചു
"തുണതാൻതുണദേവിതുണ"യെന്നുച്ചരിച്ചു
ഓടിവന്നടുത്ത കുഞ്ഞുങ്ങൾ തൻശിരസ്സിലും
പോടമാർന്നിഴിജനത്തിൻെറ കൈത്തലത്തിലും
അർപ്പിച്ചിട്ടാശീർവ്വദിച്ചാഭിമുഖ്യമാർന്നു
നിഷ്പ്രയോജനമെൻെറ നേക്കും നീട്ടിയശേഷം
ചണ്ഡദർശനൻ ചരിതാർത്ഥനായിരുന്നട-
നങ്ങുന്നമമ്മേ! വിശപ്പധികമെന്നായ് ചൊന്നാൻ
ജാതിയില്ലാത്തദേവ ദേവിമാരെസ്സേവിക്കും
താദൃശന്മാർക്കു ജാതിച്ചോദ്യമേയില്ലെങ്കിലും
ചൊല്ലീടുന്നു ഞാൻ സത്യമീഴവരാണു ഞങ്ങ
ളുല്ലലമറപ്പുമില്ലെന്നാകിലാകാമല്ലൊ
യാചക.........നല്ലല്ലഭിമാനിയാം ഭക്തനപ്പോൾ
രോചകേതരമായിട്ടൽഗളിച്ചൊരീവാക്യം
അവിചാരിതം ശ്രവിച്ചവശനായി നായർ
ഭവനംതേടാൻ നിർബന്ധിതനാവതുകണ്ടു
വന്ദനം പറഞ്ഞു ഞാനടുത്തുള്ളൊരു നായർ
മന്ദിരത്തിങ്കലേക്കു വഴികാണിച്ചുവിട്ടു

3

വേറൊരാളാവിർഭവിച്ചൊരിക്കൽ;കണ്ടാലതു
ജോറല്ലെങ്കിലും വേഷം തീരെക്കുത്സിതമല്ല
തടിയെന്നോതാവുന്നതല്ലയെങ്കിലുമേറെ
ച്ചടവുതട്ടീട്ടുള്ളതല്ല തൽകളേബരം
ജടയുമില്ലനീണ്ട താടിമീശയുമില്ല
നിടിലാദിയിൽ ഭസ്മലേപലേശവുമില്ല
കാവിയുമായിബന്ധപ്പെടാത്ത വസ്ത്രദ്വന്ദ്വം
താവിയോൻതീരാവ്യാധിബാധിതനായീടാ
ഭുള്ളിലെങ്കിലുംപേരുവൃദ്ധപ്പട്ടികതന്നിൽ (ത്തോൻ
കൊള്ളിക്കാനസമാപ്തയൌവനം തടയുന്നോൻ
ഖിന്നനെന്നോണം മിറാമത്തകനായ്,മണിപക-
ലൊന്നരയോളമായ നേരത്തു വന്നുനിന്നു
സംകോചം തൻെറടമെന്നിവതൻമധ്യഭാഗ-
ത്തിങ്കലായത്രേ നിലയതിനാൽ കണ്ടാലാർക്കും
അനുകമ്പ്യനുമഭിവർജ്യനുമായിത്തോന്നാ
വിനയിൽപെട്ട ലജ്ജതിരിയും മട്ടമില്ല.
അത്ഥവുമത്തസ്സമാർന്നീടുന്നോൻനിജയാത്രാ
മധ്യത്തിൽനിന്നയാതെ കൈയിൽക്കാശില്ലാതായി
വലയുന്നേരമാതിഥ്യാഭിലാഷിയായ് മാന്യ-
നിലയം പൃകിയെന്നു വന്നീടാമെന്നാലീയാൾ
അത്തരക്കാരിൽപ്പെട്ടോനല്ലെന്നബോധമേക-
മുത്തമലക്ഷ്യങ്ങളുൾക്കൊള്ളുന്നോനായിരുന്നു
"അല്പമാഹാരം വേണം വയറു കത്തീടുന്നു
നില്പാൻ നിവ്വാഹമില്ല നായരായുള്ളോരു ഞാൻ
മററുള്ളേടത്തു പോകാമറുജാതിയെത്തൊട്ടു
കൊററുചെയ്യൊരുശീലമില്ലിന്നേവരെയ്ക്കുംമെ"
പിശകിപ്പോയീനിങ്ങൾക്കീഴവസ്ത്രീവെച്ചുള്ളോ
രശനമല്ലാതൊന്നുമിവിടെക്കാണില്ലല്ലോ
ഇതുകേട്ടല്പംജാള്യമുണ്ടായെങ്കിലും കാലോ-
ചിതമായ്തിരിഞ്ഞൊതുവിരുതൻ വിടാതോതി
കരുണാർദ്രനാം ചിത്രാന്ൃവരൻ തിരുമേനി
കരുതലോടയിത്തരോഗത്തിൻ ഭൈഷജ്യമായ്
ജാത്യാചാരസംരക്ഷോപായങ്ങളായ നാനാ-
ക്ഷേത്രങ്ങൾസർവക്കുമായ് തുറന്നോരിക്കാലത്തിൽ
ആർക്കമാരെയും തൊട്ടുഭക്ഷിക്കാമതിൽ വേണ്ട
തക്ക്, മല്ലെങ്കിലാവതാചാരമെന്നുണ്ടല്ലോ
വീണതു വിദ്യയാക്കി വിജയിയായിവീണ്ടും
കാണിയുംതാമതയാൾനില്ലായ് നിവ്വികാരനായ്
എങ്ങനെയായാലുമകൈശലക്കാരൻ കാര്യം
മംഗളമാക്കിക്കൊണ്ടേ മടങ്ങിപ്പോയതുള്ളു.

---

ഒരു പിതാവിനു് തൻെറ ജീവിതകാലത്തുണ്ടാകുന്ന കഷ്ടതകളിൽ ഏററവും ശക്തികൂടിയ കഷ്ടതയേതെന്നറിയാമോ. തൻെറ സന്താനങ്ങൾ ദുർമ്മാർഗ്ഗങ്ങളിൽ വ്യാപരിച്ചു് നാൾക്കുനാൾ നാശഗത്തതിലേക്കു പതിക്കുന്നു. തന്നെക്കൊണ്ടു് അതിനൊരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. ഇതിലപ്പുറം ഒരു കഷ്ടതയും മനോദുഃഖവും ഒരു പിതാവിനു വേറെ എന്താണു് ഉണ്ടാകേണ്ടതു്. നമ്മെ സൃഷ്ടിച്ച സവ്വശക്തൻ ഇതേ വിധത്തിലുള്ള എത്ര കഷ്ടതകളാണു് ദിനം പ്രതി അനുഭവിക്കുന്നതു്. ഈ ഒരു സങ്കടം മാത്രമേ ഇന്നു ഈശ്വരനുള്ളു എന്നു വേണം വിചാരിപ്പാൻ. വെറും മരപ്പാവകളെപ്പോലെ ജീവിക്കുന്നതിനല്ല ഈശ്വരൻ നമ്മെ സൃഷ്ടിച്ചതു്. സന്മാർഗ്ഗത്തിൽ സഞ്ചരിച്ചു് ജീവിതത്തെ സഫലമാക്കിത്തീക്കണമെന്നുള്ള അനുഗ്രഹത്തോടുകൂടി ഇഷ്ടാനുസരണമുള്ള സ്വാതന്ത്ര്യം അദ്ദേഹം നമുക്കു നൽകിയിരിക്കുന്നു. ഈശ്വരസങ്കല്പത്തിനു് അനുകൂലമായോ പ്രതികൂലമായോ പ്രവത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇന്നു നമുക്കുണ്ടു്.

ജമ്മൻസവ്വാധിപതിയായഹെർ ഹിററ്ലർ ഈശ്വരസങ്കല്പത്തിനു വിപരീതമായി പ്രവത്തിക്കുന്നതു് നമുക്കേവക്കും അറിയാവുന്ന കാര്യമാണല്ലോ. ബലപ്രയോഗത്തിലാണു് ഹിററ്ലക്കു വിശ്വാസം. അയാളുടെ സങ്കല്പങ്ങൾ ബലപ്രയോഗം കൂടാതെ സാധിക്കാവുന്നവയല്ല. ബലം തന്നെ സവ്വേശ്വരൻ എന്നാണു് ഹിററ്ലർ കരുതുന്നതു്, സാധുക്കളോടു നീതിയും ന്യായവും അനുസരിച്ചു പെരുമാറണമെന്നുള്ള സംഗതി ഹിററ്ലർ മറന്നുകളഞ്ഞു.

എനിക്കു ശക്തിയുണ്ടു്. ആ ശക്തി തന്നെ എന്നെ സഹായിക്കും. എനിക്കിഷ്ടമെന്നു തോന്നുന്നവോ അതു ഞാൻ ചെയ്യും. ആരാണെന്നോടു വിപരീതം പറയുന്നതു്. എൻെറ ഹിതത്തിനു വിപരീതമായ കാര്യം മനുഷ്യനല്ല ഈശ്വരൻ തന്നെ പറഞ്ഞാലും ഞാൻ ചെവിക്കൊള്ളുകയില്ല. ഇതാണു് ഹിററ്ലരുടെ ഇന്നത്തെ അജ്ഞതാവിലസിതം. ഈശ്വരൻ ഇതിനു വിപരീതമായി പ്രവത്തിക്കുകയോ പറയുകയോ ചെയ്യുകയില്ല. എന്തെന്നാൽ തൻെറ നിഷ്ഠയ്ക്കു ചേരാത്തതാണതു്. നമുക്കെല്ലാവക്കും തന്നിരിക്കുന്ന സ്വാതന്ത്ര്യം തന്നെയല്ലയോ ഈശ്വരൻ ഹിററ്ലക്കും നൽകിയിരിക്കുന്നതു്. മററുള്ളവരോടു് ഒരു വിധവും ഹിററ്ലരോടു് വേറൊരു വിധവും പെരുമാറുന്നതു് ഈശ്വരനു ചേൎന്ന പ്രവൃത്തിയാണോ. ഒരിക്കലുമല്ല. ഇതുകൊണ്ടു തന്നെയാണു് ഹിററ്ലരുടെ ദുർമ്മാർഗ്ഗപ്രവൃത്തികളെ തടയുന്നതിനു് സവ്വശക്തൻ ഒരുങ്ങിയിറങ്ങാത്തതു്. പക്ഷെ പോളണ്ടിലെ ജനങ്ങൾ നാടും നഗരവും സവ്വസ്വവും നഷ്ടപ്പെട്ടു സങ്കടം അനുഭവിക്കുന്നതും ഇതാ ഇപ്പോൾ ഹിററ്ലർ നിമിത്തം സകല ദേശങ്ങളിലെയും ജനങ്ങൾ ഓരോ വിധത്തിൽ കഷ്ടപ്പെടുന്നതും കണ്ടു പരമകാരുണികനായ സവ്വേശ്വരൻ സങ്കടപ്പെടാതെ ഇരിക്കയില്ല. എന്നു മാത്രമല്ല ജനങ്ങൾക്കു ഞാൻ കൊടുത്തിരിക്കുന്ന സ്വാതന്ത്ര്യത്തെ ഹിററ്ലർ നശിപ്പിച്ചുകളയുന്നുവല്ലോ എന്നു വിചാരിച്ചു് കണ്ണീർ പൊഴിക്കുകയും ചെയ്യും തീർച്ചതന്നെ.

ഈശ്വരൻ എവിടെ ഇരിക്കുന്നു. യുദ്ധസ്ഥലത്തുനിന്നു മാറി ഇരുന്നുകൊണ്ടു വിനോദിച്ചു കാലം കഴിക്കുന്നു എന്നാരും വിചാരിക്കരുതു്. നമ്മെയെല്ലാം സൃഷ്ടിച്ചു രക്ഷിച്ചുപോരുന്ന ആ പരമാത്മാവു്—നമ്മുടെ എല്ലാം പിതാവായ ആ പരമകാരുണികൻ—യുദ്ധമദ്ധ്യത്തിൽ കഷ്ടതയനുഭവിക്കുന്ന സാധുജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണു്.

—:o:—

# രാജാധിപത്യത്തിന്റെ മാധുര്യം.

## പ്രജാപ്രതിനിധികളുടെ സഹകരണത്തിൽ അതു് ആസ്വാദ്യം തന്നെ

(എൻ. കൊച്ചുകുഞ്ഞുപണിക്കർ, വള്ളംകുളം)

ഭൂമുഖത്തുള്ള അനേകം രാജ്യങ്ങളിൽ പലയിടത്തും രാജാധിപത്യം നിലനിൽക്കുന്നു. അവയിൽ ഗ്രേററ് ബ്രിട്ടൺ, ജപ്പാൻ, തിരുവിതാംകോട്, കൊച്ചി, മൈസൂർ, ഹൈദ്രബാദ് എന്നിങ്ങനെ അപൂർവ്വം ചില രാജ്യങ്ങളിൽ മാത്രമേ ആ ആധിപത്യം ആസ്വാദനീയമായിത്തീർന്നിട്ടുള്ളു. ഭാരത പുണ്യഭൂമിയിൽത്തന്നെ, പുതുക്കോട്ട, നാഭാ, രാജക്കോട്ട, ദണ്ഡുകൽ മുതലായ രാജ്യങ്ങളിൽ രാജാധിപത്യം എങ്ങനെ ആസ്വാദ്യമാകുമെന്നു് പത്രപംക്തികളിൽനിന്നു നാം ഏറെക്കുറെ ഗ്രഹിച്ചിട്ടുണ്ടു്. ജർമ്മനി റഷ്യാ മുതലായ യൂറോപ്പ്യ രാജ്യങ്ങളിലെ രാജാധിപത്യം അവസാനിച്ച സംഭവങ്ങൾ ഈ തലമുറയിലുള്ള നാമാരും മറക്കാൻ കാലമായിട്ടില്ലല്ലോ. ഫ്രാൻസിലെ രാജാധിപത്യം അവസാനിച്ച കഥ റഷ്യയിലേതെന്നതുപോലെ ഭയങ്കരമാംവിധം തൂലിക രക്തത്തിൽ മുക്കി രേഖപ്പെടുത്തിയിരിക്കുന്നു.

രാജാധിപത്യം ശ്രേയസ്കരവും ഗുണകരവും ആയിത്തീർന്നിട്ടുള്ള രാജ്യങ്ങളുടെ ചരിത്രം തുലോം വ്യത്യസ്തമാണു്. ആദ്യമേ ഗ്രേററ് ബ്രിട്ടണേപ്പററി ആലോചിക്കാം. ഏതാണ്ടു ആയിരം വർഷംകൊണ്ടാണു് അവിടെ ഇപ്പോൾ കാണുന്നവിധമുള്ള ഒരു അടിയുറച്ച നില ഉണ്ടായതു്. ആദ്യകാലം രാജാവും വിററ്നാജ്മട്ടും (ബുദ്ധിമാന്മാരുടെ സഭയും) കൂടെ അവിടെ ഭരണം നടത്തി. കാലാന്തരത്തിൽ ആ നിലമാറുകയും വിററനാജ്മട്ടിന്റെ സ്ഥാനം അവിടത്തെ പ്രഭുക്കന്മാരിൽ ലയിക്കുകയും ചെയ്തു. എന്നാൽ ഭൂസ്വത്തുടമസ്ഥന്മാരും കുടിയാന്മാർ ധാരാളമുണ്ടായിരുന്നവരുമായ അവർ അഹങ്കാരപൂർവ്വം ജനദ്രോഹം ആരംഭിച്ചു. അതിൽനിന്നു രക്ഷ നേടാൻ പൊതുജനങ്ങൾ തീവ്രശ്രമങ്ങൾ ചെയ്തു. തൽഫലമായി ആഭ്യന്തരസമരം പോലും അവിടെ ഉണ്ടായി. ഒടുവിൽ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളടങ്ങിയ കാമൺസ്സഭ അവിടെ ഏർപ്പെടുത്തേണ്ടതായി വന്നു. ഇപ്പോൾ അവിടെ ഭരണം നടത്തുന്നതു് പാർല്യമെന്റാണു്. കുറേക്കൂടെ അപഗ്രഥനം ചെയ്തുനോക്കുമ്പോൾ പാർലമെന്റിലെ കാമൺസ് സഭ അവിടത്തെ ഭരണഭാരം വഹിക്കുന്നു. ആ നില അവിടെ കിട്ടിയതു് ഒരു ദിവസംകൊണ്ടല്ല; ഒരു വർഷംകൊണ്ടല്ല; ഒരു ശതവർഷംകൊണ്ടുമല്ല. പത്തു ശതവർഷങ്ങൾകൊണ്ടു മാത്രമേ ഇപ്പോഴത്തെ ഭരണരീതി അവിടെ നടപ്പിൽ വന്നുള്ളു. സുഗമമായി അവർക്കതു കിട്ടിയില്ല. ഘോരഘോരം പോരാടിയശേഷം മാത്രമേ അവർക്കതു കിട്ടിയുള്ളു. അതൊരു ചരിത്രം തന്നെയാണു്. പ്രജാസ്വാതന്ത്ര്യം അനുവദിച്ചുള്ള മാഗ്നാകാർട്ടാ എന്ന പത്രിക ഗ്രേററ് ബ്രിട്ടണിലെ ജോൺ രാജാവിനേക്കൊണ്ടു് ഒപ്പുവയ്പിക്കുന്നതിനു് അന്നത്തെ ബ്രിട്ടീഷ് ജനത ഭഗീരഥപ്രയത്നം ചെയ്ത സംഭവം അസ്വാതന്ത്ര്യത അനുഭവിക്കുന്ന ജനസമുദായം പഠിച്ചറിയേണ്ടതു തന്നെയാണു്. ബ്രിട്ടീഷുകാർക്കു് ഒന്നാംകാര്യം അവരുടെ രാജ്യംതന്നെ. സ്വരാജ്യത്തിൽ അവർ ഓരോരുത്തരും ലയിച്ചിരിക്കുന്നു. അവർക്കുള്ളതു സർവ്വസ്വവും അവർ സ്വരാജ്യത്തിനുവേണ്ടി സമർപ്പിച്ചിരിക്കുന്നു. അവർ അതിൽ അഭിമാനം ഉൾക്കൊള്ളുന്നു. അങ്ങനെ, ഗ്രേററുബ്രിട്ടണേ അടിസ്ഥാനപ്പെടുത്തിയുള്ള സ്വാതന്ത്ര്യം ബ്രിട്ടീഷുകാർ അനുഭവിക്കുന്നു. തന്നിമിത്തം, രാജാവിന്റെ പരമാധികാരത്തിനു വിധേയമായ ഉത്തരവാദിത്തഭരണം അവിടെ ഏർപ്പെടുത്തിയിരിക്കുന്നു. ഇക്കാലത്തു് ബ്രിട്ടീഷ് ഭരണത്തേപ്പോലെ മാതൃകായോഗ്യമായ ഒരു ഭരണരീതി വേറെ ഒരിടത്തുമില്ല. ജനങ്ങൾക്കു് വേണ്ടത്ര സ്വാതന്ത്ര്യവും രാജാവിനു് ഉച്ഛൃംഖലമായ അധികാരവും എന്നാൽ പരസ്പരബന്ധവും പുലർത്തിക്കൊണ്ടു പോകുന്ന ഒരു ഭരണരീതിയാണതു്. അതിനാൽ അവിടത്തെ ഭരണരീതി ഭരണീയർക്കു് സുഖകരമായിരിക്കുന്നു. അവർ അതിനേ ആദരിക്കുന്നു.

ജപ്പാൻരാജ്യത്തേ ഭരണരീതിയും ഏതാണ്ടു് ഗ്രേററ് ബ്രിട്ടനോടു് സാദൃശ്യമുള്ളതാണു്. അവിടെ രാജാവു് മനുഷ്യനല്ല; പ്രത്യുത, ദൈവം തന്നെ. രാജദർശനം പോലും അവിടെ സുദുർല്ലഭം. എന്നാൽ രാജകല്പന അവിടെ ദൈവകല്പന തന്നെ. അതേസമയം അവിടെയും ഭരണവിഷയത്തിൽ പ്രജകളുടെ ആവശ്യങ്ങൾക്കും ഹിതങ്ങൾക്കുമാണു് പ്രാമാണ്യവും പ്രാബല്യവും.

അത്യുജ്ജ്വലഭാസ്സോടുകൂടെ പ്രകാശിക്കുന്ന ആ രണ്ടു മഹാശക്തികളുടെയും ഭരണഘടനയിൽ രാജാധിപത്യവും പ്രജാപ്രഭുത്വവും തുല്യപ്രാധാന്യമുള്ള ഘടകങ്ങളായി പ്രശോഭിക്കുന്നു. തന്നിമിത്തം രാജാധിപത്യത്തിന്റെ മാധുര്യം ആ രാജ്യനിവാസികൾ ആസ്വദിക്കുന്നു.

ഭാരതഖണ്ഡത്തിൽ ൬൦൦-ൽ ചില്വാനം നാട്ടുരാജ്യങ്ങളുണ്ടു്. അവിടെയെല്ലാം രാജാധിപത്യമാണുള്ളതു്. എന്നാൽ അതിന്റെ മാധുര്യം ആസ്വദിക്കുന്ന രാജ്യക്കാരുടെ സംഖ്യ കൈവിരലുകളിൽ എണ്ണാൻ പോലുമില്ല. ഏററവും വലിയ നാട്ടുരാജ്യമായ ഹൈദ്രബാദിൽ നവീനരീതിയിലുള്ള പല പ്രസ്ഥാനങ്ങളും ഉണ്ടെങ്കിലും ഭരണപരമായി അവിടത്തെ നില ഇന്നും ശൈശവാവസ്ഥയിലാണു്. രാജാധിപത്യം മാത്രമാണു് അവിടെ പ്രാബല്യത്തിലിരിക്കുന്നതു്. മൈസൂറിലാണെങ്കിൽ ടിപ്പുസുൽത്താന്റെ മരണശേഷം മാത്രമേ അവിടെ വിശ്വസനീയമായ ചരിത്രം ആരംഭിക്കുന്നുള്ളു. ബ്രിട്ടീഷ് ഇന്ത്യാ ഗവണ്മെന്റിനേ അനുകരിച്ചു് ഏതാനും പരിഷ്ക്കാരങ്ങൾ അവിടെ നടപ്പിൽ വരുത്തിയിട്ടുണ്ടു്. അവയിൽ പ്രാധാന്യം വഹിക്കുന്ന ഭരണപരിഷ്ക്കാരം അവിടത്തെ പ്രതിനിധി സഭയും ഉദ്യോഗസ്ഥന്മാരുടെ കൌൺസിലുമാണു്. എപ്പോഴും മൈസൂർകാരനായ ദിവാൻജിയുടെ നേതൃത്വം കൊണ്ടു് വൈദേശികോദ്യോഗസ്ഥന്മാരുടെ അധികാരങ്ങൾ അവിടെ

നിയന്ത്രിതമാകുന്നു. തന്നിമിത്തം മൈസൂർകാരുടെ ആവശ്യങ്ങളും ഹിതങ്ങളും ഭരണക്കൂടം അറിഞ്ഞു് ഏറെക്കുറെയൊക്കെ നിവ്വഹിച്ചുപോരുന്നു.

മററു നാട്ടുരാജ്യങ്ങളേ അപേക്ഷിച്ചു് രാജപ്രജാബന്ധം സുദൃഢവും ഭദ്രവും സങ്കീർണ്ണവുമായി കുടികൊള്ളുന്ന ഒരു രാജ്യമാണു് തിരുവിതാംകോട്ട്. കേരളത്തിന്റെ ഉല്പത്തികാലം മുതൽ ആരംഭിച്ച ഒരു ബന്ധവുമാണിതു്. ഇവിടെ "രാജാ പ്രത്യക്ഷദൈവതം" തന്നെ. മഹാരാജാവു് തിരുമനസ്സിലെ തിരുമേനി ഒന്നു കണ്ടു തൊഴുതാൽ ജന്മം സഫലമായിയെന്നു് ഓരോ തിരുവിതാംകോട്ടുകാരനും വിശ്വസിക്കുന്നു. രാജസൗഖമാണു് തിരുവിതാംകോട്ടുകാരന്റെ പരമലക്ഷ്യം. പ്രജാഹിതൈഷികളായ തിരുവിതാംകോട്ടെ രാജാക്കന്മാർ സ്വയമേവ ശ്രീപത്മനാഭദാസന്മാരാണു്. സർവേശ്വരമാഹാത്മ്യം തങ്ങളിൽക്കൂടെ പ്രജകൾ അനുഭവിക്കണമെന്നു് ഇവിടത്തെ തിരുമേനിമാർ തീരുമാനിച്ചു് തദനുസരണം ഭരണം നടത്തുന്നു. പ്രജകളാകട്ടെ, നടക്കുമ്പോഴും ഇരിക്കുമ്പോഴും ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും എന്നുവേണ്ടാ സദാസമയവും മഹാരാജാവു് തിരുമനസ്സിലേയും രാജകുടുംബാംഗങ്ങളേയും പററി ഭക്തിപരവശമായ സ്മരണകളിൽ ഓരോ തിരുവിതാംകോട്ടുകാരനും ലയിക്കുന്നു. ആ വിഷയത്തിൽ പട്ടണത്തിൽ താമസിക്കുന്നവനും നാട്ടിമ്പുറത്തു താമസിക്കുന്നവനും കാട്ടിൽ താമസിക്കുന്നവനും തുല്യനിലയിൽത്തന്നെ വത്തിക്കുന്നു. ഏതൊരു തിരുവിതാംകോട്ടുകാരന്റെ മനോമുകുരം എടുത്തു നോക്കിയാലും അതിൽ തെളിഞ്ഞു ചിത്രീകരിച്ചിരിക്കുന്ന വിഗ്രഹം മഹാരാജാവു് തിരുമനസ്സിലേതായിരിക്കും. ഏതൊരു തിരുവിതാംകോട്ടുകാരനും അനുനിമിഷം ഏതു സമ്രാജ്ഞകൾക്കൊണ്ടു് "അർച്ചനചെയ്യുന്നതു്" രാജപാദങ്ങളെയാണു്.

നമ്മുടെ പൊന്നുതമ്പുരാക്കന്മാരാകട്ടെ നവംനവങ്ങളായ പരിഷ്കാരങ്ങൾ പടിപടിയായി നടപ്പിൽവരുത്തി ഭരണവിഷയങ്ങളിൽ പ്രജകൾക്കു് കൂടുതൽ കൂടുതൽ അറിവും പ്രയോഗപരിചയവും നൽകുന്നു. കഴിഞ്ഞ ഒരു ശതവർഷത്തിനുള്ളിൽ വഞ്ചിഭൂമിയിലുണ്ടായ പരിവത്തനങ്ങൾ മററു രാജ്യക്കാൎക്കു് വിസ്മയാവഹവും മാതൃകായോഗ്യവുമാകുന്നു. നവീന വിദ്യാഭ്യാസരീതി നടപ്പിൽ വരുത്തി പ്രജകൾക്കു് പ്രബുദ്ധത നൽകി അവരെ സംസ്കാരസമ്പന്നരാക്കിയ ശേഷം ഭരണഭാരത്തിൽ ഓരോന്നോരോന്നു് അവരെ ഏല്പിച്ചുകൊടുക്കാൻ നമ്മുടെ മഹാരാജാക്കന്മാർ സദാ ജാഗ്രൂകതയുള്ളവരാണു്. പഴക്കമെന്നതുപോലെ തഴക്കവുമേറിയ ഒരു നിയമസഭ, മുനിസിപ്പാലിററികൾ, പ്രജാസഭ എന്നിവ നടപ്പിൽ വരുത്തി പ്രജകൾക്കു് ഭരണവിഷയകമായ പരിജ്ഞാനം നൽകിയശേഷം സാധാരണക്കാൎക്കുപോലും ഈ വക കാൎയ്യങ്ങളിൽ പ്രയോഗപരിജ്ഞാനം ലഭിക്കുമാറു് ഗ്രാമഭരണപ്പഞ്ചായത്തുകൾ ഏൎപ്പെടുത്താനും നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. ഭരണവിഷയത്തിൽ മാത്രമല്ലാ, രാജ്യത്തിന്റെ സമഗ്രശക്തിയും സംസ്കാരസമ്പത്തും വർദ്ധിപ്പിക്കുന്നതിലും നവംനവങ്ങളായ കമ്മപദ്ധതികൾ തുറന്നുതരുന്നതിലും നമ്മുടെ പൊന്നുതമ്പുരാക്കന്മാർ വളരെ ഔത്സുക്യമുള്ളവരാണെന്നു് നമുക്കു് അനുഭവബോദ്ധ്യമുള്ളതുപോലെ തന്നെ പരിഷ്കൃതലോക സമ്മതവുമാകുന്നു. ഏവംവിധം രാജാധിപത്യത്തിന്റെ മാധുൎയ്യം ആവോളം നാമും ആസ്വദിക്കുന്നു.

ഇങ്ങനെ അപൂൎവ്വം ചില സ്ഥലങ്ങളിൽ രാജാധിപത്യം മാധുൎയ്യമുള്ളതാണെങ്കിലും മററു പല രാജ്യങ്ങളിലും രാജാധിപത്യം തിക്തകം തന്നെയാണു്. അമിതമായ നികുതി ഏൎപ്പെടുത്തുക; അതു പിരിക്കുന്നതിൽ ദുർഭരമായ വ്യവസ്ഥകൾ നടപ്പിലാക്കുക; പിരിച്ചെടുക്കുന്ന ധനം തോന്ന്യാസമായി ചെലവഴിക്കുക; മുതലായി പല നാട്ടുരാജ്യങ്ങളിലും നടക്കുന്ന അഴിമതികൾ രാജാധിപത്യത്തിന്റെ ന്യൂനതകൾക്കുള്ള മകുടോദാഹരണങ്ങളാണു്. അങ്ങിനെയുള്ള നാട്ടുരാജ്യങ്ങളിലാകട്ടെ, പ്രജകൾക്കു് സങ്കടനിവേദനം ചെയ്‌വാനുള്ള സൗകൎയ്യം പോലും അനുവദിച്ചു കൊടുക്കാറില്ല. അങ്ങിനെയുള്ള സംഭവങ്ങൾ ചിരപ്രസിദ്ധങ്ങളാകയാൽ അവ ഇവിടെ ഉദ്ധരിക്കുന്നില്ലെന്നേയുള്ളു.

# കവിയുടെ നാകം

(വിദ്വാൻ, ടി. സി. യോഹന്നാൻ)

(നതോന്നത)

പട്ടണപ്പുറംപ്രാസാദത്തിൽ ചിട്ടെഴുംപൂമച്ചിനുള്ളിൽ
പട്ടാംബരമേലാപ്പണി മണിത്തളത്തിൽ
കന്ദർപ്പദർപ്പാങ്കുരകല്പൂൺപുപോലനല്പകാന്തി-
കന്ദളമൂറിത്തുവഴും കമനീയുമായ്
നിരന്തരം ശൃംഗാരനിഗമപ്പൊരുളുരുക്കഴി-
ച്ചിരിക്കയാണിന്നും കവി വികാരമൂഢൻ.
ആരാലോകനംചെയ്തില്ലേനോരോലോകമിന്നോളവു-
മീശ്ലോലമാനസനാകും കലാകോവിദൻ,
പൂവല്ലിത്താൻപൂജനീയപുണ്യപൂഞ്ചത്തിടമ്പു,
പൂവലംഗിപുലരിപ്പൂമടന്തതാനും (തൻ
പക്ഷമില്ല പറന്നെങ്ങും ചരിക്കുവാൻ ഭാവനപ്പൂ-
മക്ഷികയ്ക്കുമണിത്തളംമഹീതരംഗം.
കവിതയാം കമനിതൻ കുളിക്കളമതാചുരമ
മവികലം വിരാജിപ്പൂ വിമലദേശം.
ക്ഷണിപ്പതുണ്ടലം കനിവിയലുംഭ്രസവിത്രിയാം
ക്ഷണങ്ങൾ കാവ്യകലാവിശാരദനെ
ചിന്തനസ്സുമധുവേകാനവരോ പൂവമ്പനെത്താ-
നന്തികത്തിൽ കാത്തുപണിയുന്നമന്ദമോദം
ചുഴലവുമായിരങ്ങളുഴലാംതീക്കുഴിയിൽ വീ-
ണുഴന്നുഴറ്റെരിഞ്ഞിട്ടന്നനാഥാലംബർ
കടിഞ്ഞൂൽവാൻകാറ്റിൽപ്പൂടിച്ചപോലുമില്ല ചുരണ്ടേറി-
കാടുകൾവാനിടമില്ലില്ലിട്ടുണിയും
കരുണയ്ക്കുപ്പൂട്ടിണിപ്പൂഴ കോമരങ്ങൾ പഴതെന്നേ
കരളംവീണ്ടുദമിച്ചിട്ടും കദനാരവം
കാമനീയകക്കടലിന്നലച്ചാർത്തിൽ കുളിപ്പന്താൾ
കാവ്യകുഞ്ജത്തിൻകരൾക്കാമ്പിൽ കടപ്പീലേതും
അഭിരാമനിലയനഭിവ്യന്ദത്തിൽ നാരകീയ
വിപഞ്ചിക വിരച്ചിപ്പൂ വിരളവിത്തർ
അവരെയെമ്മട്ടുകനിഞ്ഞഭിവീക്ഷിച്ചിട്ടും കവി
ഭുവനംവിൻപുരമെന്നു കരുതിടുവോൻ.
വറുതിതൻവദനത്തിലകപ്പെട്ടു വലയുന്നി
തറുതിയെന്നിയേ ചിരംമനുജലോകം
വിശപ്പിന്റെ നിശിതമാംവിഷപ്പല്ലുതറച്ചേററം
വിവശമായ് വിറ്റൊലമായ് ച്ചമഞ്ഞലോകം
അടിഞ്ഞടിഞ്ഞമരവേ കാവ്യ, ഭവനനംഗൻ തന്നടിമലരിണപണിഞ്ഞൊതുങ്ങുകയോ.
കടന്നേറിപ്പിടിയിട്ടു കിടന്നുപോയ് ജഗത്-
കാരംക്കാമ്പിൽനിരയക്കോളരികിന്നും (അതിന്റെ
ഇടറെഴുംതുവനാകവുംപോലുമടിയുലഞ്ഞുലഞ്ഞു
ഞാടിത്താഴെവീഴാൻ കാലമടുത്തുപോയി.

---


# വിജ്ഞാനവീഥി

## ഒന്നും രണ്ടും ഭാഗങ്ങൾ.

വിജ്ഞാനപ്രദങ്ങളായ പല വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന കൃതികൾ. വില വളരെ കുറച്ചിരിക്കുന്നു.

ഒററപ്രതിക്കു ൪ ണ. മാത്രം.

മാനേജർ,
മഹിളാമണി ബുക്കുഡിപ്പോ
തിരുവല്ലാ.

ചെറുകഥ.

# അവളുടെ അവസാനകടം.

(ഇംഗ്ലീഷിൽനിന്നു്) പരിഭാഷകൻ—കെ. ജി.

രാത്രി അസമയമായി. സോമശേഖരൻ തന്റെ പത്രകാര്യാലയത്തിൽ ഒരു ചാരുകസാലയിൽ കിടക്കുകയാണു്. മറ്റു ജോലിക്കാരെല്ലാവരും ശാലവിട്ടുകഴിഞ്ഞിരുന്നു. ആഫീസു പൂട്ടി പോകുന്നതിനായി അദ്ദേഹം തിടുക്കംകൂട്ടി. അപ്പോൾ കതകിൽ ആരോ മുട്ടുന്ന ശബ്ദം കേട്ടു. "അകത്തു വരൂ" എന്നു് അയാൾ വിചാരശൂന്യനായി പറഞ്ഞു. ആകെ നനഞ്ഞുകുഴഞ്ഞ ഒരു ബാലിക ആ മുറിയിൽ കടന്നുവന്നു. അവൾ ചോദിച്ചു "സർ, നിങ്ങളാണോ സോമശേഖരൻ" ഉവ്വ്?".

"പങ്കജം നിങ്ങളെ കാണാൻ ആഗ്രഹിക്കുന്നു."

..................................................

ആ പേരു്—അതേ പങ്കജം എന്ന ആ മധുരനാമം ഒരു കാലത്തു് അയാൾക്കു് സുപരിചിതമായിരുന്നു. എങ്കിലും മനസ്സിൽ മറഞ്ഞ ആ നാമം ഓർക്കുന്നതിനു് അയാൾ ആവുന്നതും ശ്രമിച്ചു. അയാൾ തന്റെ സവാരി വടിയും എടുത്തു് ആ കുട്ടിയെ അനുഗമിച്ചു. വഴിയിൽവെച്ചു് അവളെപ്പററി ഓർക്കുകയായിരുന്നു. അതേ അയാൾക്കു് ഇന്നു കിട്ടി. 'ഒരു സുന്ദരിയായ പെൺകുട്ടി എന്റെ അയൽവാസി—അനന്തപുരത്തു വസിച്ചിരുന്നപ്പോഴത്തെ എന്റെ പരിചിത. അവളെ ഞാൻ എന്നാണു് അവസാനമായി കണ്ടതു്? ഹാ! ഞാൻ ഓർക്കുന്നു. ഒരു രാമപ്പണിക്കരുടെ വിവാഹത്തിനു് ഞാൻ—തോഴൻ—അവൾ—തോഴി—ഞങ്ങൾ ആ നവദമ്പതിമാരെ അനുനയിച്ചു. ആ ദിനം ഞാൻ ഓർക്കുന്നു...

ഇപ്രകാരമുള്ള പൂർവ്വസ്മരണകൾ അയാളുടെ ഉൾക്കളത്തിൽക്കൂടി മിന്നൽവേഗത്തിൽ പാഞ്ഞുപോയി. അവളുടെ ആകർഷണീയമായ മുഖം; തിരമാല കണക്കേ ചലിച്ചുകൊണ്ടിരിക്കുന്ന കടാക്ഷവീക്ഷണം; ആഡംബരരഹിതമായ വസ്ത്രധാരണം; സകലത്തിലും ഉപരിയായി മണിനിനാദംപോലുള്ള അവളുടെ സംസാരം—ഇവയെല്ലാം അയാൾ ഒരു ചലച്ചിത്രത്തിലെന്നവണ്ണം തെളിവായി കാണുന്നതായി തോന്നി.

..................................................

ആ പെൺകുട്ടിയും അയാളുംകൂടി ആൾത്തിര നീക്കിനീക്കി തപ്പിത്തടഞ്ഞു് ഒരു കെട്ടിടത്തിന്റെ ഉള്ളിൽ കടന്നു. ഒരു കതകു തുറന്നു് ആ പെൺകുട്ടി "അതാ പങ്കജം" എന്നു പറഞ്ഞു് അവിടെനിന്നു പൊയ്ക്കളഞ്ഞു. അണയാൻപോകുന്ന ഒരു ദീപം അവിടെ ഉണ്ടായിരുന്നു. അതിന്റെ സഹായത്താൽ ആഴെഴിഞ്ഞ മുറിയുടെ ഒരു കോണിൽ ഒരു സ്ത്രീ ഉടയാടയാൽ ശരീരം മൂടി ചുരുണ്ടുകിടന്നു ഞരങ്ങുന്നതു കണ്ടു. അയാൾ അടുത്തുചെന്നു. വിളറിയ മുഖം എങ്കിലും ചൈതന്യപൂർണ്ണമായ രണ്ടു കമലയനയനങ്ങൾ നിരാശാഗർത്തത്തിൽനിന്നു് എത്തിനോക്കുന്നതുപോലെ അയാൾക്കു തോന്നി. അവളുടെ കണ്ണുകൾ ഇപ്പോഴും ചൈതന്യപൂർണ്ണമാണു്. അവളുടെ സൗന്ദര്യത്തിനു് ഒരു കുറവുമില്ല. അവൾക്കു് അതു മാത്രമേ ഈ ലോകത്തിൽ സൗന്ദര്യത്തിന്റെ മാനദണ്ഡമായി ശേഷിച്ചിട്ടുള്ളു. അവൾ ചത്തുകൊണ്ടിരിക്കുന്നതായിരുന്നു. അയാൾ അവളെ ഇമവെട്ടാതെ നോക്കിക്കൊണ്ടു നിന്നു.

സോമശേഖരൻ വിളിച്ചു "പങ്കജം"

"ഹാ! സോമശേഖരാ" അവൾ ഏതോ പറയാൻ മുതിർന്നു. എന്തു ചെയ്യാം, നാവു ശക്തിയില്ലാതെ കുഴഞ്ഞു. അവൾ കിടക്കയിലേക്കു തന്നെ വീണു. സംസാരിക്കാൻ മുതിരുംതോറും അവളുടെ വിഷമം കഠിനതരമായിതീർന്നു.

..................................................

ഒരു എട്ടുണാഴിക—അവളെ ഏല്പിച്ചിട്ടു് "രാവിലെ കാണാം" എന്നു പറഞ്ഞു് സോമശേഖരൻ അവിടെനിന്നു യാത്രയായി. ആ രാത്രിയിൽ അവളെപ്പററി കൂടുതലായി ഒന്നും ഗ്രഹിക്കാൻ സാധിച്ചില്ല.

അടുത്തദിവസം അതിരാവിലെ സോമൻശേഖരൻ ഗോവണിപ്പടി കയറി വരുമ്പോൾ "അവൾ മരിച്ചുപോയി" എന്നു തലേദിനം കണ്ട പെൺകുട്ടി അറിയിച്ചു. അയാൾ അകത്തു ചെന്നപ്പോൾ അതു വാസ്തവമെന്നു മനസ്സിലായി. അതേ—ആ ദീപം അണഞ്ഞുപോയി. അവളുടെ മുഖത്തു് ഒരു തേജസ്സു കളിയാടുന്നുണ്ടായിരുന്നു. ചെറുപ്പകാലത്തിലെ സൗഭാഗ്യം വീണ്ടും വന്നാലെന്നതുപോലെ അവൾ അതി സുന്ദരിയായി കാണപ്പെട്ടു. സൗന്ദര്യത്തിന്റെ ഏകധാമമായിരുന്ന ആ കണ്ണുകൾ എന്നെന്നേക്കുമായി അടഞ്ഞിരുന്നു.

ജീവിതം ഭാരമായി തോന്നിയ ഒരു പെൺകുട്ടിയായിരുന്നു അവൾ. അവളുടെ സകല രീതികളും ഒരു വിശേഷത്തിലായിരുന്നു. ഇത്രയും വസ്തുകൾ അയൽവാസികളിൽനിന്നും അയാൾ ഗ്രഹിച്ചു. പൊതുശ്മശാനത്തിൽ അവളെ സംസ്കരിച്ചു. ഒരു വൃദ്ധ സ്വല്പം ദൂരെ മാറിനിന്നു് ചാറിക്കൊണ്ടിരുന്ന മഴപോലും വകവയ്ക്കാതെ ഈ സംരംഭങ്ങളെല്ലാം സൂക്ഷിക്കയായിരുന്നു. ആളുകൾ പിരിഞ്ഞു. ആ വൃദ്ധ സോമശേഖരനെ അടുക്കൽവിളിച്ചു ചോദിച്ചു. "നിങ്ങൾ ആ സ്ത്രീയെ അറിയുമോ?

അയാൾ പറഞ്ഞു "ഞങ്ങൾ ബാല്യത്തിൽ ചങ്ങാതികളായിരുന്നു."

ആ വൃദ്ധയുടെ കണ്ണുകൾ നിറഞ്ഞു. അവൾ ഗദ്ഗദസമന്വിതം ഇപ്രകാരം പറഞ്ഞു:—"ഞാൻ ഇവിടെ അടുത്തു് ഒരു ചെറിയ കച്ചവടം നടത്തിക്കൊണ്ടിരിക്കയാണു്. പങ്കജം എന്റെ പതിവുകാരിയായിരുന്നു. എനിക്കു തരാനുള്ളതു് അവൾ കൃത്യമായി തന്നുകൊണ്ടിരുന്നു. എന്നാൽ ഏകദേശം ഒരു മാസത്തോളമായി അവളെ കാണാതായിട്ടു്. അവൾ മരിച്ചു. പാവം എന്നപോലും ഞാൻ സംശയിച്ചു. എനിക്കു് അവൾ ഒരു എട്ടണ ...പ്പെട്ടിരുന്നു."

അടഞ്ഞ ... വീണുകൊണ്ടിരുന്ന
നീർകണങ്ങൾ വസ്ത്രാഞ്ചല...
ച്ചു് അവൾ തൊണ്ട ഇട...
തുടന്നു. "അവൾ മരി...
ഷ്ടിച്ചു് അവളുടെ ...
മണിക്കൂർ മുൻപു്...
എന്നെ വിളിച്ചു...
യപ്പോൾ "ഇതെ...
ന്നു ശാന്തസ്വര...
ഞ്ഞിട്ടു് പ...
പോകുന്നതാ...
ക്ഷീണിച്ചു്...
ന്നു. ഹാ അവ...
തേങ്ങി തേങ്ങി...

## ഗ്രന്ഥവിഹാരം.

### സുധാലഹരി.

ഗ്രന്ഥകത്താവു്, വിദ്വാൻ,
ജോസഫ്, മുകളയിൽ, കൈപ്പുഴ.

മഹാരാജമംഗളം, ഭക്തന്റെ ചിന്താഗതി, കുഞ്ഞുങ്ങൾ, ഉൽഗതി, പുലർകാലം, കടം, അസൂയയോടു്, വാത്സല്യവാർദ്ധിയിൽ, പരസ്പരസഹായസംഘം, ക്ഷമിക്കുക-ഇങ്ങനെ പത്തു വിഷയങ്ങൾ ആശ്രയിച്ചുള്ള കവിതയാണു് ഈ പുസ്തകത്തിലെ ഉള്ളടക്കം. കവിതയ്ക്കായി തിരഞ്ഞെടുക്കുന്ന വിഷയത്തോടു കവിയുടെ ജീവിതത്തിനു്; അനിഷേധ്യമായ ഒരു ഉത്തരവാദിത്വമുണ്ടായിരിക്കണമെന്നാണു് ഞങ്ങൾക്കു് ആദ്യമായി പറയാനുള്ളതു്. പരസ്പരസഹായസംഘത്തിൽ ചേന്നാലുള്ള ഗുണങ്ങൾ മനസ്സിലാക്കാം. എന്നാൽ ഇതു സംബന്ധിച്ചു കവിതകളുണ്ടാകുന്നതാണു മനസ്സിലാകാത്തതു്. പ്രകടമായ കത്തവ്യോപദേശസംരംഭമോ; തത്വപ്രസംഗഭാരമോ ആണു കവിതയുടെ ഉദ്ദേശമെങ്കിൽ അരച്ചക്രമോ മറ്റൊ വിലയുള്ള നീതിസാരത്തേക്കാൾ വലിയ സാഹിത്യഗ്രന്ഥം കാണുമായിരുന്നില്ല. പ്രകൃതിയുടെ മുഖത്തു നോക്കിനിന്നപ്പോൾ വികാരപരവശനായിത്തീന്ന കവി ജീവിതത്തിന്റെ രക്തത്തിൽ തൂലിക മുക്കി കുറിച്ചുവച്ച വാചകങ്ങൾ എന്താണെന്നാണു കാവ്യപാരായണ സന്നദ്ധതയിൽ നിന്നു് അനുവാചകനു മനസ്സിലാകേണ്ടതു്. സുധാലഹരിയിലെ ചില കവിതകൾ, സാഹിത്യക്ഷേത്രസന്നിധിയിൽ ഒരു രോഗിയേപ്പോലെ കിടന്നു ഞരങ്ങി മൂളുന്നു എന്നു പറയുമ്പോൾ ഞങ്ങൾ നിഷ്പക്ഷമായി നിന്നു ഒരു പരമാത്ഥം ഉച്ചരിക്കമാത്രമാണു ചെയ്യുക. എന്നാൽ ഉൽകൃഷ്ടമായ കാവ്യമാധുയ്യം സുധാലഹരിയിൽ പലേടത്തും അനുഭവമാകുന്നുമുണ്ടു്.

കവിയുടെ കരുത്തു് നല്ലവണ്ണം പ്രകാശിച്ചിട്ടുള്ള ഒരു കവിതയാണു മഹാരാജമംഗളം. ഭംഗിയുള്ള ശ്ലോകങ്ങളാണു് ഇതിൽ അധികവും. 'ചാടുന്നു ബാലവൃന്ദംസുര..........' സ്രഗ്ദ്ധരയിലുള്ള
...ശ്ലോകങ്ങളിലും മററും ഇത്തരം പിശകുകൾ
...നിരത്തുകാരൻ ഉണ്ടാക്കാം. എന്നാൽ 'ദൈ
...നായ് വരാമോ സുരവരതരുവോ' കുറെഴും
...ന്' ഇത്തരം ഉല്ലേഖങ്ങളിൽ' ദൈവ
...പ്രസക്തി സുരവരതരുവിനു വന്നുചേ
...വി തന്നെ ഏൾക്കേണ്ടതായി വരു
...വിഷ്ണു ശക്രൻഗണപതി ശിവ
...ലും' വിരലുടൻ മൂക്കിൽ
...ൗ ഇരുപ്പ് ഭംഗിയുള്ള
...ഴി കാണുന്നില്ല. ഇങ്ങ
...തിൽ ഓരോ നാമത്തി
...ദ്ധിച്ചു മുമ്പോട്ടു പോ
...ധാരണ പാഠമാണു്.
...വിഷ്ണുവിനുണ്ടു്. എ
...തി' ശക്രനും ഗണ

...യാഗീതം' കുതു
...മീസ്സുമാളും. ഇ
...കാരണാകാര്യങ്ങളും
...ാണിക്കുന്നു.

## പുഞ്ചിരി.

### കണ്ണും കരളും കുളപ്പിക്കുന്നു.

മോട്ടോർകാർ ഓടിച്ചുകൊണ്ടിരിക്കവെ ഉറങ്ങിപ്പോയ ഭത്താവിനോടു് ഭായ്യ വിളിച്ചുപറഞ്ഞു:—"അതാ! മൈൽക്കുററി അതിവേഗത്തിൽ നമ്മുടെ നേരെ പാഞ്ഞു വരുന്നു."

ഭത്താ—പുറകിൽനിന്നോ മുൻപിൽനിന്നോ?

* * * * *

ഏ—"ഞാനും ഏതാനും കൂട്ടുകാരും കൂടി ഇന്നലെ രാത്രിയിൽ സിനിമാ കാണാൻ പോയിരുന്നു. രാത്രിയിൽ ഒരു കള്ളൻ കണ്ണാടിജനൽ തകത്തു് അകത്തു കയറി.

ബി—അയാൾക്കു വല്ല അടിയോ ഇടിയോ കിട്ടിയോ?

ഏ—നിശ്ചയമായും കിട്ടിയിരിക്കണം. ഞാനാണെന്നായിരുന്നു ഭായ്യ വിചാരിച്ചതു്.

* * * * *

രാത്രിയിൽ താമസിച്ചുവന്ന ഡ്റൈവരോടു ഭായ്യ—"നിങ്ങൾ എന്താണിത്ര താമസിച്ചതു്.

ഭത്താ—കാർ ഒരു കുപ്പിയുടെ പുറത്തു കയറി, അതു പൊട്ടി ടയാർ പഞ്ചറായി.

ഭായ്യ—കുപ്പി കാണാൻ പാടില്ലായിരുന്നോ.

ഭത്താ—അതാ യാത്രക്കാരന്റെ പോക്കററിലായിരുന്നു.

* * * * *

ഹജ്ജിക്കാരൻ—അങ്ങുന്നേ മോഷണം പോയെന്നു പറഞ്ഞ എന്റെ മോതിരം പെട്ടിയിൽ കിടന്നു കിട്ടി.

ഇൻസ്പെക്ടർ—ഇനി അതു പറഞ്ഞിട്ടു കായ്യമില്ല. കള്ളനെ ഞങ്ങൾ ഇന്നലെ അറസ്റ്റു ചെയ്തു കഴിഞ്ഞു.

—)*(—

'കഞ്ജാക്ഷികണ്ടനവകാമുകനെന്നപോലെ'
'മല്ലാക്ഷിമൃത്തുളവ്യദിച്ചൊരു കുട്ടിപോലെ'

അലങ്കാരകാര്യങ്ങളിൽ കവിയുടെ ശ്രദ്ധക്കുറവിനെ സൂചിപ്പിക്കുന്നതിനാണു് ഈ വരികൾ ഉദ്ധരിക്കുന്നതു്. കഞ്ജാക്ഷിമാർ കാമുകന്മാരോടുകൂടി അങ്ങനെയിരിക്കുകയാണെന്നും' പുതിയ കാമുകനെ കാണുമ്പോൾ പഴയ കാമുകനെ ഉപേക്ഷിച്ചു അവർ ആ പുതു മണാളനിൽ ലയിക്കുന്നു എന്നുമാണു് ആദ്യത്തെ ഉപമയിൽ നിന്നു വായനക്കാക്കു തോന്നുവാനിടയുള്ളതു്.

'മല്ലാക്ഷിമൃത്തുളവ്യദിച്ചൊരു കുട്ടിപോലെ'

എന്ന അലങ്കാരം ശ്രദ്ധിക്കുമ്പോൾ-'കൊല്ലനറിഞ്ഞില്ല-കൊല്ലത്തിയറിഞ്ഞില്ലതിത്തിത്തൈതെ എന്നൊരു കൊച്ചരിവാൾ'-എന്ന ഗാനഭാഗമാണു ഓർമ്മയിൽ പെടുക.

'ചല്ലക്കിടാവൊരു പരീക്ഷ ജയിച്ചപോലെ
മെല്ലെപ്പരസ്പരസഹായസുസംഘമെത്തി'

ഇത്തരം ഉപമകളിലെ സ്വാരസ്യത്തെപ്പററി ഗ്രന്ഥകത്താവു തന്നെ സാവധാനം ചിന്തിക്കുകയാണു ഉചിതം. ഭക്തന്റെ ചിന്താഗതിയിൽ ഈശ്വരന്റെവൈഭവ പ്രതിപാദനത്തിനായി കവി വളരെയധികം ശ്രമിച്ചു കാണുന്നു. ഇതിൽ ബുദ്ധിഹീനനു ബുദ്ധിയും വിവേകവും നൾകുന്നതും, ദുഷ്ടബുദ്ധിക്കു സദ്വിവേകം കൊടുക്കുന്നതും, പിച്ചക്കാരനെ മാത്രകൊണ്ടാദരിച്ചു പ്രാസാദമേററി സുഖിപ്പിക്കുന്നതും മനസ്സിലാക്കാം. എന്നാൽ വൻധനികനെ താഴ്ത്തി ക്ഷണം കൊണ്ടു നിദ്ധനമൗലിയാക്കിത്തിണ്ടാടിക്കുന്നതും; പണ്ഡിതശ്രേഷ്ഠനെ വെറും മൂഢനും, ദൈന്യനും മഹാനിന്ദ്യനുമാക്കിത്താഴ്ത്തുന്നതുമായ ഈശ്വരന്റെ പ്രതികാരബുദ്ധി ചിന്താശീലന്മാക്കു മനസ്സിലാക്കുവാൻ വിഷമമുണ്ടാകും.

പുസ്തകം മനോഹരമായ ബയന്റോടുകൂടി, നല്ല കടലാസ്സിൽ, ഭംഗിയായി അച്ചടിപ്പിക്കുക എന്ന സ്വഭാവത്തിൽ നിന്നു പ്രായേണ മലയാളഭാഷയിലെ ഗ്രന്ഥകാരന്മാരും, പ്രസാധകന്മാരും ഒഴിഞ്ഞു മാറി നിൽക്കുന്നതുകൊണ്ടു അക്കാര്യത്തിൽ സുധാലഹരിക്കു പ്രത്യേകമായി കുററം ചുമത്തിക്കാണിക്കുന്നില്ല.

മി: ജോസഫ് മുകളയിൽ മതാത്മകങ്ങളായ ചില മാസികകളിലും പത്രങ്ങളിലും വളരെ മുമ്പുമുതൽ എഴുതിത്തുടങ്ങിയ ഒരാളാണെന്നു് അറിയുന്നു. സുധാലഹരി കൂടാതെ ഒട്ടുവളരെ കൃതികൾ അദ്ദേഹത്തിന്റെ സാഹിത്യപേടകത്തിൽ സസുഖം വിശ്രമിക്കുന്നതായി അദ്ദേഹം സമ്മതിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സാഹിത്യപേടകത്തിൽ വിശ്രമിക്കുന്ന കൃതികൾ സഹൃദയലോകത്തിനു ആനന്ദകാരണങ്ങളെങ്കിൽ യഥാകാലം പൊതുജനസമക്ഷം ആവിർഭവിച്ചുകൊള്ളട്ടെയെന്നു ഞങ്ങൾ ആശംസിക്കുന്നു. കവിതാരചനയിൽ തഴക്കം സിദ്ധിച്ച ഒരു തൂലികസുധാലഹരിയിൽക്കൂടി ഞങ്ങൾ മിസ്റ്റർ ജോസഫിൽ കാണുന്നുണ്ടു്. സൗന്ദര്യസമ്പൂണ്ണവും സാവ്ജനീനവുമായ കവിതാഭാഗങ്ങൾ പ്രത്യേകം തിരഞ്ഞെടുത്തു് പരിശ്രമം തുടരുന്ന പക്ഷം ഇദ്ദേഹത്തിന്റെ വിജയത്തെ സംബന്ധിച്ചു ഞങ്ങൾക്കു സംശയമില്ല. ഇദ്ദേഹം ഒട്ടുവളരെ സൽകൃതികളുടെ ആവിഷ്കരണത്തിനു ശക്തനായിത്തീരട്ടെയെന്നു ഞങ്ങൾ ഹൃദയംഗമം പ്രാത്ഥിക്കുന്നു.

ഈ പുസ്തകം ഗ്രന്ഥകത്താവിനോടു ആവശ്യപ്പെട്ടാൽ 5 ചക്രംവിലക്കു് കിട്ടുന്നതാണു്.

(V. A. V.)

# ഡാക്ടർ എ. ഗോപാലപിള്ള

## എൽ. ഐ. എം. (മദ്രാസ്സ്)

### ഫിസിഷൻ & സർജ്ജൻ തൊടുപുഴ-തിരുവിതാംകൂർ.

# സ്ത്രീകളുടെ മഹാഭാഗ്യം!!

## സിദ്ധഗർഭാമൃതം.



ഗർഭപാത്രസംബന്ധമായ രോഗങ്ങളാലും (Uterine diseases) ആർത്തവസംബന്ധമായ ക്രമക്കേടുകളാലും ദുരന്തദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കു് ഒരു വലിയ അനുഗ്രഹം! എല്ലാവിധരക്തക്ഷയത്തിലും രക്തസ്രാവത്തിലും All forms of Haemorrhrges & bloodlessness വിശേഷിച്ചു ഗർഭിണികളെ പ്രസവത്തിനു മുൻപും പിൻപും ബാധിക്കാറുള്ള രക്തക്ഷയം, പാണ്ഡു, വിളർച്ച് Bloodlessness & anaemic conditions വിഷമജ്വരം, രക്തസ്രാവം, യോനിസ്രാവം; ഇവയ്ക്കും പററിയ സിദ്ധൗഷധമാകുന്നു. അത്യാർത്തവം, വേദനയോടുകൂടിയ ആർത്തവം, രക്തപിത്തം, മുതലായവയിൽ അത്യന്തം ഫലപ്രദം ഋതുകാലം സമീപിച്ചിരിക്കുന്നതും രക്തപ്രസാദം തീരെ ഇല്ലാതിരിക്കുന്നതുമായ പെൺകുട്ടികൾക്കു ഓജസ്സും ആർത്തവശുദ്ധിയും ഉണ്ടാക്കുന്നതിനു മററു ഔഷധങ്ങൾ തേടി പോകേണ്ടതില്ല. സ്ത്രീപുരുഷഭേദമെന്യേ ഉപയോഗിക്കാവുന്ന ഈ ദിവ്യൗഷധം അനേകം പച്ചമരുന്നുകളും അമൂല്യമൂലികളും ഉരുക്കുഭസ്മവും പ്രത്യേകരീതിയിൽ തയ്യാർചെയ്തു ചേർത്തു പാകപ്പെടുത്തിയിരിക്കുന്നു.

൧൬ ഔൺസു കുപ്പി ൧-ക്കു് വില ൨ രൂ.  ൪ ഔൺസു കുപ്പി ൧-ക്കു് വില ൨ രൂ. ൧൨ ണ.

N. B. ഈ സിദ്ധഗർഭാമൃതം ൬ മാസക്കാലത്തേക്കു യഥാക്രമം കുപ്പി ൧-ക്കു് ൪-൦ ൭-൦ അണ വീതം കുറച്ചു വിൽക്കപ്പെടും.

കുട്ടികളുടെ ആരോഗ്യം!  മാതാവിൻെറ സൌഭാഗ്യം!!

## കരപ്പൻ ഗുളിക.

ഇതു കൈകണ്ട സിദ്ധൌഷധമാണെന്നു ഉറപ്പുതരുന്നു!

തീക്കരപ്പൻ, കുഴിക്കരപ്പൻ, തുടങ്ങിയ ൧൮ തരം കരപ്പനും തത്സംബന്ധമായ അജീർണ്ണം, ഛർദ്ദി, പനി, നീരു്, ചൊറി, ചിരങ്ങു്, മലമൂത്രതടസ്സം മുതലായവയ്ക്കും ഒരു ദിവ്യൗഷധം. കൂടാതെ ബാലപീഡ, ബാലഗ്രഹണി, ശൂല മുതലായ ബാല്യകാലത്തിലെ മിക്കരോഗങ്ങളേയും ശമിപ്പിച്ചു ഈ ഗുളിക പൂർണ്ണസുഖത്തെ കൊടുക്കുന്നു. അരുചിയില്ലാത്തതും ജീരകവെള്ളത്തിലോ, ശുദ്ധജലത്തിലോ, മോരിലോ ഈ ഗുളിക സേവിക്കാവുന്നതുമാണു്.

൨൫ ഗുളിക അടങ്ങിയ കുപ്പി ൧-ക്കു് ൮ ണ.  ൫൦ ഗുളിക അടങ്ങിയ കുപ്പി ൧-ക്കു് ൧൪ ണ.

ഒരു കുപ്പി!  ഒരു വൈദ്യൻ!!

## സിദ്ധതൈലം.

എല്ലാവിധ മുറിവുകളും കരപ്പനും അർശസ്സും സംബന്ധിച്ചുള്ള ചൊറി ചിരങ്ങുകളും പുഴക്കടി കുഴിനഖം നീർക്കെട്ടു് ചെവിപ്പൊട്ടു് മുതലായതുകളും വ്രണം, പൊള്ളൽ, പലവിധ ശരീരവേദന എന്നിതുകളും ഈ തൈലം നിശ്ശേഷം മാററുന്നു.

൧ ഔൺസുകുപ്പി ൧ക്കു് ൬ ണ.  ൪ ഔൺസുകുപ്പി ൧-ക്കു് ൧ രൂ. ൪ ണ.

മേല്പറഞ്ഞ ഔഷധങ്ങൾ ഡാക്ടറന്മാർ, വക്കീലന്മാർ തുടങ്ങിയ പല മഹതീമഹാന്മാരുടേയും വിലയേറിയ സർട്ടിഫിക്കററു ലഭിച്ചിട്ടുള്ളതാകുന്നു.

കൂടാതെ എല്ലാവിധ ആയുർവ്വേദ ഔഷധങ്ങളും മിതമായ വിലയ്ക്കു ഇവിടെ വിൽക്കാനുണ്ടു്. മൊത്തക്കച്ചവടക്കാർക്കും ഏജൻറന്മാർക്കും കമ്മീഷൻ കൊടുക്കുന്നതാണു്.

ബൃഹൽ കസ്തൂര്യാദിഗുളിക ഡസൻ ൧-ക്കു് ൧ രൂ. ൧൨ ണ. കസ്തൂര്യാദിഗുളിക ഡസൻ ൧-ക്കു് ൧൪ ണ.

**ഒരിക്കൽ പരീക്ഷിക്കുവിൻ!!**

# THE BHASHAPOSHINI, TIRUVALLA.

**THE OLDEST AND THE MOST WIDELY CIRCULATED**

**ILLUSTRATED MONTHLY ON THE WEST COAST.**




സൗന്ദര്യസമ്പന്ന താനെന്നഭാവമീ
സന്നതഗാത്രയെദ്ദുർഭഗയാക്കുന്നുവോ?



അന്യോന്യമിങ്ങനെ "കോക്രി" കാണിപ്പതു
നന്നല്ല നാടകവേദിയിൽ പോലുമേ.


Printed and Published by K. C. Itty at the Bhagyodayam Press, Pulikeezh, Thiruvalla.